# താമരമൊട്ടുകൾ

വാല്യം 25 | ജനുവരി 2023 | ലക്കം 01 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme


## January 2023

| | | |
|---|---|---|
| 01 | 06.30 | Venappara |
| | 09.30 | Kattippara |
| | 12.30 | Devagiri |
| | 14.30 | Kakkayam |
| | 16.45 | Koodathai |
| 02 | 10.00 | Puthuppady |
| | 18.00 | Devagiri |
| 03 | 09.00 | Perambra |
| | 12.00 | Kunduthode |
| | 15.00 | Chembanoda |
| 04 | 06.30 | Koodaranji |
| | 09.15 | Thiruvambady |
| 05 | 11.00 | Poothampara |
| | 16.00 | Korangadu |
| 06-14 | | Synod |
| 15 | 10.00 | Nilamur |
| 16-17 | | Trivandrum |
| 18 | 10.00 | Thottumukkam |
| 19-20 | | Kannur |
| 21 | 09.15 | Pasukadavu |
| | 16.00 | Chippilithode |
| 22 | 06.30 | Kalkundu |
| | 10.00 | Vettilappara |
| 23 | 10.30 | Chembukadavu |
| 24 | 06.30 | Pullanjimedu |
| | 17.30 | Kunnamangalam |
| | 19.00 | PMOC |
| 26 | 11.00 | Paroppady |
| | 17.00 | Kannoth |
| | 18.00 | Vezhupur |
| 27 | 06.30 | Chembanoda |
| 29 | 09.30 | Kallanode |
| | 16.00 | Thamarassery |
| 30-31 | | Kunnoth |

വാല്യം 25 താമരമൊട്ടുകൾ ജനുവരി 2023 ലക്കം 01

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



**താമരമൊട്ടിന്റെ വായനക്കാർക്കെല്ലാം**

**പുതുവത്സര ആശംസകൾ**

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 04 |
| 2. | പ്രോഗ്രാം ജനുവരി 2023 | 07 |
| 3. | സർക്കുലർ | 08 |
| 4. | ഇടയലേഖനം 01/2023 | 12 |
| 5. | സർക്കുലർ | 16 |
| 6. | സർക്കുലർ | 19 |
| 7. | ലോകസമാധാനദിന സന്ദേശം | 23 |
| 8. | കച്ചേരിക്കാര്യം | 29 |
| 9. | വൈദിക സമിതി സമ്മേളന റിപ്പോർട്ട് | 32 |
| 10. | പാസ്റ്ററൽ കൗൺസിൽ സമ്മേളന റിപ്പോർട്ട് | 37 |
| 11. | വിശ്വാസപരിശീലനം | 41 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 45 |
| 13. | ലിറ്റർജി കമ്മീഷൻ | 47 |
| 14. | സെമിനാരി വാർത്തകൾ | 48 |
| 15. | വിദ്യാഭ്യാസരംഗം | 50 |
| 16. | സ്റ്റാർട്ട് | 52 |
| 17. | ആൽഫ മരിയ അക്കാദമി | 53 |
| 18. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 54 |
| 19. | അൽഫോൻസ കോളേജ് | 56 |
| 20. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 58 |
| 21. | ഇൻഫാം | 58 |
| 22. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 61 |
| 23. | കത്തോലിക്കാ കോൺഗ്രസ് | 63 |
| 24. | ക്രിസ്റ്റീൻ മിനിസ്ട്രി | 65 |
| 25. | കരിസ്മാറ്റിക് മൂവ്മെന്റ് | 66 |
| 26. | ബഥാനിയ ധ്യാനകേന്ദ്രം | 68 |
| 27. | വികസനവേദി | 70 |
| 28. | യേശുനിധി | 76 |
| 29. | അജപാലനക്കുറിപ്പുകൾ | 77 |






# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Alunkal Augustine | January | 1 |
| Karikunnel Antony | ,, | 4 |
| Kulathinkal Mathew | ,, | 6 |
| Purayidathil Sebastian | ,, | 8 |
| Pattasseril Sebastian | ,, | 10 |
| Poothakuzhy Joseph | ,, | 10 |
| Pullolickal Mathew | ,, | 12 |
| Keelath Joseph | ,, | 13 |
| Kollamparambil Mathew | ,, | 18 |
| Naduvathettu Francis | ,, | 19 |
| Mukala Kuriakose | ,, | 20 |
| Moolayil John | ,, | 22 |
| Pootharmannil Peter | ,, | 30 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kochukaipayil Kuriakose | January | 3 |
| Mukala Kuriakose | ,, | 3 |
| Palakeel Kuriakose | ,, | 3 |
| Puthenveettil Kuriakose | ,, | 3 |
| Cheeramattathil Sebastian | ,, | 20 |
| Embrayil (Sr.) Sebastian | ,, | 20 |
| Embrayil (Jr.) Sebastian | ,, | 20 |
| Chembukandathil Sebastian | ,, | 20 |
| Karackattu Sebastian | ,, | 20 |
| Karackal Sebastian | ,, | 20 |
| Kavalakatt Sebastian | ,, | 20 |
| Muringayil Sebastian | ,, | 20 |
| Panamattamparambil Sebastian | ,, | 20 |
| Parathottathil Sebastian | ,, | 20 |
| Pattasseril Sebastian | ,, | 20 |
| Pookulam Sebastian | ,, | 20 |
| Pulickal Sebastian | ,, | 20 |
| Purayidathil Sebastian | ,, | 20 |
| Puthiyaparambil Sebastian | ,, | 20 |
| Vadakkel Sebastian | ,, | 20 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജനുവരി 2023

| | | |
|---|---|---|
| 01 | ഞായർ | വർഷാരംഭം, കർത്താവിന്റെ നാമകരണത്തിരുനാൾ |
| 03 | ചൊവ്വ | വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ |
| 06 | വെള്ളി | ദനഹാത്തിരുനാൾ |
| 13 | വെള്ളി | വി. യോഹന്നാൻ മാംദാന |
| 14 | ശനി | വി. ദേവസഹായം |
| 20 | വെള്ളി | വി. പത്രോസ് - വി. പൗലോസ് ശ്ലീഹന്മാർ,<br>വി. സെബസ്ത്യാനോസിന്റെ തിരുനാൾ |
| 21 | ശനി | **ചരമദിനം: ഫാ. ജോസഫ് മൈലാടൂർ (2016)** |
| 24 | ചൊവ്വ | വി. ഫ്രാൻസിസ് ദി സാലസ് |
| 26 | വ്യാഴം | വി. തിമോത്തേയോസും വി. തീത്തോസും,<br>ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| 27 | വെള്ളി | വിശുദ്ധ സുവിശേഷകന്മാർ |
| 28 | ശനി | വി. തോമസ് അക്വീനാസ് |
| 30 | തിങ്കൾ | മൂന്ന് നോമ്പ് ആരംഭം, ലോകസമാധാനദിനം |
| 31 | ചൊവ്വ | വി. ജോൺ ബോസ്കോ |

Prot. No. 1212/2022

# സർക്കുലർ

## സീറോമലബാർ പ്രേഷിതവാരാചരണം 2023

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോ ലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുമെഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

കഴിഞ്ഞ ഏതാനും വർഷങ്ങളായി ദനഹാതിരുനാളായ ജനുവരി ആറാം തിയതി മുതലുള്ള ഒരാഴ്ചക്കാലം സീറോമല ബാർസഭയിൽ പ്രേഷിതവാരമായി ആചരിച്ചുവരികയാണ്. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിത വാരാചരണത്തിന്റെ ആപ്തവാക്യം. മാമോദീസ സ്വീകരിച്ച നാമെല്ലാവരും പ്രേഷിതപ്രവർത്തനങ്ങളിൽ എർപ്പെടേണ്ടതിന്റെ ആവശ്യകതയും പ്രത്യേകമായി മിഷൻരംഗങ്ങളിലുള്ള പ്രേഷിത പ്രവർത്തനങ്ങളെ അറിയുകയും പിൻതുണയ്ക്കുകയും ചെയ്യാനുള്ള നമ്മുടെ കടമയും ഓർമപ്പെടുത്തുകയെന്നതാണ് ഈ വാരാചരണത്തിന്റെ ലക്ഷ്യം. ഭാരതം മുഴുവനിലും പ്രേഷിത പ്രവർത്തനത്തിനുള്ള അവസരം സീറോമലബാർസഭയ്ക്കു ലഭിച്ചതിലൂടെ സഭാമക്കളായ നാമോരുരുത്തരുടെയും പ്രേഷിത പരമായ ഉത്തരവാദിത്വം വർധിച്ചിരിക്കുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

'സുവിശേഷമാകുവാനും സുവിശേഷമേകുവാനും' വിളിക്കപ്പെട്ടവരാണു നാമോരോരുത്തരും. സുവിശേഷത്തിന്റെ സാരസംഗ്രഹമായി ഈശോ ഇപ്രകാരം പഠിപ്പിക്കുന്നു: "എന്റെ സന്തോഷം നിങ്ങളിലായിരിക്കാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും വേണ്ടി ഇവ ഞാൻ പറയുന്നു" (യോഹ. 15:11). സത്തയിൽ സ്നേഹവും സഹവാസവും സന്തോഷവുമായിരിക്കുന്ന ദൈവ ത്തിലേക്ക് എല്ലാവരെയും ആകർഷിക്കുകയെന്നതാണ് പ്രേഷിത പ്രവർത്തനം. ഈ ദൗത്യനിർവഹണത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകും. ""എന്നെപ്രതി നിങ്ങൾ അധിക്ഷേപി ക്കുകയും പീഡിപ്പിക്കുകയും ചെയ്യപ്പെടുമ്പോൾ, നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ" (മത്താ. 5 :12) എന്ന് ഈശോ പറഞ്ഞതു നമുക്കുള്ള മുന്നറിയിപ്പാണ്. സുവിശേഷത്തിനുവേണ്ടി തടവുകാരനായതിൽ അഭിമാനിച്ച പൗലോസ് ശ്ലീഹ ഇപ്രകാരം പറയുന്നു: ""നിങ്ങൾ എപ്പോഴും കർത്താവിൽ

സന്തോഷിക്കുവിൻ, ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ" (ഫിലി. 4:4). ഈശോയുടെ മാതൃകയെ അനുകരിച്ച് സന്തോഷചിത്തരാ കുന്നതും നമ്മുടെ സന്തോഷം മറ്റുള്ളവരുമായി സ്നേഹപൂർവം പങ്കുവെയ്ക്കുന്നതും പ്രേഷിതധർമത്തിന്റെ ഭാഗമാണ്.

'സുവിശേഷത്തിന്റെ ആനന്ദം' എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ മാർപാപ്പ ഒരുപടികൂടി മുന്നോട്ടുപോകുന്നു. സന്തോഷ ത്തിന്റെ സംവാഹകരാകുക എന്നതിനെക്കാൾ നമ്മിൽനിന്നു മറ്റുള്ളവരിലേക്കു സ്വാഭാവികമായി പ്രസരിക്കത്ത ക്കവിധം നിറഞ്ഞൊഴുകുന്ന സവിശേഷമായ ആനന്ദത്തി നുടമകളാകാനുള്ള ആഹ്വാനമാണ് മാർപാപ്പ നടത്തുന്നത്. "സുവിശേഷത്തിന്റെ ആനന്ദം യേശുവിനെ അഭിമുഖീകരിക്കുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതത്തിലും കരകവി ഞ്ഞൊഴുകുന്നു" (നമ്പർ 1) എന്ന ആമുഖത്തോടെയാണ് ഈ അപ്പസ്തോലിക പ്രബോധനം മാർപാപ്പ ആരംഭിക്കുന്നത്. പരിശുദ്ധ പിതാവു മുന്നോട്ടുവയ്ക്കുന്നത് പ്രേഷിതശൈലി യിലുള്ള ഒരു അജപാലനശുശ്രൂഷയാണ്. "എല്ലായ്പ്പോഴും ഞങ്ങൾ ഇങ്ങനെയാണിതു ചെയ്തിരുന്നത് എന്നുപറയുന്ന അലംഭാവ ത്തോടുകൂടിയ മനോഭാവം ഉപേക്ഷിക്കാനാണ് പ്രേഷിതപ്രാധാന്യ മുള്ള അജപാലനശുശ്രൂഷ ആഗ്രഹിക്കുന്നത്" (നമ്പർ 33) എന്ന വാക്കുകളിലൂടെ പ്രേഷിത പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കേണ്ട നവീകരണത്തിന്റെയും സമീപനങ്ങളുടെ പുനർനിർവചനത്തിന്റെയും ആവശ്യകത ചൂണ്ടി ക്കാണിക്കുന്നു.

വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്ന സമറിയാക്കാരി സ്ത്രീയുടെ പ്രേഷിതചൈതന്യം നമുക്കു മാതൃകയാണ്. ജീവിതഭാരങ്ങളും ദുഃഖങ്ങളും അപമാനങ്ങളും പേറിയുള്ള അവളുടെ ജീവിതത്തിലേയ്ക്കാണു കിണറ്റിൻകരയിൽ വച്ച് ഈശോ കടന്നുവരുന്നത്. നസ്രത്തിൽനിന്നുള്ള ആ യഹൂദനിൽ രക്ഷകനെ ദർശിച്ച സമറിയക്കാരി സുവിശേഷത്തിന്റെ പ്രചാരകയായി മാറുന്നത് അവൾ ഹൃദയത്തിൽ അനുഭവിച്ച സ്വാതന്ത്ര്യ ത്തിന്റെയും സന്തോഷത്തിന്റെയും പിൻബലത്തിലാണ്. തന്റെ കഴിഞ്ഞകാല ജീവിതത്തെകുറിച്ചു വ്യക്തമായി അറിയാ വുന്ന സ്വന്തം സമൂഹത്തിലേയ്ക്കാണ് അവൾ കിണറ്റിൻകരയിൽ നിന്ന് ഓടുന്നത്. അത് അവളുടെ ആദ്യ പ്രേഷിതയാത്രയാണ്. സ്വന്തം ബലഹീനതയെ അംഗീകരിക്കുകയും അതിനെ മിശിഹാ യുടെ സാന്നിധ്യത്തിന്റെ ശക്തിയാൽ അതിജീവിക്കുകയുംചെയ്ത സമറിയാക്കാരി ദൈവരാജ്യത്തിന്റെ സജീവപ്രേഷിതയായി മാറുന്നു. "നമ്മുടെ പോരായ്മകൾ വകവയ്ക്കാതെ തന്റെ സാമിപ്യ വും തന്റെ വചനവും തന്റെ ശക്തിയും നമുക്കു പ്രദാനം ചെയ്യുകയും നമ്മുടെ ജീവിതങ്ങൾക്ക് അർത്ഥം നൽകുകയും ചെയ്യുന്ന കർത്താവിന്റെ രക്ഷാകരസ്നേഹത്തിന്റെ സ്പഷ്ടമായ സാക്ഷ്യം മറ്റുള്ളവർക്കു നൽകാൻ നാമെല്ലാവരും വിളിക്കപ്പെ ടുന്നു" (നമ്പർ 121) എന്ന ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ സമറിയക്കാരി യുടെ

ജീവിതാനുഭവവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ പരിമിതികളും പോരായ്മകളും ബലഹീനതകളും പ്രേഷിത പ്രവർത്തനത്തിനു തടസ്സമാകാതെ എവിടെയും എല്ലായ്പ്പോഴും സുവിശേഷം പങ്കുവയ്ക്കാൻ നമുക്കു സാധിക്കണം.

സഭയിലെ പ്രേഷിതപ്രവർത്തനങ്ങളുടെ സാമൂഹ്യവും സഭാപര വുമായ തലങ്ങളെക്കുറിച്ചു 2022 ലെ പ്രേഷിതദിന സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ വ്യക്തത നൽകുന്നുണ്ട്. "സഭയിലും സഭയുടെ നിർദേശത്താലും ജ്ഞാന സ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ആകയാൽ എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കു ന്നത്; ഓരോരുത്തരും തന്റേതായ രീതിയിലല്ല; അതു സഭാസമൂഹ വുമായുള്ള കൂട്ടായ്മയിലാണ് ചെയ്യുന്നത്; ഒരു വ്യക്തിയും സ്വന്തം താൽപര്യത്തിലല്ല," എന്നു മാർപാപ്പ പ്രബോധിപ്പിക്കുന്നു. ചില പ്രത്യേക സാഹചര്യത്തിൽ ഒരാൾ വ്യക്തിപരമായി പ്രേഷിത പ്രവർത്തനത്തി ലേർപ്പെടുമ്പോഴും സഭയുമായുള്ള കൂട്ടായ്മയി ലാണ് അതു ചെയ്യേണ്ടതെന്നും പരിശുദ്ധ പിതാവ് ഓർമിപ്പി ക്കുന്നു. സാർവത്രിക സഭയോടു ചേർന്നു സീറോമലബാർസഭയും പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഒരു വ്യക്തി സഭയെന്നനിലയിൽ നമ്മുടെ സാധ്യതകളും കടമകളും പ്രവർ ത്തനമേഖലകളും കണക്കിലെടുക്കണം. ആദ്യമിഷനറിയായ മാർ തോമാ ശ്ലീഹായുടെയും പിന്നീടു വന്ന തീക്ഷ്ണമതികളായ മിഷനറിമാരുടെയും പ്രവർത്തനങ്ങളാൽ വളർന്നതാണു നമ്മുടെ സഭ. കാലക്രമത്തിൽ ലോകം മുഴുവനിലേയ്ക്കും പ്രേഷിതതീക്ഷണതയുള്ള വൈദികരെയും സമർപ്പി തരെയും അയക്കുന്ന പ്രേഷിതദൗത്യം സീറോമലബാർ സഭ നിർവഹിച്ചു കൊണ്ടിരിക്കുന്നു. സഭയുടെ ഈ പ്രേഷിതരെയോർത്തു ദൈവത്തിനു നന്ദി പറയാം.

ഭാരതത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ഈശോയുടെ സുവിശേഷത്തിന്റെ വിമോചനവും ആനന്ദവും പങ്കുവച്ചുകൊണ്ടു ശുശ്രൂഷചെയ്യുന്ന നമ്മുടെ സഭയിലെ പ്രേഷിതരെ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. സുവിശേഷ പ്രഘോഷണത്തിലൂടെയും അഗതിസംരക്ഷണത്തിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളി ലൂടെയും പ്രേഷിതശുശ്രൂഷചെയ്യുന്ന വൈദികരെയും സമർപ്പി തരെയും അല്മായസഹോദരങ്ങളെയും സാധിക്കുന്നവിധത്തിൽ സഹായി ക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു കടമയുണ്ട്. തിരക്കേറിയ ജീവിതസാഹചര്യങ്ങളിൽ നേരിട്ടുള്ള സുവിശേഷ പ്രവർത്തന ത്തിനായി സമയം കണ്ടെത്താൻ എല്ലാവർ ക്കും സാധിച്ചെന്നുവരില്ല. എന്നാൽ വെല്ലുവിളി നിറഞ്ഞ പ്രേഷിത സാഹചര്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരെ ഹൃദയത്തിൽ ചേർത്തുനിർത്തുന്നതിലൂടെ നമ്മൾ ചെയ്യുന്നതും പ്രേഷിത പ്രവർത്തനമാണ് എന്ന തിരിച്ചറിവിൽ മിഷനെ അറിയാനും മിഷനെ സഹായിക്കാനും നമുക്കു പരിശ്രമിക്കാം. കേരളത്തിലുള്ള 13 രൂപതകളും കേരളത്തിനുപുറത്തു ഭാരതത്തിന്റെ വിവിധഭാഗങ്ങ ളിലുള്ള 18 രൂപതകളും ഭാരതത്തിനുപുറത്തുള്ള

നാലു രൂപതകളും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനും ഗൾഫിലും മറ്റു സ്ഥലങ്ങളിലുമുള്ള സീറോമലബാർ സമൂഹങ്ങളുമെല്ലാം സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുകാരാകുകയും സഹായം കൂടുതൽ ആവശ്യമുള്ളവരെ പിൻതുണയ്ക്കുകയും ചെയ്യുന്നുണ്ട് എന്നതു സന്തോഷകരമായ വസ്തുതയാണ്.

പ്രിയപ്പെട്ടവരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാതൃക അനുകരിച്ച് ഈശോ നാഥനും കർത്താവുമാണെന്നു ലോകത്തോടു പ്രഘോഷിക്കാനും കാരുണ്യപ്രവർത്തന ങ്ങളിലൂടെ അവിടുത്തെ അനുകമ്പാർദ്രമായ സ്നേഹം എല്ലാവരുമായി പങ്കുവയ്ക്കാനും ഈ വർഷത്തെ പ്രേഷിതവാരാചരണം നമുക്കു പ്രചോദനം നൽകട്ടെ. ലോകം മുഴുവനിലുമുള്ള നമ്മുടെ പ്രേഷിതർക്കുവേണ്ടി പ്രാർഥിക്കാം. സഭയുടെ മിഷൻപ്രവർത്ത നങ്ങളെ സാധിക്കുന്ന വിധത്തിലെല്ലാം സഹായിക്കുന്നതോടൊപ്പം മിഷൻമേഖലകളിലെ ശുശ്രൂഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും പങ്കുചേരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി കരുതണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തെ മിഷൻ വാരാചരണം അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവത്ക്കരണത്തിനുള്ള കമ്മീഷന്റെ യും മിഷൻ കാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോട് ഉദാരമായി സഹകരിക്കണമെന്നു അഭ്യർഥിക്കുന്നു. ''യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും'' (മത്താ. 28:20) എന്ന ഈശോ യുടെ വാഗ്ദാനം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പ്രചോദ നവും ആത്മധൈര്യവും മാർഗദർശനവും നൽകട്ടെ.

എല്ലാവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2022 ഡിസംബർ 18-ാം തിയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

1. 2023 ജനുവരി ഒന്നാം തിയതി ഞായറഴ്ച വി. കുർബാനമധ്യേ സീറോമലബാർസഭയിലെ എല്ലാ ഇടവകകളിലും സ്ഥാപന ങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.
2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2023 ഫെബ്രുവരി 28ന് മുമ്പായി എത്തിക്കേണ്ടതാണ്.

*ഇടയലേഖനം 01/2023*

# ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ തന്റെ രൂപതയിലെ വൈദികർക്കും, സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനുമായി എഴുതുന്നത്.

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

പുതുവർഷത്തിന്റെ എല്ലാ നന്മകളും പ്രാർത്ഥനകളും ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. 2026 മലബാർ കുടിയേറ്റത്തിന്റെ നൂറാം വാർഷികവും താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ 40-ാം വാർഷികവുമാണ്. ദൈവപരിപാലനയുടെ ശക്തമായ ചരിത്രമാണ് മലബാർ കുടിയേറ്റ ജനതയ്ക്ക് എന്നും ഓർമ്മിക്കുവാനുള്ളത്. ഐതിഹാസികമായ മലബാർ കുടിയേറ്റത്തിന്റെ ദീപ്തസ്മരണകൾ അയവിറക്കുന്നതിനും നമ്മുടെ പൂർവ്വപിതാക്കന്മാർ നമുക്ക് നല്കിയ ത്യാഗോജ്ജ്വലമായ ജീവിതസാക്ഷ്യത്തിന് ദൈവത്തിന് നന്ദിപറയുന്നതിനും നാം ഒരുങ്ങേണ്ടതുണ്ട്. 103-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നതുപോലെ “അവിടുന്ന് നല്കിയ അനുഗ്രഹമൊന്നും മറക്കരുത്” (സങ്കീർത്തനം 103:2).

ഓരോ ജനതയും അതിന്റെ ചരിത്രത്തിലൂടെയാണ് ജീവിക്കുന്നത്. 1953 ഡിസംബർ 31 ന് തലശ്ശേരി രൂപതയുടെ സ്ഥാപനവും പ്രഥമ മെത്രാനായി അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ നിയമനവും മലബാറിന്റെ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ എഴുതിച്ചേർക്കപ്പെട്ട മഹാസംഭവങ്ങളാണ്. കഠിനാധ്വാനത്തിലും വിശ്വാസ തീക്ഷ്ണതയിലും നമ്മെ നയിച്ച് കുടിയേറ്റ ജനതയുടെ പിതാവും മലബാറിന്റെ മോശയുമായി മാറിയ നമ്മുടെ പ്രിയപ്പെട്ട വള്ളോപ്പിള്ളി പിതാവ് കുടിയേറ്റ ജനതയ്ക്കുവേണ്ടി ദൈവം നിയോഗിച്ച ചരിത്ര പുരുഷനായിരുന്നു എന്നതിൽ സംശയമില്ല.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ശതകങ്ങളിൽ കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളിൽ നിന്ന് മലബാറിന്റെ അവികസിത മേഖലയിലേയ്ക്ക് കടന്നുവന്ന നമ്മുടെ പിതാമഹന്മാരുടെ അചഞ്ചലമായ ദൈവവിശ്വാസവും കഠിനാധ്വാനവും, കൂട്ടായ്മയും നമുക്കെന്നും പ്രചോദനവും മാതൃകയുമാണ്. ജീവിതത്തിന്റെ സൗകര്യങ്ങളെല്ലാം അവഗണിച്ച് മണ്ണിനോട് പടവെട്ടി മണ്ണിൽ പൊന്നുവിളയിച്ച നമ്മുടെ പൂർവ്വികർ മലബാറിൽ കാർഷിക മേഖലയുടെ സർവ്വതോന്മുഖമായ മുന്നേറ്റത്തിന് വലിയ സംഭാവനകളാണ് നല്കിയത്. വിശ്വാസ ജീവിതസാക്ഷ്യത്തിലൂടെ കെട്ടുറപ്പുള്ള കുടുംബങ്ങൾ പടുത്തുയർത്തുന്നതിന് അവർക്ക് സാധിച്ചിരുന്നു. വിശ്വാസ പൈതൃകത്തെ വരുംതലമുറയ്ക്ക് കൈമാറുവാനുള്ള അവരുടെ കരുതലും ആർജ്ജവത്വവും വിലമതിക്കാനാവാത്തതാണ്. ആത്മീയ ജീവിതത്തെ ഒരു അമൂല്യനിധിയായി കാണുവാൻ അവർക്ക് കഴിഞ്ഞിരുന്നു.

സ്വന്തമായ ദൈവാലയങ്ങളോ വൈദികരോ ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ ദൈവജനത്തിന്റെ ആവശ്യങ്ങളിൽ അവരോട് ചേർന്നു നിന്നത് മലബാറിലെ കത്തോലിക്കാ സഭയുടെ അമ്മ എന്നു വിശേഷിപ്പിക്കാവുന്ന കോഴിക്കോട് രൂപതയാണ്. കോഴിക്കോട് രൂപതയിലെ അഭിവന്ദ്യ പിതാക്കന്മാരും, വൈദികരും ഈശോസഭാ മിഷണറിമാരും സി.എം.ഐ. വൈദികരും നിസ്തുലമായ സേവനമാണ് കുടിയേറ്റജനതയ്ക്ക് നല്കിയിരുന്നത് എന്നത് കടപ്പാടോടുകൂടി നാം അനുസ്മരിക്കേണ്ടതുണ്ട്. അഭിവന്ദ്യ ആൽദോ മരിയ പത്രോണി പിതാവ് കാണിച്ച പരിഗണനയും ഔദാര്യവും ഒരിക്കലും മറക്കാനാവില്ല. 1950 ൽ എഴുപതിനായിരത്തിലേറെ സുറിയാനി കത്തോലിക്കർ മലബാർ മേഖലയിൽ ഉണ്ട് എന്ന് ബന്ധപ്പെട്ട അധികാരികളെ ഔദ്യോഗികമായി അറിയിച്ച് അവർക്കുവേണ്ടി ഒരു രൂപതയുടെ സാധ്യതയ്ക്ക് തുടക്കമിട്ടത് പത്രോണി പിതാവായിരുന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. പിന്നീട് കാർഡിനൽ യൂജിൻ ടിസ്സറാങ് തിരുമേനി മലബാർ സന്ദർശിച്ചതും കുടിയേറ്റക്കാരുടെ സാഹചര്യങ്ങൾ നേരിട്ടു മനസ്സിലാക്കി റിപ്പോർട്ട് നല്കിയതും തലശ്ശേരി രൂപതയുടെ സ്ഥാപനത്തിന് കാരണമായി.

1986 ൽ തലശ്ശേരി അതിരൂപത വിഭജിച്ച് നമ്മുടെ രൂപത സ്ഥാപിതമായപ്പോഴേക്കും കുടിയേറ്റത്തിന്റെ ബാലാരിഷ്ടതകൾ പിന്നിട്ടിരുന്നു. എങ്കിലും, അഭിവന്ദ്യരായ മങ്കുഴിക്കരി പിതാവിന്റെയും തൂങ്കുഴി പിതാവിന്റെയും ചിറ്റിലപ്പിള്ളി പിതാവിന്റെയും നേതൃത്വത്തിലൂടെ അറുപത് ഇടവകകളും ഇരുപതിനായിരത്തോളം വരുന്ന കുടുംബങ്ങളും ഉണ്ടായിരുന്ന താമരശ്ശേരി രൂപത ഇന്ന്, 11 ഫൊറോനകളിലും 119 ഇടവകകളിലുമായി ഇരുപത്തെണ്ണായിരം കുടുംബങ്ങളും, ഒരുലക്ഷത്തി മുപ്പതിനായിരം വിശ്വാസികളും ഉള്ള രൂപതയായി വളർന്നിരിക്കുന്നു. 210 രൂപതാ വൈദികരും 85 ഓളം സന്ന്യാസ വൈദികരും, 1500 സമർപ്പിതരും ഇന്ന് നമ്മുടെ രൂപതയിൽ അജപാലന ശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുണ്ട്. ദൈവം തന്റെ ജനത്തെ ഇന്നും കരുതുന്നു എന്നതിന്റെ നേർസാക്ഷ്യമാണ് നമ്മുടെ രൂപതയുടെ കൂട്ടായ്മയും വളർച്ചയും സ്നേഹചൈതന്യവും.

കഴിഞ്ഞ കാലങ്ങളിൽ ദൈവം അളവില്ലാതെ നമ്മുടെ സമൂഹത്തിനു നല്കിയ വലിയ ദാനങ്ങളെ കൃതജ്ഞതയോടെ അനുസ്മരിക്കാനും നമ്മുടെ പൂർവ്വികർ പകർന്നുതന്ന വിശ്വാസതീക്ഷ്ണതയും സഭാസ്നേഹവും കഠിനാധ്വാനവും കൂട്ടായ്മയും പരിപോഷിപ്പിച്ച് ഒരു സ്നേഹസമൂഹമായി വളരുന്നതിനുള്ള അവസരമായി വേണം ഈ ജൂബിലിയെ നാം കാണുവാൻ. കുടിയേറ്റ ചരിത്രം കൂട്ടായ്മയുടെ ഒരു വീരോചിതമായ ചരിത്രസാക്ഷ്യമാണ്. ദൈവത്തോടും സഭയോടും ചേർന്നുനിന്നു പടുത്തുയർത്തിയ വിശ്വാസ പൈതൃകമാണത്. സഭാപ്രസംഗകൻ 4:12 ൽ പറയുന്നതുപോലെ "ഒറ്റയ്ക്കായിരിക്കുന്നവനെ കീഴ്പ്പെടുത്താൻ സാധിച്ചേക്കാം. രണ്ടുപേരാണെങ്കിൽ ചെറുക്കാൻ കഴിയും. മുപ്പിരിച്ചരട് വേഗം പൊട്ടുകയില്ല". സമുദായം ഒറ്റക്കെട്ടായി നേടിയെടുത്ത ചരിത്ര നേട്ടങ്ങൾ നമ്മുടെ ഓർമ്മയിലുണ്ടാകണം.

1958 ൽ കമ്യൂണിസ്റ്റ് മന്ത്രിസഭ ജോസഫ് മുണ്ടശ്ശേരിയിലൂടെ കൊണ്ടുവരുവാൻ ശ്രമിച്ച വിദ്യാഭ്യാസ നയത്തിനെതിരെ ഒരുമിച്ച് പോരാടുവാൻ നമ്മുടെ പിതാമഹന്മാർ മുമ്പിലുണ്ടായിരുന്നു. കുടിയേറ്റ കർഷകരെ കൊട്ടിയൂരിൽ നിന്നും കുടിയിറക്കാനുള്ള സർക്കാർ തീരുമാനത്തിനെതിരെ ഒറ്റക്കെട്ടായി ചെറുത്തുനിന്നപ്പോൾ നയങ്ങളിൽ മാറ്റം വരുത്തുവാൻ സർക്കാർ തയ്യാറായി. 1970 ൽ ജനകീയ പ്രക്ഷോഭത്തെ തുടർന്ന് ഉപേക്ഷിച്ച കാക്കടവ് പദ്ധതിയെക്കുറിച്ച് പഴയ തലമുറയ്ക്ക് ഓർത്തെടുക്കാൻ കഴിയുമെന്ന് കരുതുന്നു. കണ്ണൂർ ജില്ലയിലെ കുടിയേറ്റ ഗ്രാമങ്ങളെ മുഴുവൻ വെള്ളത്തിനടിയിലാക്കുന്ന കാക്കടവ് ഡാമിന്റെ നിർമ്മാണം ആരംഭിക്കാതിരുന്നതും കുടിയേറ്റ ജനതയുടെ കൂട്ടായ്മയുടെ വിജയമായിരുന്നു. മലപ്പുറം ജില്ലയിൽ മരിയാപുരം-മാലാപറമ്പ് കേന്ദ്രമാക്കി ഇൻഡസ്ട്രിയൽ സോൺ വരുന്നതുമായി ബന്ധപ്പെട്ട് ഉയർന്ന ജനകീയ പ്രക്ഷോഭമാണ് അനേക കുടുംബങ്ങളെ വഴിയാധാരമാക്കുന്ന പദ്ധതി ഉപേക്ഷിക്കുവാൻ കാരണമായത്. ഇപ്രകാരം സഭയേയും സമുദായത്തേയും, നാടിനേയും ജീവനേയും കൃഷിയിടങ്ങളെയും പ്രതികൂലമായി ബാധിച്ചിരുന്ന എല്ലാ പ്രശ്നങ്ങളെയും ഒരുമിച്ച് നിന്ന് നേരിട്ട് വിജയം വരിച്ചതിന്റെ ചരിത്രമാണ് കുടിയേറ്റ ജനതയ്ക്കുള്ളത്. ഇന്നത്തെ നമ്മുടെ മെച്ചപ്പെട്ട ജീവിതാനുഭവങ്ങളിൽ അതിജീവനത്തിന്റെ ചരിത്രങ്ങൾ നാം ഒരിക്കലും മറന്നുകൂടാ.

ഇന്നും സമാനമായ പ്രതിസന്ധികൾ നമ്മുടെ മുമ്പിലുണ്ട്. കൃഷിയിടങ്ങളെ വനഭൂമിയാക്കി മാറ്റുവനുള്ള ചിലരുടെ നിഗൂഢമായ പരിശ്രമം നാം കണ്ടില്ലെന്ന് നടിക്കരുത്. ഗൂഡല്ലൂർ പോലെയുള്ള സ്ഥലങ്ങളിൽ ബഫർസോണിന്റെ പരിണിതഫലങ്ങൾ അവർ ഇപ്പോൾ അനുഭവിക്കുകയാണ്. നിശബ്ദമായ കുടിയിറക്കലിന് കർഷകരെ വിട്ടുകൊടുക്കുവാൻ ഒരു ശക്തിയേയും നാം അനുവദിച്ചുകൂടാ.ഒരുമിച്ച് നിന്നാൽ ഏത് പ്രതിസന്ധികളെയും തരണം ചെയ്യുവാൻ നമുക്ക് കഴിയുമെന്നതിന് ചരിത്രം തന്നെയാണ് സാക്ഷി.

മതമൗലിക വാദികൾ നമ്മുടെ കുഞ്ഞുങ്ങളുടെ ഇടയിൽ നുഴഞ്ഞുകയറുന്നത് ജാഗ്രതയോടെ നാം കാണേണ്ടതുണ്ട്. പ്രണയക്കുരുക്കിൽപ്പെടുത്തി വിധ്വംസക പ്രവർത്തനങ്ങളിലേക്ക് നമ്മുടെ യുവജനങ്ങളെ വഴിതെറ്റിക്കുന്ന അന്ധകാര ശക്തികൾക്കെതിരെ ജാഗ്രതപുലർത്തുവാൻ നമുക്ക് കഴിയണം. മദ്യത്തിനും മയക്കുമരുന്നിനും അടിമകളാക്കി തലമുറകളുടെ നാശം ആഗ്രഹിക്കുന്ന ശക്തികളേയും നാം തിരിച്ചറിയേണ്ടതുണ്ട്. വിദേശത്തേക്കുള്ള യുവതലമുറയുടെ കുടിയേറ്റത്തെ നാം കരുതലോടെ വിലയിരുത്തണം.

ജൂബിലി ആഘോഷം ഇന്നലകളെക്കുറിച്ച് ഓർമ്മിക്കുവാനുള്ള സമയമാണ്. ഇന്നിന്റെ നമ്മുടെ പ്രവർത്തനങ്ങളെ വിലയിരുത്തി ഭാവിയെ ഭാസുരമാക്കുവാനുള്ള ഒരുക്കമാണത്. ലേവ്യരുടെ പുസ്തകത്തിൽ 50-ാം വർഷത്തെ ജൂബിലിയെക്കുറിച്ച് സൂചനയുണ്ട്. “ഓരോരുത്തർക്കും തങ്ങളുടെ സ്വത്ത് തിരികെ ലഭിക്കണം. ഓരോരുത്തരും തങ്ങളുടെ കുടുംബത്തിലേക്ക് മടങ്ങിപ്പോകണം. ജൂബിലി വർഷത്തിൽ ഓരോരുത്തരും തങ്ങളുടെ അവകാശസ്ഥലത്തേക്ക് തിരികെ പോകണം” (ലേവ്യ. 25:10-13). മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിയിലും

നമ്മുടെ രൂപതയുടെ ജൂബിലി ആഘോഷ വേളയിലും ഈ വചനം പ്രധാന പ്പെട്ടതാണ്. ഏറ്റവും വലിയ സമ്പത്തായ ആത്മീയ-വിശ്വാസപൈതൃകത്തെ തിരി കെപ്പിടിക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. സഭയോട് ചേർന്ന് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും സഭയുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കുചേരു വാനും നമുക്ക് സാധിക്കണം.

ഒരു നൂറ്റാണ്ട് പിന്നിടുന്ന മലബാർ കുടിയേറ്റവും രൂപത സ്ഥാപനത്തിന്റെ റൂബി ജൂബിലിയും സംയുക്തമായി ആചരിക്കുമ്പോൾ 2022 ൽ ആരംഭിച്ച് 2025 ൽ പൂർത്തിയാകുന്ന കേരള കത്തോലിക്കാ സഭ പ്രഖ്യാപിച്ച നവീകരണ വർഷ ത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാ പ്പ ആഹ്വാനം ചെയ്ത സഭ കൂട്ടായ്മയുടേതാണ് എന്ന് ഓർമ്മിപ്പിക്കുന്ന സിനഡ് ഓൺ സിനാഡിലിറ്റിയുടെ പശ്ചാത്തലത്തിൽ കൂട്ടായ്മയുടെയും പങ്കാളിത്ത ത്തിന്റെയും പ്രേഷിത ദൗത്യത്തിന്റെയും അരൂപിയിൽ വളരുവാൻ റൂബിജൂബിലി നമ്മെ സഹായിക്കും. ആഘോഷങ്ങളേക്കാളുപരി ഒരു സജീവ സഭാസമൂഹമാ കുവാനുള്ള അവസരമാക്കി നമുക്ക് ഇതിനെ മാറ്റാം.

അതുകൊണ്ട്, 2026 ജൂബിലി ആഘോഷങ്ങൾക്കായി നമുക്ക് നന്നായി ഒരു ങ്ങാം. 2022 നവംബറിൽ ചേർന്ന വൈദിക സമ്മേളനത്തിലും ഡിസംബർ 17 ന് ചേർന്ന പാസ്റ്ററൽ കൗൺസിലിലും ജൂബിലി ആഘോഷങ്ങളുടെ കർമ്മ പദ്ധതി കൾ ചർച്ച ചെയ്ത് വിശ്വാസം, കുടുംബം, സമുദായം, വൈദികർ- സന്യസ്തർ എന്നീ നാലു മേഖലകൾ കേന്ദ്രീകരിച്ചുള്ള കർമ്മപദ്ധതികൾക്ക് രൂപം നല്കിയി ട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾ ഞാൻ നിങ്ങളെ അറിയിക്കുന്നതാണ്. ജൂബിലി യോടനുബന്ധിച്ചുള്ള കർമ്മപദ്ധതികൾ ബഹു. വികാരിയച്ചന്മാർ അറിയിക്കുമ്പോൾ നിർലോഭമായ സഹകരണം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 'താമര ശ്ശേരി രൂപതയിൽ നാം ഒരു കുടുംബം' എന്ന ആപ്തവാക്യം മനസിൽ സൂക്ഷിച്ചുകൊണ്ട് സ്നേഹത്തിൽ വേരുപാകി അടിയുറയ്ക്കുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടാ യിരിക്കട്ടെ ഇപ്പോഴും ✠ എപ്പോഴും✠ എന്നേയ്ക്കും ✠ ആമ്മേൻ.

ഈശോയിൽ സ്നേഹപൂർവ്വം



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ ഇടയലേഖനം ജനുവരി 8-ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3818/K-5/KCBC/OL/DS

# 2023 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കാർഷികവൃത്തി ഗൗരവകരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും കർഷകനും കർഷകന്റെ സങ്കടങ്ങളും തുടർച്ചയായി അവഗണിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് കർഷകരുടെ ബുദ്ധിമുട്ടുകളിലേയ്ക്ക് ഭരണകർത്താക്കളുടെയും വിശ്വാസി സമൂഹത്തിന്റെയും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് കെസിബിസി ഇൻഫാം കമ്മീഷൻ ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. കൃഷിയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ നിലനിർത്തുകയും കാർഷിക പ്രശ്നങ്ങളിൽ കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും അവർക്കുവേണ്ടി ശബ്ദിക്കുകയും ചെയ്യുക എന്ന ലക്ഷ്യങ്ങളോടെയുമാണ് 2023 ജനുവരി 15-ാം തീയതി ഞായറാഴ്ച കർഷകരായ നമ്മുടെ സഹോദരങ്ങൾക്കായി മാറ്റിവച്ച് കൃഷിയെക്കുറിച്ച് നാം ചിന്തിക്കുന്നത്.

അതിരു കാക്കുന്ന യോദ്ധാവും കതിരു കാക്കുന്ന കർഷകനും എന്ന ചൊല്ല് നാം കേട്ടിട്ടുണ്ടല്ലോ. സൈനികനെപ്പോലെതന്നെ പ്രധാനപ്പെട്ടവനാണ് കർഷകൻ എന്നാണ് ഈ ചൊല്ലിന്റെ അർത്ഥം. കർഷകൻ സൈനികനെപ്പോലെ പ്രധാനപ്പെട്ടവനാകുന്നതിനു കാരണം കൃഷി ജീവിതമാർഗ്ഗം എന്നതിലുപരി മനുഷ്യസംസ്കാരത്തിന്റെ അടിത്തറ കൂടിയാണ് എന്നതാണ്. ലോകത്തെ എല്ലാ സംസ്കാരങ്ങളും ഉടലെടുത്തത് കൃഷിയിൽ നിന്നാണ്. കൃഷിക്കുവേണ്ടിയാണ് നദീതടങ്ങളുടെ സമീപം മനുഷ്യർ താമസിച്ചിരുന്നത്. അങ്ങനെയാണ് മഹത്തായ സിന്ധുനദീതട സംസ്കാരങ്ങൾ പോലുള്ള ലോകസംസ്കാരങ്ങൾ പിറവിയെടുത്തത്.

കേരളത്തെക്കുറിച്ച് പറഞ്ഞാൽ കൃഷിയുടെ അംശം പേരിൽത്തന്നെയുള്ള നാടാണ്. കേരവൃക്ഷങ്ങളുടെ നാടായ കേരളം എന്ന് പറയാം. ഒരു കാലത്ത് മലയാളിക്ക് കൃഷി ജീവവായു പോലെയായിരുന്നു; ക്രൈസ്തവർക്ക് പ്രത്യേകിച്ചും. കുടിയേറ്റ ചരിത്രംപോലും, ജീവിക്കാനായി കൃഷിയിടങ്ങൾ തേടി നടത്തിയ യാത്രയുടെ ചരിത്രമാണ്. ഇന്ന് നമ്മൾ കൃഷിയിൽ നിന്ന് അകന്നു പോയെങ്കിലും നമ്മൾ സുഖമായി ഭക്ഷിച്ചു ജീവിക്കുന്നത് മറ്റുള്ളവർ നമുക്കായി കൃഷി ചെയ്യുന്നതുകൊണ്ടാണെന്ന് മറന്നു പോകരുത്.

കേരളത്തിൽ കൃഷിക്ക് വ്യാപക ഇടിവ് സംഭവിച്ചു. പുതു തലമുറ കൃഷി ഏറ്റെടുക്കുന്നേയില്ല. നമ്മൾ പൂർണ്ണമായും ഉപഭോഗ സംസ്ഥാനമായി മാറിക്കൊ

ണ്ടിരിക്കുകയാണ്. അതിനനുസരിച്ച് നമ്മുടെ മൂല്യബോധങ്ങളിലും നിലപാടുകളിലും മാറ്റം വന്നു തുടങ്ങി. നെല്ലും വയലും പച്ചക്കറി തോട്ടങ്ങളും നമ്മുടെ ചുറ്റുപാടികളിൽനിന്ന് അന്യമാകുമ്പോൾ നമ്മുടെ സംസ്കാരം കൂടിയാണ് നമുക്ക് അന്യമാകുന്നത്. വാടിപ്പോയ ചെടികളെ വെള്ളവും വളവും നൽകി ഊർജ്ജസ്വലമാക്കിയെടുക്കുന്ന കർഷകൻ പഠിപ്പിക്കുന്ന വലിയ ജീവിത മൂല്യങ്ങളുണ്ട്. കാത്തിരിപ്പിന്റെയും ക്ഷമയുടെയും ദയയുടെയും വിട്ടുവീഴ്ചയുടെയുമൊക്കെ പാഠങ്ങളാവ. കുട്ടികളെ കൂടെ നിറുത്തി ഇഞ്ചി നടുകയും വാഴവയ്ക്കുകയും അയൽപക്കക്കാരോടൊത്ത് വിളവെടുക്കുകയും ചെയ്തിരുന്ന പഴയകാല മാതാപിതാക്കൾ പകർന്നുകൊടുത്ത മൂല്യങ്ങളിലാണ് നമ്മുടെ നാട് നന്മയുള്ള നാടായി നിലനിന്നത്. ആ സംസ്കാരം പാടേ ഇല്ലാതാകാതിരിക്കാൻ നമ്മൾ ജാഗ്രത പുലർത്തണം.

ഈ ഉത്തമ ബോധ്യത്തിൽ നിന്നാണ് സഭ കൃഷിയെക്കുറിച്ച് പറയുകയും കർഷകരെ ഹൃദയത്തോട് ചേർത്തു നിറുത്തുകയും അവർക്കായി ആത്മാർത്ഥമായി വാദിക്കുകയും ചെയ്യുന്നത്. നമ്മുടെ കർത്താവിന്റെ രക്ഷാകര ചരിത്രത്തിൽ കൃഷിക്കും കാർഷിക പ്രതീകങ്ങൾക്കുമുള്ള സ്ഥാനവും നാം മറന്നുകൂടാ. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ ആടുമേയ്ക്കുന്നവരും മുന്തിരികൃഷി ചെയ്യുന്നവരും ഗോതമ്പ് നടുന്നവരും മീൻപിടുത്തക്കാരുമായിരുന്നു. അതുകൊണ്ടാണ് നമ്മുടെ കർത്താവ് ദൈവരാജ്യത്തെപ്പറ്റിയുള്ള പ്രബോധനങ്ങളിൽ വയലിൽ വിതയ്ക്കപ്പെട്ട വിത്തിനെയും മുന്തിരി തോട്ടത്തെയും നല്ല ഇടയനെയും കടലിൽ എറിഞ്ഞ വലയെയും കുറിച്ചൊക്കെ പറഞ്ഞതും ഉപമയാക്കിയതും.

ശ്രേഷ്ഠവും മഹനീയവുമായ ഈ വസ്തുതകൾ നിലനിൽക്കെത്തന്നെ ഇന്ന് ഒരു സാധാരണ കർഷകൻ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നമ്മൾ അറിയുകയും കർഷകരുടെ ആവശ്യങ്ങൾക്കായി സംഘടിതമായി പ്രവർത്തിക്കുകയും വേണം. അത്യന്തം സങ്കടകരമായ സാഹചര്യങ്ങളിലൂടെയാണ് കർഷകർ കടന്നു പോകുന്നത്. ആരും ശ്രദ്ധിക്കാനില്ലാത്തവരായി മാറി കർഷകൻ. അവന്റെ സങ്കടങ്ങൾ ഒരു ഭരണാധികാരിയും ഗൗനിക്കുന്നില്ല. പ്രകൃതി ക്ഷോഭത്തിലൂടെ കൃഷിനാശം സംഭവിച്ച പല കർഷകരും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ട് വർഷങ്ങളായി കാത്തിരിക്കുകയാണ്. ഇൻഷുറൻസിന്റെയും മറ്റും പേരുപറഞ്ഞ് മുതിർന്ന പൗരന്മാരെപോലും അവഗണിക്കുകയാണ്. കൂടുതലൊന്നും തരണ്ട, ഞങ്ങളുടെ കൃഷി നശിച്ചുപോയതിന് നഷ്ടപരിഹാരമെങ്കിലും തരാമോ എന്ന് സങ്കടപ്പെട്ടു യാചിക്കുന്ന കർഷ കരുണ്ട്. എന്നാൽ കർഷകരുടെ നഷ്ടത്തെക്കുറിച്ച് ആശങ്കപ്പെടാത്തവർ വ്യവസായ ഭീമന്മാരുടെ നഷ്ടത്തെക്കുറിച്ച് വ്യാകുലപ്പെടുകയാണ്. സാധാരണക്കാരന്റെ വ്യാകുലതകളാണ് ഭരണാധികാരികളെ ആശങ്കപ്പെടുത്തേണ്ടത്. പണ്ടു കാലങ്ങളിൽ മേലാളന്മാർക്കുമുമ്പിൽ തൊഴുതുനിന്നിരുന്ന അടിയാന്മാരുടെ ഗതികേടിലായിരിക്കുന്നു നമ്മുടെ കർഷകർ. കർഷകന്റെ മക്കളുടെ വിവാഹങ്ങൾ പോലും നടക്കാതെ പോകുന്നു. ഉല്

പാദനച്ചിലവിലുണ്ടാകുന്ന വർദ്ധനവ്, കാലാവസ്ഥാമാറ്റം, വന്യജീവികളുടെ ആക്രമണം മൂലമുള്ള വിളനഷ്ടം, അപ്രതീക്ഷിത പ്രകൃതി ക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം, കുടിയേറ്റ കർഷകരെ ആക്ഷേപിക്കുന്ന നടപടികൾ, പട്ടയങ്ങളുടെ നിയമസാധുത റദ്ദാക്കൽ പോലുള്ള കടുത്ത കർഷകദ്രോഹ നടപടികൾ, വനാതിർത്തി വിട്ട് കൃഷി ഭൂമിയിലേക്ക് ബഫർസോൺ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി നിരവധി കാരണങ്ങളാൽ നമ്മുടെ കർഷകർ ഇന്ന് അസ്വസ്ഥരും ആകുലചിത്തരുമായിരിക്കുന്നു. സർക്കാരുകളുടെ സഹായമില്ലാതെ കർഷകന് അവന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനാവാത്ത സ്ഥിതിയാണുള്ളത്. കർഷകരോടുള്ള ആത്മാർത്ഥത കർഷകദിനാചരണത്തിലും അവാർഡ് ദാനങ്ങളിലും മാത്രം ഒതുക്കി നിറുത്തിയാൽ പോരാ. കർഷക പെൻഷനും കൃഷിനാശം മൂലമുള്ള നഷ്ടപരിഹാരങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണം. മുതിർന്ന കർഷകർക്ക് ഇൻഷുറൻസ് മാനദണ്ഡങ്ങൾ പോലും പരിഗണിക്കാതെ മുൻഗണന നൽകണം. സർക്കാരുകളുടെ സത്വരശ്രദ്ധ കർഷകന്റെ കാര്യത്തിലുണ്ടാകണം. കർഷക അവഗണന ജനാധിപത്യ ബോധമുള്ള സർക്കാരുകൾക്ക് ഭൂഷണമല്ല.

കർഷകന്റെ ആവശ്യങ്ങളിൽ അടിയന്തിരമായി ഇടപെടണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നതിനോടൊപ്പം കൃഷിയുടെ സംസ്കാരം അന്യംനിന്ന് പോകാതിരിക്കാൻ, എല്ലാ വീടുകളിലും അടുക്കളത്തോട്ടം ആരംഭിക്കണമെന്നും എല്ലാ കുടുംബങ്ങളോടും കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. മാറിയ കാലത്തിന്റെ വ്യഗ്രതകൾക്കിടയിൽ നമുക്ക് കൈമോശം വന്ന കുടുംബ കൃഷിയുടെ സംസ്കാരം നാം വീണ്ടെടുക്കണം. ഇത് ഭക്ഷ്യസുരക്ഷയ്ക്ക് മാത്രമല്ല നമ്മുടെ യുവതലമുറയുടെ മൂല്യബോധത്തിനു പോലും ആവശ്യമാണ്. ഡോക്ടറും എഞ്ചിനീയറും അധ്യാപകനുമൊക്കെ ഒഴിവു സമയങ്ങളിൽ കർഷകരാകണം. വീടിന്റെ പരിസരങ്ങളിൽ ഫലവൃക്ഷങ്ങളും പച്ചക്കറിതൈകളും നട്ടുപിടിപ്പിക്കണം. അങ്ങനെ നമുക്ക് കാർഷിക വൃത്തിയുടെ നന്മയെ നിലനിർത്താം.

മിശിഹായിൽ സ്നേഹപൂർവം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

---

NB: 2023 ജനുവരി 15-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

*സർക്കുലർ*

# ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുമെഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

ഭാരതസഭയുടെ തനതായ പ്രേഷിതശൈലിയിൽ പ്രവർത്തി ക്കുന്ന അല്മായ പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻലീഗ് സ്ഥാപിതമായിട്ടു 2022 ഒക്ടോബർ 3ന് 75 വർഷങ്ങൾ പൂർത്തിയായല്ലോ. മിഷനുവേണ്ടി സുകൃതജപങ്ങൾ ചൊല്ലി കാഴ്ചവച്ചുകൊണ്ടു പ്രാർത്ഥിക്കുകയും ത്യാഗങ്ങൾ സഹിക്കു കയും നന്നായി പഠിക്കുകയും ജീവിക്കുകയും അതുവഴി വേദപ്രചാരപ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്യണമെന്നും നല്ല മിഷണറി മാരാകണമെന്നും വി. അൽഫോൻസാമ്മ കുട്ടികളെ ഉപദേശിച്ചിരുന്നു. വി. അൽഫോൻസാമ്മയുടെ പ്രചോദനത്താൽ, കുഞ്ഞേട്ടൻ എന്നു വിളിക്കപ്പെട്ടിരുന്ന ശ്രീ പി. സി. എബ്രഹാം പല്ലാട്ടുകുന്നേലും ബഹു. ജോസഫ് മാലിപ്പറമ്പിലച്ചനും സമാന ചിന്താഗതികളുള്ള തങ്ങളുടെ സുഹൃത്തുക്കളുമായി തുടങ്ങിയ പ്രസ്ഥാനമാണ് ലോകത്തിന് അനവധി മിഷനറിമാരെ സംഭാവന ചെയ്ത ചെറുപുഷ്പ മിഷൻലീഗ് എന്ന അല്മായ പ്രേഷിത സംഘടന.

ആഗോള പ്രേഷിതപ്രവർത്തനങ്ങളുടെ സ്വർഗീയമധ്യസ്ഥ യായ വി. കൊച്ചുത്രേസ്യയുടെ ചരമസുവർണജൂബിലി ആഘോഷ ങ്ങളോട നുബന്ധിച്ചു ഭരണങ്ങാനത്തു നടന്ന സമ്മേളനത്തിൽ 1947 ഒക്ടോബർ 3ന് അന്നത്തെ കോട്ടയം രൂപതാമെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ പിതാവാണ് ഈ സംഘടനയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചത്. ഇളംപ്രായത്തിൽ തന്നെ ഈശോയ്ക്കുവേണ്ടി മിഷനറിയാകണമെന്നുള്ള ആഗ്രഹത്തിന്റെ വിത്തുവിതയ്ക്കാൻ ചെറുപുഷ്പ മിഷൻലീഗിനു കഴിഞ്ഞു എന്നതു പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആദ്യകുർബാന സ്വീകരിക്കുന്ന വർഷംതന്നെ ചെറുപുഷ്പ മിഷൻലീഗിൽ അംഗത്വം സ്വീകരിക്കുന്നതുവഴി പ്രേഷിതതീക്ഷ്ണത കുട്ടികളിൽ

ജ്വലിപ്പിക്കുവാൻ മിഷൻലീഗിലുള്ള പ്രവർത്തനം ഇടയാക്കിയി ട്ടുണ്ട്. സുകൃതജപങ്ങൾ ചൊല്ലാനും പരിത്യാഗപ്രവൃത്തികളും പരോപകാര പ്രവൃത്തികളും സ്വയമേവചെയ്യാനും മിഷൻലീഗ് അംഗങ്ങൾ പരിശീലിക്കുന്നു എന്നത് എടുത്തുപറയേണ്ടതാണ്.

തന്റെ ദൗത്യം ഭൂമിയിൽ തുടർന്നുകൊണ്ടുപോകാനാണ് ക്രിസ്തു സഭ സ്ഥാപിച്ചത്. തങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു പൂർണ്ണ ബോധ്യമുണ്ടായിരുന്ന അപ്പസ്തോലന്മാർ ജീവിതസാക്ഷ്യം, പ്രഘോഷണം എന്നിവവഴി അതു നിർവ്വഹിച്ചു. ഒരു വ്യക്തിയുടെ ആഴമായ ക്രിസ്താനുഭവത്തിന്റെയും അതു മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള തീക്ഷ്ണതയുടെയും ഫലമാണു പ്രേഷിതത്വം. ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിഞ്ഞപ്പോൾ, തങ്ങളുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ച ആ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നതു പുറമേനിന്നുള്ള ഒരു കല്പന എന്നതിനെക്കാൾ തങ്ങളുടെതന്നെ കടമയായി അപ്പസ്തോലന്മാർക്ക് അനുഭവപ്പെട്ടു. മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ അവരെ നിർബന്ധിതരാക്കുംവിധം അത്ര ശക്തമായിരുന്നു അവർക്കു സിദ്ധിച്ച ഉത്ഥിതന്റെ അനുഭവം. ഈശോയുമായുള്ള അത്തരം ആഴമേറിയ ഒരു വ്യക്തിപരമായ അനുഭവമാണ് നമ്മുടെ പിതാവായ മാർതോമാ ശ്ലീഹായെ  എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് ഉദ്ഘോഷിക്കുവാൻ പ്രാപ്തനാക്കിയത്. ശക്തമായ ഈ ഉത്ഥാനാനുഭവമാണ് തോമാശ്ലീഹായെ പ്രേഷിത പ്രവർത്തന ത്തിലേക്കു നയിക്കുന്നത്. വി. തോമാശ്ലീഹായുടെ ഈ മാതൃകയാണു മാർതോമാ ക്രിസ്ത്യാനികളായ നമ്മെ പ്രേഷിത പ്രവർത്തനത്തിൽ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്.

സെഹിയോൻശാലയിൽ പ്രാർഥിച്ചിരുന്ന ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിന്റെ ആഗമനം ഉണ്ടായപ്പോൾ അവർ ലോകാതിർത്തികൾവരെ സുവിശേഷപ്രഘോഷണത്തിനായി പോകുക യുണ്ടായി. ഭരണങ്ങാനത്ത് എളിയരീതിയിൽ ആരംഭിച്ച ഈ സംഘടനയുടെ വളർച്ചയ്ക്കു കാരണമായിരിക്കുന്നതു പരിശുദ്ധാത്മാവിന്റെ ഇടപെടലാണെന്നു നിസംശയം നമുക്കു പറയാൻ സാധിക്കും. ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ  എന്ന പതിമൂന്നാം ലെയോ മാർപാപ്പയുടെ വാക്കുകളാണ് ചെറുപുഷ്പ മിഷൻലീഗിന്റെ ആദർശവാക്യം. ഈ ആദർശവാക്യത്തിൽ അടിസ്ഥാനമിട്ട ദൗത്യനിർവഹണത്തിനായി സ്നേഹം- ത്യാഗം-സേവാ-സഹനം എന്ന മുദ്രാവാക്യവുമായി പ്രേഷിത പ്രവർത്തനം, വ്യക്തിത്വവികാസം, ദൈവവിളി പ്രോത്സാഹനം എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി മിഷൻലീഗ് അംഗങ്ങൾ ഇന്നും തീക്ഷ്ണതയോടെ

പ്രവർത്തിക്കുന്നു. സഭയുടെ മിഷൻപ്രവർ ത്തനങ്ങളെ സഹായിക്കുന്നതിനും പ്രാർത്ഥനകൊണ്ടും സുകൃതങ്ങൾകൊണ്ടും അതിനെ ശക്തിപ്പെടുത്തുന്നതിനും മിഷൻപ്രവർത്തനത്തിനുപോകാൻ ആഗ്രഹിക്കുന്നവർക്കു സഭയുടെ മിഷൻമേഖലകളെയും മിഷനറിസമർപ്പിത സമൂഹങ്ങളെയും പരിചയപ്പെടുത്തുന്നതിനും അതുവഴി മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും മിഷൻലീഗ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ സഭയിൽ നിന്നുള്ള 57 മെത്രാന്മാരു ടെയും 25000ൽ അധികം വൈദികരുടെ യും 35000ൽ അധികം സിസ്റ്റേഴ്സിന്റെയും ദൈവവിളിക്കും നിരവധി അല്മായരുടെ ജീവിതവിജയത്തിനും മിഷൻലീഗിലെ പ്രവർത്തനം കാരണമായിട്ടുണ്ട് എന്നത് ഏറെ അഭിമാനകരമായ വസ്തുതയാണ്.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്കു കരുത്തായിനിന്ന ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ പ്ലാറ്റിനം ജൂബിലി ആഘോഷവേളയിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. ചെറുപുഷ്പ മിഷൻലീഗിനെ എല്ലാവരും പ്രോത്സാഹിപ്പി ക്കണമെന്നും വളർത്തണമെന്നും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ജൂബിലിയുടെ സമാപനവേളയിൽ ഈ സംഘടനയുടെ വളർച്ചയ്ക്കുവേണ്ടി അധ്വാനിച്ച എല്ലാവരെയും നാം ഓർക്കേണ്ടതുണ്ട്. ഒരോ ഇടവകയിലും കുട്ടികളിൽ പ്രേഷിതതീക്ഷ്ണത വളർത്തിയ വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, വിവിധ തലങ്ങളിൽ സംഘടനയുടെ നേതൃത്വനിരയിൽ പ്രവർത്തിച്ചവർ, ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവർ തുടങ്ങിയ എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കാം. ആധുനിക സമൂഹത്തിന്റെ വശ്യമായ പ്രലോഭനങ്ങൾക്കടിപ്പെട്ടു നന്മയുടെയും സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും വഴികളിൽനിന്നു നമ്മുടെ കുഞ്ഞുങ്ങൾ മാറിപ്പോകാതിരിക്കാനുള്ള ജാഗ്രത ഈ സംഘടനയുമായി ബന്ധപ്പെട്ട എല്ലാവർക്കുമുണ്ടാകട്ടെ. ഈ പ്രേഷിതസംഘടന യുടെ ആദ്യചൈതന്യം ഇനിയും പതിന്മടങ്ങായി വരുംതലമുറ യ്ക്കു പകർന്നുകൊടുക്കുവാൻ ഇതിന്റെ എല്ലാ അംഗങ്ങൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതിനായി, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും, ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗീയമധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെയും സഹമധ്യസ്ഥരുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനകൾ തുണയായിരിക്കട്ടെ.

തക്കലയിൽവച്ച് 2023 ജനുവരി 29നു നടക്കുന്ന ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിസമാപനാഘോഷങ്ങളിൽ ബന്ധപ്പെട്ട

എല്ലാവരും സഹകരിക്കണമെന്ന് ആഹ്വാനം ചെയ്തു കൊണ്ടും ജൂബിലിയുടെ മംഗളങ്ങൾ നേർന്നുകൊണ്ടും കാരുണ്യ വാനായ കർത്താവിന്റെ അനുഗ്രഹങ്ങൾ എല്ലാ മിഷൻലീഗ് പ്രവർത്തകരുടെയുംമേൽ ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥി ക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷ പ്പിന്റെ കാര്യാലയത്തിൽ നിന്നു 2022 ഡിസംബർ 22-ാം തിയതി നൽകപ്പെട്ടത്.

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

2023 ജനുവരി 15-ാം തിയതി ഞായറഴ്ച വി. കുർബാനമധ്യേ സീറോമലബാർസഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങ ളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

Ref: 3819/K-5/KCBC/OL/DS

# 56-ാമത് ലോകസമാധാനദിനത്തിൽ പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം - ജനുവരി 1, 2023

## *ആർക്കും ഒറ്റയ്ക്ക് രക്ഷപ്പെടാൻ സാധിക്കില്ല*

കോവിഡ് -19 നെ ഒരുമിച്ചു പ്രതിരോധിക്കുന്നത്,
ഒരുമിച്ചുചേർന്നു സമാധാനത്തിന്റെ പാതയിൽ ആയിരിക്കുന്നത്

"സഹോദരരേ, കാലങ്ങളെയും സമയങ്ങളെയും സംബന്ധിച്ച് നിങ്ങൾക്ക് ഞാൻ എഴുതേണ്ടതില്ല. കാരണം, രാത്രിയിൽ കള്ളൻ എന്നപോലെ കർത്താവിന്റെ ദിനം വരുമെന്ന് നിങ്ങൾക്കു സൂക്ഷ്മമായറിയാം" (വിശുദ്ധ പൗലോസ് തെസ്സലോനിക്കാർക്കെഴുതിയ ഒന്നാം ലേഖനം, 5:12).

1. ഈ വാക്കുകളോടെ പൗലോസ് അപ്പോസ്തലൻ തെസ്സലോനിക്കായിലെ സഭാംഗങ്ങളെ ദൃഢചിത്തരായിക്കാൻ പ്രേരിപ്പിക്കുകയായിരുന്നു; കർത്താവിന്റെ വരവിനായി കാത്തിരിക്കുമ്പോൾത്തന്നെ അവർ തങ്ങളുടെ ഹൃദയങ്ങളും പാദങ്ങളും ദൃഷ്ടിയും ചുറ്റുമുള്ള ലോകത്തിലും അതിന്റെ ചരിത്രത്തിലും ഉറപ്പിച്ചു നിറുത്തേണ്ടിയിരുന്നു. നമ്മുടെ ജീവിതങ്ങളെ ദുരന്തങ്ങൾ സംഭ്രമിപ്പിക്കുകയും ഇരുളുനിറഞ്ഞതും ദുർഘടവുമായ അനീതിയുടെയും സഹനത്തിന്റെയും ചുഴലിക്കാറ്റ് നമ്മെ മൂടിക്കളയുകയും ചെയ്യുന്നു എന്നു നമുക്കു തോന്നുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയങ്ങൾ പ്രത്യാശയിലേക്കു തുറന്നുവയ്ക്കാനും ദൈവത്തിൽ ശരണപ്പെടുവാനും നാം ക്ഷണിക്കപ്പെടുന്നു. എന്തെന്നാൽ ദൈവം സന്നിഹിതനായിരിക്കുകയും ആർദ്രതയോടെ നമ്മെ അനുഗമനം ചെയ്യുകയും നമ്മുടെ ബലഹീനതയിൽ നമ്മെ ശക്തിപ്പെടുത്തുകയും എല്ലാറ്റിനും ഉപരി നമുക്കു വഴികാട്ടിത്തരുകയും ചെയ്യുന്നു. ആകയാൽ, ജാഗരൂകരായിരിക്കാനും നന്മയും നീതിയും സത്യവും അന്വേഷിക്കാനും വിശുദ്ധ പൗലോസ് സഭാസമൂഹത്തെ നിരന്തരം ആഹ്വാനം ചെയ്യുന്നു: "അതിനാൽ, മറ്റുള്ളവരെപ്പോലെ ഉറങ്ങിക്കഴിയാതെ നമുക്ക് ഉണർന്ന് സുബോധമുള്ളവരായിരിക്കാം" (1 തെസ്സ 5:6). ശ്രദ്ധാപൂർവം ജീവിക്കാനാണ് ഈ വാക്കുകളിലൂടെ വിശുദ്ധ പൗലോസ് ആഹ്വാനം ചെയ്യുന്നത്; നാം ഭയത്തിലേക്കും ദു:ഖത്തിലേക്കും പരിത്യക്തതയിലേക്കും വീണുപോകരുത്; ശ്രദ്ധ പതറിപ്പോകലും ഉത്സാഹഭംഗവും നമ്മെ കീഴ്പ്പെടുത്തരുത്. മറിച്ച്, നമ്മൾ കാവൽക്കാരെപ്പോലെ ഏറ്റവും ഇരുണ്ട മണിക്കൂറിലും കാത്തിരിക്കുകയും ഉദയത്തിന്റെ ആദ്യരശ്മി ദർശിക്കാനായി തയ്യാറായിരിക്കുകയും ചെയ്യണം.

2. കോവിഡ്-19 നമ്മെ ഇരുണ്ടരാത്രിയിൽ ആഴ്ത്തിക്കളഞ്ഞു. അത് നമ്മുടെ ജീവിതങ്ങളെ അസ്ഥിരമാക്കി; നമ്മുടെ പദ്ധതികളെയും ജീവിതക്രമത്തെയും തകിടംമറിച്ചു; ഏറെ സമ്പൽസമൃദ്ധിയിലായിരുന്ന സമൂഹങ്ങളുടെ പ്രത്യക്ഷത്തിലുണ്ടായിരുന്ന ശാന്തതപോലും അത് ഇല്ലാതാക്കി. അത് ലക്ഷ്യമില്ലായ്മയും സഹനവും ജനിപ്പിച്ചു; നമ്മുടെ എണ്ണമറ്റ സഹോദരീസഹോദരന്മാരുടെ മരണത്തിനു അത് കാരണമായി. അപ്രതീക്ഷമായിവന്ന വെല്ലുവിളികളുടെ ചുഴലിക്കാറ്റിൽ, ശാസ്ത്രീയമായ തലത്തിൽപ്പോലും ഏറെ സംഭ്രമജനകമായ സാഹചര്യത്തിൽ, ലോകത്തിലെ ആരോഗ്യപ്രവർത്തകർ ഒരുമിച്ച് ചേർന്ന് ശക്തമായിവന്ന സഹനത്തെ ശമിപ്പിക്കാനും പരിഹാരമാർഗങ്ങൾ കണ്ടെത്താനും ശ്രമിച്ചു. അതോടൊപ്പംതന്നെ, രാഷ്ട്രീയ നേതാക്കൾ പ്രസ്തുത അടിയന്തിരാവസ്ഥയെ നേരിടാനുള്ള വഴികൾ തേടുകയും അതിനു ചേർന്ന കാര്യങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തു.

ശാരീരികഅവശതകൾക്കു പുറമേ, കോവിഡ്-19 ഒട്ടനവധി വ്യക്തികളിലും കുടുംബങ്ങളിലും പൊതുവായ ഒരു രോഗാവസ്ഥ സൃഷ്ടിക്കുകയുണ്ടായി; ദീർഘമായ ഒറ്റപ്പെടലിന്റെ അവസ്ഥയും സ്വതന്ത്രവിഹാരത്തിനുള്ള പരിമിതികളും ഈ രോഗാവസ്ഥയ്ക്ക് കാരണമായി; അത് നീണ്ടുനില്കുന്ന ഒരു പ്രതിഭാസമായി മാറുകയും ചെയ്തു.

സാമൂഹ്യ-സാമ്പത്തിക ക്രമങ്ങളിൽ ഈ മഹാമാരി വരുത്തിവച്ച വിള്ളലുകളും വിസ്മരിക്കപ്പെടാവുന്നതല്ല; അത് വൈരുദ്ധ്യങ്ങളും അസമത്വങ്ങളും വെളിച്ചത്തുകൊണ്ടുവന്നു. നിരവധി വ്യക്തികളുടെ തൊഴിൽസുരക്ഷിതത്വം അത് തകരാറിലാക്കി; നമ്മുടെ സമൂഹങ്ങളിൽ ഏറിവരുന്ന ഏകാന്തതയുടെ പ്രശ്നം അത് കൂടുതൽ സങ്കീർണമാക്കി; ഏറെ പ്രത്യേകിച്ച്, ദരിദ്രരായവരുടെയും ആവശ്യങ്ങളിൽ ഇരിക്കുന്നവരുടെയും ഇടയിൽ. ഇക്കാര്യത്തിൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിയതമല്ലാത്ത ജോലികളിൽ ഏർപ്പെട്ടിരിക്കുകയും അത് നഷ്ടപ്പെടുകയും ചെയ്ത ദശലക്ഷക്കണക്കിനു ആളുകളെ ഓർത്താൽ മതി; എല്ലാം അടച്ചുപൂട്ടിയിരുന്ന കാലത്ത് അവർക്ക് ഒരുവിധത്തിലുമുള്ള പിന്തുണയും ഉണ്ടായിരുന്നില്ല. വിഷാദത്തിന്റെയും തിക്തതയുടെയും വികാരങ്ങൾ ജനിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ അപൂർവമായിട്ടേ വ്യക്തികളും സമൂഹങ്ങളും പുരോഗതി സിദ്ധിക്കാറുള്ളൂ. പ്രസ്തുത വികാരങ്ങൾ സമാധാനത്തിനായുള്ള ശ്രമങ്ങളെ ദുർബലപ്പെടുത്തുകയും സാമൂഹ്യമായ സംഘർഷത്തിനും നിരാശയ്ക്കും പലതരത്തിലുള്ള അക്രമത്തിനും വഴിതെളിക്കുകയും ചെയ്യും. യഥാർഥത്തിൽ, ഈ മഹാമാരി ലോകത്തിലെ ഏറ്റവും സമാധാനപൂർണമായ ഭാഗങ്ങളെപ്പോലും ഇളക്കിമറിക്കുകയും ഉറപ്പില്ലായ്മയുടെ അനേകം രൂപങ്ങൾ പുറത്തുകൊണ്ടുവരുകയും ചെയ്തു.

3. ഇതാ മൂന്നുവർഷത്തിനുശേഷം, ചോദ്യങ്ങൾ ഉന്നയിക്കാനും പഠിക്കാനും വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ നമ്മെ രൂപപ്പെടുത്താനും നമുക്കു വളരാനുമുള്ള സമയമാണിത്; "കർത്താവിന്റെ വരവിനായി" തയ്യാറാകാനുള്ള സവിശേഷസമയമാണിത്. ഞാൻ പല അവസരങ്ങളിൽ നിരീക്ഷിച്ചിട്ടുള്ളതുപോലെ ഈ ആപൽസന്ധിയിൽനിന്നു നാം പഴയതുപോലെതന്നെ ആയിരിക്കുകയില്ല പുറത്തുവരുന്നത്; ഒന്നുകിൽ നാം കൂടുതൽ മികച്ചവരായോ  അല്ലെങ്കിൽ കൂടുതൽ മോശമായവരായോ മാത്രമേ പുറത്തുവരൂ. ഇന്നു നാം ചോദിക്കുന്നു: മഹാമാരിയിൽ നിന്നു എന്താണ് നാം പഠിച്ചത്? നമ്മുടെ പഴയ ശീലങ്ങളുടെ കൂച്ചുവിലങ്ങുകൾ ഉപേക്ഷിക്കാൻ ഏതു പുതിയ മാർഗങ്ങളാണ് നാം അവലംബിക്കേണ്ടത്? കൂടുതൽ നന്നായി തയ്യാറാകാനും പുതിയ കാര്യങ്ങൾ ആശ്ലേഷിക്കാനും നാം എന്താണ് ചെയ്യേണ്ടത്? മുന്നോട്ടു ഗമിക്കാൻ നമ്മെ സഹായിക്കുകയും നമ്മുടെ ലോകം കൂടുതൽ നല്ലൊരു ഇടമാക്കിത്തീർക്കാൻ നാം ചെയ്യേണ്ടതുമായ ജീവന്റെയും പ്രത്യാശയുടെയുമായ ഏതൊക്കെ അടയാളങ്ങളാണ് നാം കാണുന്നത്?

നമ്മുടെതന്നെ ജീവന്റെയും നമുക്കു ചുറ്റുമുള്ള ലോകത്തിന്റെയും ക്ഷണഭംഗുരത്വം നേരിട്ടനുഭവിച്ചശേഷം, കോവിഡ്-19-ൽ നിന്നു നാം പഠിച്ച ഏറ്റവും വലിയ പാഠം നമുക്ക് ഒരോരുത്തർക്കും പരസ്പരം തീർച്ചയായും ആവശ്യമാണെന്ന തിരിച്ചറിവാണ്. അതായത്, നമ്മുടെ ഏറ്റവും ഉന്നതവും അതേസമയം ഏറ്റവും ഭംഗുരവും ആയ നിധി ദൈവപുത്രരെന്ന നിലയിൽ നാം സഹോദരീസഹോദരന്മാരായി പങ്കു ചേരുന്ന നമ്മുടെ മനുഷ്യത്വമാണ്. അങ്ങനെ, നമ്മിൽ ആർക്കും ഒറ്റയ്ക്ക് രക്ഷപ്പെടാനാവില്ല. ആകയാൽ, സാധിക്കുന്ന സാർവത്രിക മൂല്യങ്ങൾ അടിയന്തിരമായി നമുക്ക് ഒരുമിച്ച് അന്വേഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പുരോഗതിയിലും സാങ്കേതിക വിദ്യയിലും ആഗോളവൽകരണത്തിന്റെ ഫലങ്ങളിലും നാം അർപ്പിച്ച അഭയം ക്രമാതീതമായിപ്പോയെന്നും നാം മനസ്സിലാക്കി; മാത്രമല്ല, അത് നാം തീക്ഷ്ണതയോടെ അന്വേഷിച്ച നീതിയുടെ വാഗ്ദാനത്തെയും പൊരുത്തത്തെയും സമാധാനത്തെയും സംബന്ധിച്ച് വിട്ടുവീഴ്ച ചെയ്യുംവിധം നമ്മൾ അതിനെ വ്യക്ത്യാധിഷ്ഠിതവും വിഗ്രഹാരാധനപരവുമായ ഉന്മത്തതയാക്കി മാറ്റി എന്നും നാം ഗ്രഹിച്ചു. ധൃതഗതിയിൽ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ ഈ ലോകത്ത് വ്യാപകമായ അസമത്വത്തിന്റെയും അനീതിയുടെയും ദാരിദ്ര്യത്തിന്റെയും പാർശ്വവൽകരണത്തിന്റെയും പ്രശ്നങ്ങൾ തുടർന്നും അസ്വസ്ഥതയുടെയും ഏറ്റുമുട്ടലിന്റെയും ഇന്ധനം നിറയ്ക്കുകയും അത് അക്രമവും യുദ്ധവുംപോലും ജനിപ്പിക്കുകയും ചെയ്യുന്നു.

ഈ മഹാമാരി നമ്മുടെ മുമ്പിൽ ഇക്കാര്യങ്ങളെല്ലാം നിരത്തിവച്ചു; എന്നാൽ അതിനു ഭാവാത്മകമായ ഫലങ്ങളും ഉണ്ടായി. നിയന്ത്രിതമായ രീതിയിൽ വിനയവും ഉപഭോക്തൃപരമായ അമിതത്വത്തെക്കുറിച്ചുള്ള പുനർവിചാരവും നവമായ ഒരു ഐകമത്യഭാവവും ഉണ്ടാകാൻ അതു കാരണമായി. ഈ ഐകമത്യം മറ്റുള്ളവരുടെ സഹനത്തിൽ താത്പര്യപൂർവം സഹതപിക്കുന്നവരും നമ്മെ അവരുടെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കുന്നവരുമാക്കി മാറ്റി. ഈ പ്രതിസന്ധിയിൽ നിന്ന് ഓരോരുത്തരെയും കരകയറ്റാൻ അവർക്കു കഴിയുന്നവിധം, ചിലപ്പോൾ വളരെ വീരോചിതമാംവിധം, അക്ഷീണം യത്നിച്ച ആളുകളെ ഇത്തരുണത്തിൽ ഓർക്കാവുന്നതാണ്.

"ഒരുമിച്ച്" എന്ന വാക്കിനു മുഖ്യസ്ഥാനം നൽകേണ്ടതിനെക്കുറിച്ച് ഈ അനുഭവം എല്ലാവരെയും, പ്രത്യേകിച്ച് ജനതകളെയും രാഷ്ട്രങ്ങളെയും, പഠിപ്പിച്ചു. എന്തെന്നാൽ, നാമെല്ലാവരും ഒരുമിച്ചാണ്, അതായത്,സാഹോദര്യത്തിലും ഐകമത്യത്തിലും ആണ്, സമാധാനം പടുത്തുയർത്തുകയും നീതി ഉറപ്പാക്കുകയും വളരെ വലിയ ദുരന്തങ്ങളിൽനിന്നു രക്ഷപ്പെടുകയും ചെയ്യുന്നത്. യഥാർഥത്തിൽ, പ്രത്യേകമായ താത്പര്യങ്ങൾ മാറ്റിവച്ചുകൊണ്ട് വെല്ലുവിളികളെ നേരിടാൻ കൈകോർത്ത സാമൂഹ്യ ഗ്രൂപ്പുകളിൽ നിന്നും പൊതു- സ്വകാര്യസ്ഥാപനങ്ങളിൽനിന്നും അന്തരാഷ്ട്ര പ്രസ്ഥാനങ്ങളിൽനിന്നുമാണ് മഹാമാരിയെ പ്രതിരോധിക്കാനുള്ള വളരെ ഫലപ്രദമായ മാർഗങ്ങൾ ഉരുത്തിരിഞ്ഞത്. വ്യക്തിപരവും സാമൂഹ്യവും ആഗോളപരവുമായ പ്രതിസന്ധികളെ തരണംചെയ്യാനാകുന്നത് യഥാർഥത്തിൽ സഹോദരപൂർവവും നിക്ഷിപ്തതാത്പര്യങ്ങളില്ലാത്തതുമായ സമാധാനത്തിന് മാത്രമാണ്.

4. കോവിഡ് - 19 എന്ന മഹാമാരിയുടെ ഇരുണ്ടകാലം കഴിഞ്ഞു എന്നു നാം ആശ്വസിക്കാൻ ആരംഭിച്ച നേരത്താണ് മറ്റൊരു വലിയ ദുരന്തം മനുഷ്യരാശിയുടെമേൽ വന്നുഭവിച്ചത്. മറ്റൊരു വിപത്തിന്റെ പ്രഹരത്തിനു നാം സാക്ഷികളായി: മറ്റൊരു യുദ്ധം - അത് ഒരർഥത്തിൽ കോവിഡ്-19നു സമമായിട്ടുള്ളതാണ്; എന്നാൽ അത് മനുഷ്യരുടെതന്നെ ആക്ഷേപകരമായ തീരുമാനത്താൽ വന്നതാണ്. ഉക്രയിനിൽ നടക്കുന്ന യുദ്ധം നിർദോഷികളെയാണ് ബലിയാടുകളാക്കുന്നത്; നേരിട്ട് ബാധിക്കുന്നവരിൽ മാത്രമല്ല, വ്യാപകമായവിധത്തിൽ, വേർതിരിവുകളില്ലാതെ, അത് എല്ലാവരുടെയുംമേൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയാണ്. ആയിരങ്ങളോളം കിലോമീറ്ററുകൾ ദൂരത്ത് വസിക്കുന്നവരും അതിന്റെ പാർശ്വ ഫലങ്ങൾ അനുഭവിക്കുന്നു - എണ്ണയുടെയും ധാന്യത്തിന്റെ കുറവ്തന്നെ കണക്കിലെടുത്താൽ മതിയാകും.

തീർച്ചയായും, നമ്മൾ ആഗ്രഹിക്കുകയും പ്രത്യാശ വയ്ക്കുകയും ചെയ്ത

കോവിഡനന്തര കാലഘട്ടമല്ല ഇത്. ഈ യുദ്ധവും അതിനോടൊപ്പം ലോകം മുഴുവനിലും നടക്കുന്ന ഏറ്റുമുട്ടലുകളും മനുഷ്യരാശിയെ മുഴുവനും, അതിൽ നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നവരെ മാത്രമല്ല, പിന്നോട്ടടിക്കുന്നതിന്റെ ലക്ഷണമാണ് നല്കുന്നത്. കോവിഡ് 19-നെ പ്രതിരോധിക്കാൻ നാം കുത്തിവെയ്പ് കണ്ടെത്തി, എന്നാൽ യുദ്ധത്തിനു അനുയോജ്യമായ ഒരു പരിഹാരം ഇനിയും കണ്ടെത്താനായിട്ടില്ല. നിശ്ചയമായും നമ്മുടെ ശരീരങ്ങളെ ബാധിക്കുന്ന വൈറസുകളെ കീഴടക്കുന്നതിനേക്കാൾ ബുദ്ധിമുട്ടേറിയതാണ് യുദ്ധത്തിന്റെ വൈറസിനെ ഇല്ലാതാക്കുന്നത്. കാരണം, ഈ രണ്ടാമത്തേത് പുറത്തുനിന്നുവരുന്നതല്ല, പ്രത്യുത പാപത്താൽ മലിനമാക്കപ്പെട്ട മനുഷ്യന്റെ ഹൃദയത്തിന്റെ ഉള്ളിൽനിന്നാണ് അതു വരുന്നത് (മർക്കോസ് 7:17-23 കാണുക).

5. ആകയാൽ, നമ്മോട് എന്താണ് ഇത് ആവശ്യപ്പെടുന്നത്? ആദ്യമായി, മഹാമാരിയുടെ അനുഭവം നമ്മുടെ ഹൃദയങ്ങളെ പരിവർത്തനപ്പെടുത്തട്ടെ; ഈ ചരിത്രദിശയിൽ നാം നമ്മുടെ ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്ന സാധാരണയായുള്ള മാനദണ്ഡങ്ങളെ ദൈവംതന്നെ രൂപാന്തരപ്പെടുത്തട്ടെ. നമ്മുടെ വ്യക്തിപരവും സ്വരാഷ്ട്രപരവുമായ താത്പര്യങ്ങൾക്കു മാത്രമായുള്ള ഇടം രൂപപ്പെടുത്തുന്നതിനായി ഇനിമേൽ ചിന്തിക്കാൻ പാടില്ലാത്ത സാഹചര്യം സംജാതമായിരിക്കുന്നു; മറിച്ച്, നാം പൊതുനന്മയ്ക്കായി ചിന്തിക്കണം; നാം വിശാലമായ ഒരു സമൂഹത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവിലേക്കു വരണം; അങ്ങനെ നമ്മുടെ മനസ്സും ഹൃദയവും വിശ്വസാഹോദര്യത്തിനായി തുറന്നിടണം. നമ്മെത്തന്നെ നിലനിറുത്തണം എന്ന ചിന്തയിൽ ഊന്നിക്കൊണ്ടു തുടരാൻ നമുക്കാവില്ല. നമ്മുടെ സമൂഹത്തെയും ഈ ഗോളത്തെയും സുഖപ്പെടുത്തുന്ന ശുശ്രൂഷയിൽ ഏർപ്പെടാൻ നമുക്കു നേരമായി; അതുവഴിയായി കൂടുതൽ നീതിപൂർവകവും ശാന്തവുമായി മുന്നോട്ടുപോകുന്ന ഒരു ലോകത്തിനു അടിത്തറയിടണം; യഥാർഥമായും ഗൗരവമായവിധത്തിൽ പൊതുനന്മയെ ആശ്ലേഷിക്കുന്നരീതിയിൽ പ്രതിജ്ഞതാബദ്ധരാകാൻ നാം തയ്യാറാകണം.

ഇക്കാര്യം നിവർത്തിയാക്കാനും കോവിഡ് -19 എന്ന മഹാമാരിക്കുശേഷം നമ്മുടെ ജീവിതങ്ങൾ നന്നാക്കാനും ഒരു അടിസ്ഥാനപരമായ കാര്യം നാം നിരാകരിക്കരുത്, അതായത്, ധാർമികത, സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക തലത്തിൽ നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ എല്ലാംതന്നെ പരസ്പരം ബന്ധിതമാണ്; യഥാർഥത്തിൽ ഒറ്റപ്പെട്ട പ്രശ്നങ്ങളായി നമുക്ക് തോന്നുന്നവയെല്ലാംതന്നെ ഒന്ന് മറ്റൊന്നിന്റെ കാരണവും അനന്തരഫലവുമാണ്. ആകയാൽ, ലോകത്തിന്റെ വെല്ലുവിളികളെ ഉത്തരവാദിത്വബോധത്തോടും ആർദ്രഭാവത്തോടും അഭിമുഖീകരിക്കാൻ നാം ക്ഷണിക്കപ്പെടുന്നു. എല്ലാവർക്കും പൊതുവായ ആരോഗ്യപരിപാലനം എന്ന ആശയ ത്തിലേക്ക് നാം വീണ്ടും വരണം. സമാധാനം പ്രോത്സാഹിപ്പക്കുകയും വർദ്ധമാനമാക്കുകയും ചെയ്യുന്ന

പ്രവർത്തികൾ ചെയ്യാൻ നാം ശ്രദ്ധിക്കണം; അങ്ങനെ ദാരിദ്ര്യവും മരണവും വിതറുന്ന ഏറ്റുമുട്ടലു കൾക്കും യുദ്ധങ്ങൾക്കും നാം അറുതി വരുത്തണം. നമ്മുടെ പൊതു ഭവനമായ ഭൂമിയെ സംരക്ഷിക്കുന്നതിനായി നാം അടിയന്തിരമായി കൈകോർക്കണം; കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കാ നുള്ള വ്യക്തവും സത്വരവുമായ നടപടികൾ സ്വീകരിക്കാൻ നാം തയ്യാറാകണം. അസമത്വത്തിന്റെ വൈറസിനെ പ്രതിരോധിക്കേണ്ടി യിരിക്കുന്നു; എല്ലാവർക്കും ഭക്ഷണവും അന്തസ്സുറ്റ തൊഴിലും ഉറപ്പുവരുത്തണം. ഏറ്റവും കുറഞ്ഞ വേതനംപോലും ഇല്ലാതെ ഏറെ കഷ്ടതയിൽ ആയിരിക്കുന്നവരെ സഹായിക്കേണ്ടിയിരിക്കുന്നു. വലിയൊരു ജനസമൂഹം പട്ടിണിയിലാണെന്നത് ഒരു തുറന്ന മുറി വായി നമ്മുടെ മുമ്പിൽ നിൽക്കുന്നു. കുടിയേറ്റക്കാരെയും സമൂഹം പുറന്തള്ളുന്നവരെയും സ്വീകരിക്കുന്നതിനും അവരെ സമൂഹത്തോട് സംയോജിപ്പിക്കുന്നതിനുംവേണ്ടിയുള്ള ശരിയായ നയതന്ത്രനയങ്ങൾ നാം രൂപപ്പെടുത്തണം. ദൈവത്തിന്റെ അനന്തവും കരുണാർദ്രവുമായ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ പണിതുയർ ത്തിയ ത്യാഗശീല ത്തിലൂടെ ഔദാര്യപൂർവ്വം ഈ സാഹചര്യങ്ങളോട് പ്രതികരിച്ചെങ്കിൽ മാത്രമേ നമുക്കു പുതിയ ഒരു ലോകം കെട്ടിപ്പടുക്കുകയും ദൈവരാജ്യ ത്തിന്റെ വിസ്തൃതിക്കായി പ്രവർത്തിക്കുകയും ചെയ്യാൻ സാധിക്കുക യുള്ളൂ; അത് സ്നേഹത്തിന്റെയും നീതിയുടെയും സമാധാനത്തി ന്റെയും രാജ്യമാണ്.

ഈ ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുമ്പോൾ, ചരിത്രം നമ്മെ അഭ്യസിപ്പിക്കുന്ന ഈ പാഠങ്ങൾ വിലമതിച്ചുകൊണ്ട്, പുതിയ വർഷത്തിൽ നമുക്കു ഒരുമിച്ച് സഞ്ചരിക്കാനാകും എന്നതാണ് എന്റെ പ്രത്യാശ. രാഷ്ട്രങ്ങളുടെയും സർക്കാരുകളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും തലവന്മാർക്കും വ്യത്യസ്ത മതനേതാക്കൾക്കും ഞാൻ എല്ലാ നന്മകളും നേരുന്നു. സന്മനസ്സുള്ള എല്ലാ സ്ത്രീ പുരുഷ ന്മാരുടെയും മുമ്പിൽ ഞാൻ എന്റെ പ്രാർത്ഥനാപൂർവമായ പ്രത്യാശ സമർപ്പിക്കുന്നു: സമാധാനത്തിന്റെ വിധാതാക്കൾ എന്ന നിലയിൽ ഈ വർഷം നന്മ നിറഞ്ഞതാകാൻ അവർ ദൈനംദിനം പ്രവർത്തിക്കു മാറാകട്ടെ! യേശുവിന്റെ അമ്മയും സമാധാന രാജ്ഞിയും അമലോത്ഭ വയും ആയ മറിയം നമുക്കും ലോകം മുഴുവനുംവേണ്ടി പ്രാർത്ഥിക്കട്ടെ.

വത്തിക്കാനിൽ നിന്നും 2022 ഡിസംബർ എട്ടാം തീയതി പുറപ്പെടുവിച്ചത്.

**ഫ്രാൻസിസ് പാപ്പാ**

# കച്ചേരിക്കാര്യം

### 1. പുതിയ നിയമനം

ബഹു. വൈദികർ

ചെമ്പരത്തിയ്ക്കൽ ജോർജ്ജ് : മാനേജിംഗ് ഡയറക്ടർ, IFAE

തളിയൻ വർഗീസ് MSJ : അസി. വികാരി, മരുതോങ്കര

അമ്പലത്തിങ്കൽ ജോസഫ് OFM Cap. : അസി. വികാരി, പാറോപ്പടി

### 2. സീറോ മലബാർ പ്രേഷിതവാരം, പ്രേഷിത ഞായർ പ്രത്യേക പിരിവ്

2023 ജനുവരി 6-ാം തീയതി മുതൽ 12-ാം തീയതി വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നു. ഈ ദിവസങ്ങളിൽ സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുവാനും പരിചയപ്പെടുവാനും പരിശ്രമിക്കാം.

പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ ഫെബ്രുവരി 19 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### 3. സഭൈക്യവാരം

2023 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി ആചരിക്കുന്നു. സഭകളുടെ ഐക്യം ഫലപ്രദമായ സുവിശേഷ പ്രഘോഷണത്തിന് ആവശ്യമായി ത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ ഐക്യത്തോടും ഉപവിയോടും കൂടി പ്രവർത്തിക്കാനുള്ള സാഹചര്യം രൂപീകരിക്കുന്നതിന് പ്രയോജനപ്പെടുത്താം.

### 4. നവവൈദികരുടെ സംഗമം

താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് ഈ വർഷം വൈദികപട്ടം സ്വീകരിച്ച എല്ലാവരുടെയും സംഗമം ജനുവരി 5-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 7 മണിക്ക് താമരശ്ശേരി രൂപതാഭവനിൽ വെച്ച് നടത്തുന്നു. രൂപതയ്ക്കു വേണ്ടിയും മറ്റ് രൂപതകൾക്കുവേണ്ടിയും സന്യാസസമൂഹങ്ങൾക്കുവേണ്ടിയും തിരുപ്പട്ടം സ്വീകരിച്ച എല്ലാവരെയും ഈ സംഗമത്തിൽ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 5. സന്യാസ ഇടവക വികാരിമാരുടെ സംഗമം

താമരശ്ശേരി രൂപതയിലെ ഇടവകകളിൽ വികാരിമാരായി അജപാലന ശുശ്രൂഷ ചെയ്യുന്ന സന്യാസവൈദികരുടെ സംഗമം 2023 ജനുവരി 28 ശനിയാഴ്ച

രാവിലെ 10 മണിക്ക് രൂപതാഭവനിൽ വെച്ച് നടക്കുന്നതാണ്. വികാരിമാരായ ബഹു. സന്യാസവൈദികരെല്ലാവരും പങ്കെടുക്കേണ്ടതാണ്.

### 6. ജൂനിയർ ക്ലർജി സെമിനാർ

2023 ജനുവരി 24 മുതൽ 26 വരെ ജൂനിയർ ക്ലർജി സെമിനാർ പി.എം.ഒ.സി. യിൽ ക്രമീകരിച്ചിരിക്കുന്നു. ലിസ്റ്റിലുള്ള എല്ലാ വൈദികരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

1 Antheenattu Joseph
2 Cheeramattathil Sebastian
3 Chembuthoockil Mathew
4 Chirathalackal Joseph
5 Edakkattil Joseph
6 Kadaplackal Thomas
7 Kalappurackal Joseph
8 Kiliyanparambil Joseph
9 Kochukaipayil Kuriakose
10 Kochumuriyil Thomas
11 Kottackal Mathew
12 Kudiyirickal Thomas
13 Machukuzhiyil Augustine
14 Mangalamadathil Mathew
15 Mattappillil Sebastian
16 Mundackal Chacko
17 Narivelil George
18 Nedumala Zacharias
19 Panchickal Alex
20 Ponganpara Cheriyan
21 Poothermannil Peter
22 Poovathinkal Paul
23 Pulayanparambil Thomas
24 Purayidathil George
25 Puthanpurackal Joseph
26 Puthenpurackal Jacob
27 Srambickal Abraham
28 Thekkekkaramattathil Mathew
29 Thoomullil Mathew
30 Thuravackal Augustine
31 Vallikunnel James
32 Vellackakudiyil George
33 Vellaramkalayil George

### 7. ആദരാഞ്ജലികൾ

ബഹു. ജേക്കബ് പ്ലാക്കൂട്ടത്തിലച്ചന്റെ പിതാവ് **വർഗീസ് (കുഞ്ഞുമോൻ) പ്ലാക്കൂട്ടത്തിൽ** 2022 ഡിസംബർ 12 ന് നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ടു. 13-ാം തീയതി ആനക്കാംപൊയിൽ ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജേക്കബ് അച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 8. സ്മരണാഞ്ജലി

| | | |
|---|---|---|
| 06-01-1979 | - | റവ. ഫാ. ജോസഫ് പരിയാരം |
| 10-01-1994 | - | റവ. ഫാ. ഫൗസ്റ്റിൻ സി.എം.ഐ. |
| 18-01-1960 | - | റവ. ഫാ. കെറൂബിൻ സി.എം.ഐ. |
| 18-01-1989 | - | റവ. ഫാ. ബെർനാർഡിൻ സി.എം.ഐ. |
| **21-01-2016** | **-** | **റവ. ഫാ. ജോസഫ് മൈലാടൂർ** |
| 31-01-1986 | - | റവ. ഫാ. അബ്രാഹം പൊരുന്നോലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# 12-ാമത് വൈദികസമിതി ഉദ്ഘാടന സമ്മേളന റിപ്പോർട്ട്

താമരശ്ശേരി രൂപതയുടെ 12-ാമത് വൈദിക സമിതിയുടെ ഉദ്ഘാടനയോഗം 2022 ഡിസംബർ 13 ചൊവ്വാഴ്ച രാവിലെ 10.30ന് രൂപതാഭവനിൽ നടന്നു. തിരുവമ്പാടി ഇടവക അസിസ്റ്റന്റ് വികാരി ബഹു. ജോർജ് പുരയിടത്തിലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിലേക്ക് അഭിവന്ദ്യ പിതാവിനെയും സമിതി അംഗങ്ങളെയും രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര സ്വാഗതം ചെയ്തു. തുടർന്ന് വൈദിക സമിതി സെക്രട്ടറി ഫാ. ജോർജ് മുണ്ടനാട്ട് കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം അംഗീകരി ക്കുകയും ചെയ്തു. തുടർന്ന് താമരശ്ശേരി വൈദിക കൂട്ടായ്മയിൽ നിന്നും നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ദേവസ്യ വലിയപറമ്പിലച്ചനും ബഹു. പോൾ പുത്തൻപുരയച്ചനും നിത്യശാന്തി നേർന്ന് അംഗങ്ങൾ പ്രാർത്ഥിച്ചു.

റിപ്പോർട്ടിന്മേലുള്ള ചർച്ചയ്ക്കുശേഷം അഭിവന്ദ്യ പിതാവ് 12-ാമത് വൈദിക സമിതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. സഭ ഒരു പങ്കാളിത്ത സഭയാണെന്നും ഒരുമിച്ച് നടന്ന് കൂട്ടുത്തര വാദിത്വത്തോടെ അജപാലന പ്രവർത്തന ങ്ങളെ മുന്നോട്ടു നയിക്കണമെന്നും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. സ്നേഹത്തിന്റെ ശുശ്രൂഷ ചെയ്ത്, കൂട്ടായ്മയിൽ വളർന്ന്, താമരശ്ശേരി രൂപതയാകുന്ന പ്രാദേശിക സഭയെ വളർത്തുവാൻ പരിശ്രമിക്കേണ്ടതുണ്ട് എന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. രൂപതയിലെ വളരെ പ്രാധാന്യപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്ന സമിതിയുടെ പ്രവർത്തനത്തിലൂടെ രൂപതാദ്ധ്യക്ഷനെ സഹായിക്കാൻ എല്ലാവർക്കും സാധിക്കണം എന്ന് അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തിക്കൊണ്ട് അജണ്ടയിലെ കാര്യങ്ങൾ അഭിവന്ദ്യ പിതാവ് വിശദീകരിച്ചു. 2026-ന് മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിയും താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ 40 വർഷങ്ങളും പിന്നിടുന്നുവെന്ന് അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു. രൂപത റൂബി ജൂബിലിയിലേക്ക് പ്രവേശിക്കുന്നുവെന്നും ആഘോഷത്തെക്കാളുപരി ഒരു സജീവ പ്രാദേശികസഭയായി രൂപാന്തരപ്പെടുവാൻ തുടർന്നുവരുന്ന വർഷങ്ങളിൽ നമുക്ക് സാധിക്കണമെന്നും അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. നമ്മുടെ ദൈവജനത്തിൽ ബഹുഭൂരിപക്ഷം പേരും കർഷകരാണെന്നും അവരുടെ പ്രതിസന്ധികളിൽ അവരോടു ചേർന്നു നിന്നുള്ള അജപാലന ശുശ്രൂഷ നിർവ്വഹിക്കുവാൻ നാം സന്നദ്ധരാകേണ്ടതു ണ്ടെന്നും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. ബഫർസോൺ വിഷയം നമ്മുടെ ജനത്തെ പരിഭ്രാന്തരാക്കിയിട്ടു ണ്ടെന്നും, സത്വര നടപടികൾ കൈക്കൊള്ളുവാൻ

ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു.

ഒരു ഹൃദയവും ഒരാത്മാവുമായി നമ്മുടെ രൂപതയെ പടുത്തു യർത്തുവാൻ വി. അൽഫോൻസാമ്മയും പരിശുദ്ധ അമ്മയും നമ്മെ സഹായിക്കുമെന്നും, സ്നേഹത്തിന്റെ കൂട്ടായ്മയിൽ മുന്നോട്ടുപോകാമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് പറഞ്ഞു.

തുടർന്നു നടന്ന ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ വൈദിക സമിതിയുടെ സെക്രട്ടറിയായി ഫാ. ജോർജ്ജ് മുണ്ടനാട്ടിനെ തിരഞ്ഞെ ടുത്തു. അജണ്ടാ കമ്മറ്റി അംഗങ്ങളായി റവ. ഫാ. ജോൺ പള്ളിക്കാവ യലിൽ, റവ. ഫാ. റോണി പോൾ കാവിൽ എന്നിവരെയും പ്രീസ്റ്റ് വെൽഫയർ ബോർഡ് അംഗങ്ങളായി റവ. ഫാ. തോമസ് പൊരിയത്ത്, റവ. ഫാ. കുര്യൻ താന്നിക്കൽ, റവ. ഫാ. മാത്യു പുള്ളിമൂട്ടിൽ (Sr.) എന്നിവരെയും തിരഞ്ഞെടുത്തു. തുടർന്ന് അജണ്ട യിലെ കാര്യങ്ങൾ ചർച്ചയ്ക്കെടുത്തു.

### 1. റൂബി ജൂബിലി

2026-ൽ റൂബി ജൂബിലി ആഘോഷിക്കുന്നതിന് ഒരുക്കമായി 2023-ൽ രൂപതയിൽ നടപ്പിലാക്കുവാൻ ഉദ്ദ്യേശിക്കുന്ന കർമ്മപരിപാ ടികളുടെ രൂപരേഖ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര അവതരിപ്പിച്ചു. വിശ്വാസം, സമുദായം, കുടുംബം, വൈദികർ- സന്ന്യസ്തർ എന്നീ തലങ്ങളിൽ നടത്തുന്ന പദ്ധതികളുടെ ഉത്തരവാ ദിത്വങ്ങൾ താമരശ്ശേരി വൈദിക കൂട്ടായ്മയിലെ വൈദികരെ ഏല്പിച്ചു.

വിശ്വാസത്തിന്റെ തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ റവ. ഫാ. ജോൺ പള്ളിക്കാവയലിനെയും, റവ. ഫാ. ഫിലിപ്പ് ചക്കുംമൂട്ടിലിനെയും ചുമതലപ്പെടുത്തി. രൂപതാ അസംബ്ലി - റവ. ഫാ. തോമസ് ചിലമ്പിക്കുന്നേൽ, മലപ്പുറം റീജിയണൽ പാസ്റ്ററൽ സെന്റർ - റവ. ഫാ. ആന്റണി കാരികുന്നേൽ, നവജീവൻ & ഹോം മിഷൻ - റവ. ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്, ഹോം കാറ്റക്കിസം - റവ. ഫാ. ജോൺ പള്ളിക്കാവയലിൽ, യൂത്ത് ഫോർമേഷൻ & തിരുശേഷിപ്പ് പ്രയാണം - റവ. ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, നാല്പതുമണി ആരാധന - റവ. ഫാ. ജോസഫ് കളത്തിൽ, ഡിജിറ്റൽ ഇവാൻഞ്ചലൈസേഷൻ - റവ. ഫാ. മാത്യു കൊല്ലംപറമ്പിൽ എന്നിവരെ ചുമതലപ്പെടുത്തി.

കുടുംബ നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി റവ. ഫാ. കുര്യൻ പുരമഠം & റവ. ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട് എന്നിവരെ ചുമതപ്പെടുത്തി.

കൂടാതെ ജീവൻ സുരക്ഷാ പദ്ധതി - റവ. ഫാ. ജോസ് പെണ്ണാപറമ്പിൽ, മാര്യേജ് ഹെൽപ് പ്രൊജക്ട് & ഫാമിലി കൗൺസിലിംഗ് - റവ. ഫാ. കുര്യൻ പുരമഠം, ദമ്പതികളുടെ പരിശീലനം - റവ. ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്,

ഫ്യൂച്ചറിസ്റ്റിക് എഡ്യുക്കേഷൻ - റവ. ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, ലഹരി വിമുക്ത രൂപത - റവ. ഫാ. മാത്യു തടത്തിൽ, ജെറിയാട്രിക് കെയർ - റവ. ഫാ. മാത്യു കുളത്തിങ്കൽ എന്നിവരെയും ഏല്പിച്ചു.

സമുദായ ശാക്തീകരണത്തിനുള്ള കർമ്മപദ്ധതികൾ കോർഡിനേറ്റ് ചെയ്യുന്നതിനായി റവ. ഫാ. ജോസഫ് പാലക്കാട്ടിനെയും റവ. ഫാ. സ്കറിയ മംഗരയെയും ചുമതലപ്പെടുത്തി.

ഡയാലിസിസ് യൂണിറ്റ് - റവ. ഫാ. ജോർജ്ജ് ചെമ്പരത്തിക്കൽ, പി.എസ്.സി. കോച്ചിംഗ് പ്രൊജക്ട് - റവ. ഫാ. ജോസഫ് പുളിച്ചമാക്കൽ, റിട്ടയേർഡ് ലെയ്റ്റി കോൺഫറൻസ്& കുടിയേറ്റ ചരിത്രമ്യൂസിയം - റവ. ഫാ. ജോസഫ് പാലക്കാട്ട്, അൽഫോൻസ ഹൗസിംഗ് പ്രൊജക്ട് - റവ. ഫാ. കുര്യാക്കോസ് മുകാല, പരിസ്ഥിതി സൗഹൃദരൂപത - റവ. ഫാ. കുര്യാക്കോസ് തയ്യിൽ, ഫാം അഗ്രികൾച്ചറൽ പ്രൊജക്ട് - റവ. ഫാ. ജോസ് പെണ്ണാപറമ്പിൽ, തിരുവമ്പാടി കേന്ദ്രമായി എഡ്യുക്കേഷണൽ ഹബ് - റവ. ഫാ. സ്കറിയ മംഗരയിൽ, മൈക്രോ ഫൈനാൻസ് ബാങ്കിംഗ് - റവ. ഫാ. ജോർജ്ജ് മുണ്ടനാട്ട്, ദീപിക മാസാചരണം - റവ. ഫാ. തോമസ് പാറൻകുളങ്ങര, മന്ന പദ്ധതി - റവ. ഫാ. ജോർജ്ജ് ചെമ്പരത്തി എന്നിവരെയും ചുമതലപ്പെടുത്തി.

വൈദിക സമർപ്പിത തലങ്ങളിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും സമർപ്പിത അസംബ്ലി നടത്തുന്നതിനും വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയെയും, സി.എം.ഐ. സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ റവ. ഫാ. തോമസ് തെക്കേൽ സി.എം.ഐ.യെയും ചുമതലപ്പെടുത്തി.

അതോടൊപ്പം ദൈവവിളി പ്രോത്സാഹന പദ്ധതി റവ. ഫാ. ചെറിയാൻ പൊങ്ങൻപാറയെയും വൈദികക്ഷേമ പദ്ധതികൾ മോൺ. ജോൺ ഒറവുങ്കരയെയും ഏല്പിച്ചു.

ഈ കർമ്മപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ സമതി ശുപാർശ ചെയ്തു.

### 2. ന്യൂ എഡ്യുക്കേഷൻ പോളിസി 2022

കേന്ദ്രഗവൺമെന്റിന്റെ പുതിയ വിദ്യാഭ്യാസ നയത്തെപ്പറ്റി കേർപ്പറേറ്റ് മാനേജർ റവ.ഫാ. ജോസഫ് പാലക്കാട്ട് വിഷയാവതരണം നടത്തി. പുതിയ വിദ്യാഭ്യാസ നയം (NEP) നടപ്പാക്കുമ്പോൾ സ്കൂളുകളുടെ ഘടനയിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് അച്ചൻ വിശദീകരിച്ചു. ഇപ്പോഴുള്ള 4+6+2 എന്നതിൽ നിന്നും വ്യത്യസ്തമായി 5+3+3+4 എന്ന ഘടനയിലേക്കുള്ള മാറ്റം നമ്മുടെ സ്കൂളുകളിലും ബാധകമാകും എന്ന കാര്യം അച്ചൻ സൂചിപ്പിച്ചു. അതിന് കാലാനുസൃതമായ മാറ്റം ഉണ്ടാകണമെന്നും അതിനായി മുൻകൂട്ടി ഒരുങ്ങേണ്ടതുണ്ടെന്നും അച്ചൻ സൂചിപ്പിച്ചു.

പുതിയ വിദ്യാഭ്യാസ നയത്തിന്റെ നന്മകളും ആശങ്കകളും യോഗം ചർച്ച ചെയ്തു. നമ്മുടെ സ്കൂളുകൾക്കെതിരെ ഉണ്ടാകുന്ന വെല്ലുവിളികൾ നേരിടുന്നതിനും പാഠ്യവിഷയങ്ങളിലെ തിരുത്തലുകൾക്കും സംഘാത്മകമായ സ്വാധീനം ചെലുത്താൻ കഴിയേണ്ടതുണ്ട് എന്ന് യോഗം വിലയിരുത്തി.

സ്കൂൾ മാനേജിങ്ങ് കമ്മറ്റി രൂപീകരിക്കുവാനും മലബാറിലുള്ള ക്രിസ്ത്യൻ മാനേജ്മെന്റിന്റെ ഒരു കൺസോർഷ്യം രൂപീകരിച്ച് നയപരിപാടികൾക്ക് രൂപം നല്കുന്നതിനും യോഗം ശുപാർശ ചെയ്തു.

### 3. ബഫർ സോൺ

കേരളത്തിലെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ വായുദൂരം ESZ ആയി പ്രഖ്യാപിച്ചുകൊണ്ട് 2022 ജൂൺ 3 ന് നിലവിൽ വന്ന സുപ്രീം കോടതി വിധി സംസ്ഥാന സർക്കാരിന് വിശദീകരണം നല്കുവാൻ അനുവദിച്ച സമയം 2022 സെപ്റ്റംബർ 3 ന് അവസാനിച്ചിട്ട് 4 മാസം കഴിഞ്ഞിരിക്കുന്നു. സുപ്രീം കോടതിയിൽ സമർപ്പിക്കുവാനായി ഒരു കിലോമീറ്റർ റവന്യൂ ഭൂമിയിലെ ബഫർ സോണിന്റെ ഉപഗ്രഹമാപ്പ് സംസ്ഥാന സർക്കാർ പുറത്തുവിട്ടത് അപൂർണ്ണവും അബദ്ധ ജഡിലവുമാണ് എന്ന് യോഗം വിലയിരുത്തി. ഈ വിഷയത്തെക്കുറിച്ച് ഫാ. ജോർജ്ജ് മുണ്ടനാട്ട് യോഗത്തിൽ വിശദീകരിച്ചു.

ചർച്ചകൾക്കുശേഷം കൃത്യമായ കണക്കുകൾ പഞ്ചായത്ത് സമിതിയും വില്ലേജ് ഓഫീസറും ജനപ്രതിനിധികളും വിവിധ കർഷക സംഘടനാ പ്രതിനിധികളും ചേർന്ന് തയ്യാറാക്കി വിഗദ്ധസമിതി വഴി സുപ്രീംകോടതിക്കു സമർപ്പിച്ച് ജനവാസ കേന്ദ്രങ്ങൾ പൂർണ്ണമായും ബഫർസോൺ പരിധിയിൽ നിന്ന് ഒഴിവാക്കി എടുക്കുവാൻ നടപടി ഉണ്ടാകണമെന്ന് യോഗം ആവശ്യപ്പെട്ടു. 2022 ഡിസംബർ 19 ന് പൂഴിത്തോടു നിന്നും കക്കയത്തുനിന്നും ആരംഭിച്ച് കൂരാച്ചുണ്ടിൽ അവസാനിക്കുന്ന ജനജാഗ്രത യാത്രയെക്കുറിച്ച് അഭിവന്ദ്യപിതാവ് യോഗത്തെ അറിയിച്ചു. സർക്കാരിൽ സമ്മർദ്ദം ചെലുത്തിയും കർഷകരെ സംഘടിപ്പിച്ചും ജനത്തിന്റെ ആവശ്യങ്ങളിൽ അവരുടെ കൂടെ നിൽക്കുവാൻ അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു.

ശൂന്യവേളയിൽ, ബഹു. മാറ്റസ് കോരംകോട്ട് അച്ചന്റെ തീസിസ് ഡിഫൻസിനെക്കുറിച്ചും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രികൾച്ചറൽ എത്തിക്സിന്റെ തുടർ പ്രവർത്തനങ്ങളെക്കുറിച്ചും അഭിവന്ദ്യപിതാവ് യോഗത്തെ അറിയിച്ചു.

ഡിസംബർ 30 ന് താമരശ്ശേരിയിൽ നടക്കുന്ന മലബാർ യുവജന സമ്മേളനത്തെക്കുറിച്ച് യുവജന ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ വിശദീകരിച്ചു. കേന്ദ്ര ഐടി വകുപ്പ് മന്ത്രി ശ്രീ. രാജീവ് ചന്ദ്രശേഖരനാണ് മുഖ്യ


അതിഥിയെന്നും, അന്ന് നടക്കുന്ന പരിപാടിയിൽ മലബാറിൽ നിന്ന് 5000 ലധികം യുവജനങ്ങളെ പ്രതീക്ഷിക്കുന്നുണ്ട് എന്നും അച്ചൻ അറിയിച്ചു. അൽഫോൻസ സ്കൂൾ ഗ്രൗണ്ടിൽ ആരംഭിക്കുന്ന സമ്മേളനത്തിനുശേഷം താമരശ്ശേരി ടൗണിലൂടെ 'ബോൺ നത്താലെ' റാലിയുടെ വിശദാംശങ്ങളും അച്ചൻ അച്ചൻ അറിയിച്ചു. എല്ലാവരുടെ പിന്തുണ ഇക്കാര്യത്തിൽ ഉണ്ടാവണമെന്ന് അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു.

രൂപതയിലെ വൈദികരുടെ വാർഷികധ്യാനം ഒറ്റ ബാച്ചായി നടത്തുന്നതിനെക്കുറിച്ച് യോഗം ചർച്ച ചെയ്തു പരീക്ഷണാടിസ്ഥാനത്തിൽ 2023 ലെ വാർഷിക ധ്യാനം ഒറ്റ ബാച്ചായി നടത്താവുന്നതാണ് എന്ന് യോഗം ശുപാർശ ചെയ്തു.

കോവിഡിനുശേഷം യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന വിശ്വാസ പ്രതിസന്ധികളെക്കുറിച്ചും, വിശ്വാസ രൂപീകരണത്തെക്കുറിച്ചും യോഗം ആശങ്ക പ്രകടിപ്പിച്ചു. അടുത്ത വൈദിക സമിതിയിൽ ഇക്കാര്യം ചർച്ച ചെയ്ത് പദ്ധതികൾ ആവിഷ്കരിക്കാൻ യോഗം തീരുമാനിച്ചു.

ത്രികാല ജപത്തോടെയും അഭിവന്ദ്യ പിതാവിന്റെ ശ്ലൈഹിക ആശീർവാദത്തോടെയും യോഗം സമാപിച്ചു.

**ഫാ. ജോർജ്ജ് മുണ്ടനാട്ട്**
സെക്രട്ടറി



# 12-ാമത് പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടന സമ്മേളന റിപ്പോർട്ട്

താമരശ്ശേരി രൂപതയുടെ 12-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടന സമ്മേളനം 2022 ഡിസംബർ 17-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ വി. ജോൺ പോൾ ഓഡിറ്റോറി യത്തിൽ നടന്നു. രൂപതാ വിശ്വാസപരിശീലന ഡയറക്ടർ റവ. ഫാ. ജോൺ പള്ളിക്കാവയലിന്റെ നേതൃത്വത്തിൽ ബൈബിൾ പ്രതിഷ്ഠ യോടുകൂടി യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോൺ ഒറവുങ്കര ഏവർക്കും സ്വാഗതം ആശംസിക്കുകയും പാസ്റ്ററൽ കൗൺസിലിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്തു. പതിനൊന്നാം പാസ്റ്ററൽ കൗൺസിലിന്റെ അവസാന റിപ്പോർട്ട് ജനറൽ സെക്രട്ടറി ഫാ. ജോർജ് മുണ്ടനാട്ട് അവതരിപ്പിച്ചു. അദ്ധ്യക്ഷ പ്രസംഗം നടത്തിയ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ്, ആദിമ സഭയുടെ ചൈതന്യത്തോടെ സഭാശുശ്രൂഷയിൽ പങ്കുചേരുവാനുള്ള നിയോഗമാണ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ഉള്ളതെന്ന് ഓർമ്മിപ്പിച്ചു. അജപാലന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ രൂപതാദ്ധ്യക്ഷനെ സഹായിക്കാനുള്ള കടമ അംഗങ്ങൾ ഏറ്റെടു ക്കേണ്ടതുണ്ടെന്ന് അഭിവന്ദ്യ പിതാവ് എടുത്തുപറഞ്ഞു. കോവിഡിന്റെ പശ്ചാത്തലത്തിൽ 11-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടന സമ്മേളനത്തിനുശേഷം ഒരുമിച്ചുകൂടുവാൻ കഴിഞ്ഞില്ലെങ്കിലും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി എന്ന നിലയിൽ രൂപതയുടെ പൊതുനന്മയ്ക്കായി പ്രവർത്തിച്ച ശ്രീ. ബെന്നി ലൂക്കോസിനെ അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. ഫ്രാൻസിസ് മാർപ്പാപ്പ പങ്കുവയ്ക്കുന്ന പങ്കാളിത്തസഭയെക്കുറിച്ച് അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. എല്ലാവ രെയും ചേർത്തു നിർത്തുന്ന ഈശോയുടെ അജപാലന ശൈലി നാം സ്വന്തമാക്കേണ്ടതുണ്ടെന്നും പാർശ്വവ്തകരിക്കപ്പെട്ട വരെ സ്നേഹിക്കുവാൻ നമുക്ക് സാധിക്കണമെന്നും അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു.

കാർഷിക മേഖലയുടെ തളർച്ച, ബഫർസോൺ, കാർഷിക വിളകളുടെ വിലയിടിവ്, ആധുനിക കുടിയേറ്റത്തിന്റെ ഭവിഷ്യത്തുകൾ, കോവിഡാനന്തര വിശ്വാസജീവിതം എല്ലാം വിചിന്തനത്തിന് വിഷയ മാക്കേണ്ട കാര്യങ്ങളാണ് എന്നും നമ്മുടെ രൂപതയിലെ 30 ശതമാന ത്തിലധികം വരുന്ന ബി.പി.എൽ. കുടുംബങ്ങളുടെ കാര്യത്തിൽ രൂപതാസമൂഹം ഒന്നാകെ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അഭിവന്ദ്യ പിതാവ് സമ്മേളനത്തെ ഓർമ്മിപ്പിച്ചു.

2026 മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിയും താമരശ്ശേരി രൂപതസ്ഥാപിതമായതിന്റെ 40-ാം വാർഷികവുമാണ്. അതിനോടനുബന്ധിച്ചുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കുവാൻ എല്ലാവരും സഹകരിക്കണമെന്നും, ആശയങ്ങളും, ആശങ്കകളും പങ്കുവച്ച് എല്ലാ മീറ്റിങ്ങുകളിലും പങ്കെടുക്കണമെന്നും അഭിവന്ദ്യ പിതാവ് അംഗങ്ങളെ ഓർമ്മിപ്പിച്ചു.

തുടർന്ന് 12-ാമത് പാസ്റ്ററൽ കൗൺസിൽ സമ്മേളനം ഷെവലിയർ ബെന്നി പുന്നത്തറ തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സന്ദേശത്തിൽ കാലഘട്ടത്തിന്റെ വെല്ലുവിളികൾക്ക് സഭയെ ഒരുക്കുന്നതിന്റെ ഭാഗമായി ദൈവം നമ്മെ തിരഞ്ഞെടു ത്തിരിക്കുകയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. സഭയുടെ ചരിത്ര ത്തിൽ എന്നും പ്രതിസന്ധികളുണ്ടായിട്ടുണ്ടെന്നും, എല്ലാ പ്രതിസന്ധി കളിലും എന്നും സഭയ്ക്ക് ശക്തി പകർന്നത് പരിശുദ്ധാത്മാവാ ണെന്നും ആത്മാവിനോട് തുറവിയുള്ളവരായപ്പോഴെല്ലാം തിരുസ്സഭ ശക്തയായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ദൈവം നമ്മുടെ പക്ഷത്തുള്ളപ്പോൾ വിജയം വരിക്കാനാവും എന്നും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെന്ന നിലയിൽ നല്ല ആത്മാഭിഷേ കവും പ്രത്യാശയും ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സിനഡാലിറ്റി എന്ന വാക്ക് വഴിയായി ഫ്രാൻസിസ് മാർപ്പാപ്പ ഉദ്ദേശിച്ചത് എല്ലാവരെയും ശ്രവിക്കണമെന്നാണ്. എല്ലാവരെയും ശ്രവിച്ച് ഭൂരുപക്ഷ തീരുമാനം നടപ്പിലാക്കുകയല്ല സിനഡാലിറ്റിയുടെ ലക്ഷ്യം. മറിച്ച്, ദൈവാത്മാവ് സംസാരിക്കുന്നത് ആരിലൂടെയുമാകാം. അത് വിവേചിച്ചറിഞ്ഞ് ദൈവാരൂപിയുടെ പദ്ധതി നടപ്പിലാക്കു ന്നതാണ് യഥാർത്ഥ സിനഡാലിറ്റിയെന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ട് സഭയുടെ ഇന്നത്തെ വെല്ലുവിളികളെ പ്രാർത്ഥനാ പൂർവ്വം മനസ്സിലാക്കി ദൈവാരൂപിയുടെ പ്രചോദനങ്ങൾ ശ്രദ്ധിച്ച് ഒരുമിച്ചുള്ള യാത്ര നടത്താൻ പാസ്റ്ററൽ കൗൺസിൽ അംഗങ്ങങ്ങൾ തയ്യാറാകണമെന്ന് ഷെവലിയർ ബെന്നി പുന്നത്തറ ആഹ്വാനം ചെയ്തു.

തുടർന്ന് 12-ാമത് പാസ്റ്ററൽ കൗൺസിലേക്ക് തിരഞ്ഞെടു ക്കപ്പെടേണ്ട ഭാരവാഹികളെക്കുറിച്ച് ജനറൽ സെക്രട്ടറി ഫാ. ജോർജ്ജ് മുണ്ടനാട്ട് അറിയിക്കുകയും അഭിവന്ദ്യ പിതാവ് തിരഞ്ഞെടുപ്പ് നടപടികൾ നിയന്ത്രിക്കുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുടെയും കേന്ദ്ര കമ്മറ്റിയുടെയും അജണ്ടാ കമ്മറ്റിയുടെയും ഉത്തരവദിത്വങ്ങളെക്കുറിച്ച് നിയമാവലിയുടെ അടിസ്ഥാനത്തിൽ അഭിവന്ദ്യ പിതാവ് വിശദീകരിച്ചു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ 12-ാമത് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി ശ്രീ. ബെന്നി ലൂക്കോസ് മുഴികുഴിയിൽ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്ര

കമ്മറ്റിയിലേക്ക് വൈദികപ്രതിനിധിയായി പാറപ്പോടി ഫൊറോന വികാരി റവ. ഫാ. ജോസഫ് കളരിക്കൽ, സന്യാസ വൈദിക പ്രതിനിധിയായി എം.സി.ബി.എസ്. പ്രൊവിൻഷ്യൽ റവ. ഫാ. മാത്യു ഓലിക്കൽ MCBS, സന്യാസിനികളുടെ പ്രതിനിധിയായി CMC പ്രൊവിൻഷ്യൽ റവ. സി. പവിത്ര സി.എം.സി. അത്മായ പ്രതിനിധി കളായി ശ്രീ. തോമസ് വലിയപറമ്പൻ, അഡ്വ. ബീന എന്നിവരെ തിരഞ്ഞെടുത്തു.

തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയെയും കേന്ദ്രസമിതി അംഗങ്ങളെയും അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. പിന്നീട് 2026-ൽ രൂപതയുടെ റൂബി ജൂബിലിയോടനുബ ന്ധിച്ചുള്ള കർമ്മപദ്ധതികളുടെ രൂപരേഖ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര അവതരിപ്പിച്ചു. വിശ്വാസം, കുടുംബം, സമുദായം, വൈദികർ-സന്യസ്തർ എന്നീ തലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അടുത്ത നാലുവർഷത്തെ കർമ്മപരിപാടികൾക്ക് യോഗം അംഗീ കാരം നല്കി.

ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് താമരശ്ശേരി രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ മാനേജർ റവ. ഫാ. ജോസഫ് പാലക്കാട്ട് വിഷയാവതരണം നടത്തി.

തുടർന്ന് കേരളത്തിലെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ വായുദൂരം ESZ ആയി പ്രഖ്യാപിച്ചുകൊണ്ട് 2022 ജൂൺ 3-ന് നിലവിൽ വന്ന സുപ്രീംകോടതി വിധി സംസ്ഥാന സർക്കാരിന് വിശദീകരണം നല്കുവാൻ അനുവദിച്ച സമയം സെപ്റ്റംബർ 3-ന് അവസാനിച്ചിട്ട് നാലു മാസം കഴിഞ്ഞപ്പോൾ സർക്കാർ പുറത്തുവിട്ട ഉപഗ്രഹ മാപ്പ് അവ്യക്തവും അപൂർണ്ണവും അബദ്ധജടിലവുമാണ് എന്ന് വിഷയം അവതരിച്ച് സംസാരിച്ച കേരള കർഷക അതിജീവന സമിതി സംസ്ഥാന ജനറൽ കൺവീനറും, താമരശ്ശേരി രൂപത കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ടും, അൽഫോൻസ കോളേ ജിന്റെ പ്രിൻസിപ്പലും, സീറോ മലബാർ സഭയുടെ ഔദ്യോഗിക വക്താവുമായ ഡോ. ചാക്കോ കാളംപറമ്പിൽ വിലയിരുത്തി. ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള നടപടികൾ സർക്കാ രിന്റെ ഭാഗത്തുനിന്നു ണ്ടാകണമെന്നും ഗ്രൗണ്ട് സർവ്വേ നടത്തി കർഷകരുടെ സ്വത്തിനും ഭൂമിക്കും സംരക്ഷണം നല്കണമെന്നും സർക്കാരിനോട് പ്രമേയത്തിലൂടെ യോഗം ആവശ്യപ്പെട്ടു.

പിന്നീട് നടന്ന ചർച്ചയിൽ രൂപതയിൽ ഒരു സൈബർ സെൽ ഉണ്ടാവേണ്ടതിന്റെ ആവശ്യകതയെപറ്റി സി. ലിൻസി യോഗത്തെ അറിയിച്ചു. അതോടൊപ്പം കുടുംബബന്ധങ്ങളുടെ തകർച്ചകളെ ക്കുറിച്ചുള്ള ആശങ്ക അഡ്വ. ബീന പങ്കുവച്ചു. കോടതി വ്യവഹാരങ്ങ ളിലേക്ക് വരുന്നതിനുമുമ്പ് കുടുംബപ്രശ്നങ്ങളിൽ ഇടപെടുവാനുള്ള സംവിധാനം രൂപതാതലത്തിൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകത അഡ്വ. ബീന യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി.

റൂബി ജൂബിലിയോടനുബന്ധിച്ച് എത്ര വീടുകൾ പണിയും എന്ന കാര്യം മുൻകൂട്ടി അറിയിച്ച് അതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നത് നല്ലതാണ് എന്ന് തോമസ് വലിയപറമ്പിൽ അഭിപ്രായ പ്പെട്ടു. ജെറിയാട്രിക് കെയർ, ഹെൽപ്പ് ഡെസ്ക്, പ്രവാസി ഡിപ്പാർട്ട്മെന്റ് എന്നീ കാര്യങ്ങളിൽ രൂപതയുടെ ശ്രദ്ധപതിയണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

ശൂന്യവേളയിൽ അൽഫോൻസാ കോളേജിൽ NAAC Acreditation - A Grade കിട്ടിയ കാര്യം അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു. നേതൃത്വം നല്കിയ കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിലിനെയും, മാനേജർ റവ. ഫാ. സജി മംഗരയെയും കോളേജിൽ ജോലി ചെയ്യുന്ന എല്ലാ വൈദികരെയും സ്റ്റാഫ് അംഗങ്ങളെയും യോഗം അനുമോദിച്ചു. ത്രികാലജപത്തോടെയും അഭിവന്ദ്യ പിതാവിന്റെ ശ്ലൈഹിക ആശീർവാദ ത്തോടെയും യോഗം സമാപിച്ചു.

**ഫാ. ജോർജ്ജ് മുണ്ടനാട്ട്**

ജനറൽ സെക്രട്ടറി



# വിശ്വാസപരിശീലനം

"ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയത് കടന്നുപോയി ഇതാ, പുതിയത് വന്നുകഴിഞ്ഞു." (2 കോറി. 5: 17)

## രൂപതാ മതബോധന കമ്മറ്റി

2022-2023 വിശ്വാസപരിശീലന വർഷത്തിലെ രൂപതാ മതബോധന കമ്മിറ്റിയുടെ രണ്ടാമത്തെ മീറ്റിംഗ് 13. 12. 2022 ചൊവ്വാഴ്ച അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ അധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ വച്ച് ചേരുകയുണ്ടായി. നിലവിലുള്ള രൂപതാ മതബോധന കമ്മിറ്റിയുടെ അവസാനത്തെ മീറ്റിംഗ് കൂടിയായിരുന്നു ഇത്. രൂപതാ മതബോധന പ്രസിഡന്റ് ശ്രീ. ബാബു ചെട്ടിപ്പറമ്പിലിന്റെ സ്വാഗതപ്രസംഗത്തോടെ 2.00 മണിക്ക് സമ്മേളനം ആരംഭിച്ചു. അഭിവന്ദ്യ പിതാവിന്റെ സന്ദേശത്തിനുശേഷം രൂപതാ മതബോധന സെക്രട്ടറി സെബാസ്റ്റ്യൻ കൈതാരത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്നു മതബോധന ഡയറക്ടറുടെ നേതൃത്വത്തിൽ നടന്ന തെരെഞ്ഞെടുപ്പിൽ രൂപതാ ഭാരവാഹികളായി തെരെഞ്ഞെടുക്കപ്പെട്ടവർ: ശ്രീ. ഷാജി കണ്ടത്തിൽ (വാലില്ലാപ്പുഴ) - പ്രസിഡന്റ്, ശ്രീ. സെബാസ്റ്റ്യൻ കൈതാരത്ത് (താമരശ്ശേരി) - സെക്രട്ടറി, റീത്താ കുറ്റിപ്പൂവത്തിങ്കൽ (നൂറാംതോട്) - വനിതാപ്രതിനിധി, എക്സിക്യൂട്ടീവ് അംഗങ്ങൾ: ആന്റണി ചൂരപ്പൊയ്കയിൽ (കോടഞ്ചേരി) ഡെയ്സി ആലപ്പാട്ട് (അമലാപുരി). 6 ഫൊറോന വികാരിയച്ചന്മാരടക്കം 34 പേർ യോഗത്തിൽ സംബന്ധിച്ചു. ശ്രീ. ഷാജി കണ്ടത്തിലിന്റെ നന്ദിപ്രകടനത്തോടെ യോഗം അവസാനിച്ചു.

## മീറ്റിംഗിലെ പ്രധാന ചർച്ചകളും തീരുമാനങ്ങളും

1. **ACC ക്ലാസുകൾ:** നിലവിലുള്ള ക്ലാസുകൾ കുറച്ചുകൂടി ലളിതമാക്കണം. കുട്ടികൾക്ക് കൂടുതൽ ആകർഷകമാകുന്ന തരത്തിലുള്ള മോട്ടിവേഷൻ ക്ലാസുകൾ ഉൾപ്പെടുത്തണം. രൂപതാ പരിധിയിലുള്ള സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കാൻ ACC സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയാൽ ഈ കോഴ്സിന് കുറച്ചുകൂടി മൂല്യം ഉണ്ടാകുമെന്നും അതിന് ബന്ധപ്പെട്ട അധികാരികൾ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും എല്ലാവരും ഏകകണ്ഠേന അഭിപ്രായപ്പെട്ടു.

2. **മതാധ്യാപക തുടർപരിശീലനം:** മതാധ്യാപകരെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച് അടുത്ത അധ്യയന വർഷം മുതൽ തുടർപരിശീലനം നടത്താമെന്ന് തീരുമാനിച്ചു. ഒരു വർഷത്തിൽ മൂന്ന് ക്ലാസെങ്കിലും അധ്യാപകർക്കു ലഭിക്കത്തക്ക രീതിയിൽ ക്ലാസുകൾ ക്രമീകരിക്കുകയും അതിനായി രൂപതാതലത്തിൽ ടീമുകൾ രൂപീകരിച്ച് ടീമംഗങ്ങൾ ഓരോ മേഖലാ സെന്ററുകളിലും ക്ലാസ് എടുക്കുന്ന രീതിയിൽ പദ്ധതി തയ്യാറാക്കണമെന്നും നിർദ്ദേശമുണ്ടായി.

3. **ബൈബിൾ നേഴ്സറി:** ഒന്നാം ക്ലാസ് പ്രവേശനത്തിന് ബൈബിൾ നേഴ്സറി ക്ലാസിലെ ഹാജർ ശതമാനം മാനദണ്ഡമാക്കേണ്ടതില്ലെന്നും എന്നാൽ ക്ലാസുകളിൽ ഇടവകയിലെ മുഴുവൻ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണമെന്നും തീരുമാനിച്ചു.
4. **മാതാപിതാക്കൾക്കുള്ള സെമിനാർ:** കുടുംബ വിശ്വാസപരിശീലനത്തിന്റെ ഭാഗമായി വേദപാഠം പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി ഓരോ ഇടവകയിലും സായാഹ്ന സെമിനാർ സംഘടിപ്പിക്കാനും അതിനായി രൂപതാതലത്തിൽ റിസോഴ്സ് ടീമിനെ രൂപീകരിക്കാനും തീരുമാനിച്ചു.
5. **വിശ്വാസോത്സവം:** അടുത്ത അധ്യയന വർഷം മുതൽ (2023-2024) വിശ്വാസോത്സവം നാലു ദിവസമാക്കാമെന്ന് തീരുമാനിച്ചു. ഈ അധ്യയന വർഷത്തെ (2022-2023) വിശ്വാസോത്സവം ഈസ്റ്ററിനുശേഷം വരുന്ന ചൊവ്വ, ബുധൻ, വ്യാഴം (ഏപ്രിൽ 11, 12, 13) ദിവസങ്ങളിൽ നടത്താൻ തീരുമാനിച്ചു.
6. **വാർഷിക പരീക്ഷ:** വിശ്വാസോത്സവത്തിനുശേഷം ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ വിശ്വാസപരിശീലന വാർഷിക പരീക്ഷ നടത്താൻ തീരുമാനിച്ചു.
7. **ലഹരി വിരുദ്ധ ദിനം:** എല്ലാ വർഷവും ഒക്ടോബർ മാസത്തിലെ ആദ്യ ഞായറാഴ്ച സൺഡേസ്കൂളുകളിൽ ലഹരിവിരുദ്ധ ദിനമായി ആചരിക്കണം എന്നു തീരുമാനിച്ചു. അന്നേദിവസം ഇടവകതലത്തിൽ ബോധവത്കരണ ക്ലാസുകൾ, റാലികൾ, പ്രതിജ്ഞ തുടങ്ങിയവ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും എന്ന് കമ്മിറ്റി അംഗങ്ങൾ അഭിപ്രായപ്പെട്ടു.
8. **പ്രധാനാധ്യാപകരുടെ മാറ്റം:** പ്രധാനാധ്യാപകർ അഞ്ച് വർഷത്തേക്കാണ് നിയമിതരാകുന്നത്. അഞ്ച് വർഷം കഴിയുമ്പോൾ അവർ സ്ഥാനം ഒഴിയേണ്ടതാണ്. അവരെ തൽസ്ഥാനത്തുനിന്ന് മാറ്റുന്നതിനും നിലനിർത്തുന്നതിനും ഇടവക വികാരിയച്ചന്മാർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

### പൊതു നിർദ്ദേശങ്ങൾ

HCC പരീക്ഷകൾ കഴിഞ്ഞവർഷം നടത്തിയ അതേ രീതിയിൽതന്നെ (ഇടവകതലത്തിൽ പരീക്ഷ, മേഖലാതലത്തിൽ മൂല്യനിർണയം) തുടരുന്നതായിരിക്കും.

HCC പരീക്ഷയുടെ ചോദ്യപേപ്പറിൽ പാഠഭാഗവുമായി ബന്ധപ്പെട്ട പൊതു ചോദ്യങ്ങൾ ഉൾപ്പെടുത്തണം.

നാലാം ക്ലാസിലെ ചോദ്യപേപ്പറുകൾ കുറച്ചുകൂടി ലഘൂകരിക്കണം.

വിരമിക്കുന്ന മതാധ്യാപകരെ ഇടവകതലത്തിൽ പ്രത്യേകമായി ആദരിക്കണം.

വൈദിക ദിനത്തിൽ വൈദികരെ ഇടവകയിൽ പ്രത്യേകമായി ആദരിക്കണം.

ഒന്ന്, രണ്ട്, മൂന്ന് ക്ലാസുകളിൽ എഴുത്തുപരീക്ഷയാക്കണം. ചോദ്യപേപ്പറിൽത്തന്നെ ഉത്തരങ്ങൾ എഴുതുന്ന രീതിയിൽ ചോദ്യപേപ്പർ തയ്യാറാക്കണം. ഈ അധ്യയനവർഷത്തിലെ വാർഷികപരീക്ഷയ്ക്ക് മൂന്നാം ക്ലാസിലെ ചോദ്യപേപ്പർ എഴുത്തു പരീക്ഷയായി തയ്യാറാക്കുന്നതാണ്.

### ACC ഓൺലൈൻ ക്ലാസുകൾ

പതിമൂന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള പതിനൊന്നാമത്തെ ക്ലാസ് ഡിസംബർ 06-നും (ഞായർ) പന്ത്രണ്ടാമത്തെ ക്ലാസ് ഡിസംബർ 18-നും (ഞായർ) കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. അബോർഷൻ എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ (വികാരി, സെന്റ് അൽഫോൻസാ ചർച്ച്, കാക്കവയൽ) ക്ലാസെടുത്തു.

### ACC ഓൺലൈൻ ക്ലാസുകൾ ജനുവരി മാസത്തിൽ

ജനുവരി 01 - ഞായർ
ജനുവരി 15 - ഞായർ

### ഷെയർ ഫെയ്ത്ത്

വിശ്വാസസംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി നൽകുക എന്ന ലക്ഷ്യത്തോടുകൂടി, വിശ്വാസപരിശീലകരെ അവതാരകരായി എടുത്തുകൊണ്ട് മതബോധന വിദ്യാർഥികളുമായി നടത്തുന്ന അഭിമുഖ സംഭാഷണമാണ് ഷെയർ ഫെയത്ത്. ഇതിനോടകം മൂന്ന് എപ്പിസോഡുകൾ കാറ്റക്കേസിസ് താമരശ്ശേരിയുടെ യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. ഈശോ എന്തുകൊണ്ടാണ് പുൽക്കൂട്ടിൽ ജനിച്ചത്? ഈശോ എന്തുകൊണ്ടാണ് മനുഷ്യാവതാരം ചെയ്തത്? ശിശുവായി അവതരിച്ച ഈശോ ദൈവമായിരുന്നു എന്നതിന്റെ തെളിവെന്താണ്? എന്നീ മൂന്നു ചോദ്യങ്ങൾ ഇതിനോടകം അവതരിപ്പിച്ചു.

### HCC യൂണിവേഴ്സിറ്റി പരീക്ഷ

2023 ജനുവരി 26-ന് HCC യൂണിവേഴ്സിറ്റി പരീക്ഷ ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ അതാത് ഇടവകകളിൽ വച്ച് നടത്തുന്നതാണ്. ചോദ്യപേപ്പറുകൾ 21 ശനിയാഴ്ച ചോദ്യപേപ്പറുകൾ മേഖലാ ഭാരവാഹികൾക്കു നൽകുന്നതാണ്. ഉത്തരക്കടലാസുകൾ ജനുവരി 27 (വെള്ളി) ഇടവകകളിൽ നിന്നും മേഖലയിൽ എത്തിക്കേണ്ടതാണ്.

### HCC മൂല്യനിർണ്ണയം

ജനുവരി 29 ഞായറാഴ്ച ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ജനുവരി 30 തിങ്കളാഴ്ച ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും രൂപതാ വിശ്വാസപരിശീലന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### HCC സേ പരീക്ഷ

ഫെബ്രുവരി 19 ഞായറാഴ്ച മേഖലയിലെ ഏതെങ്കിലും ഒരു സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 02 മണി മുതൽ 4.00 മണി വരെ സേ പരീക്ഷ നടത്തുന്നതാണ്.

## HCC പുനർ മൂല്യനിർണ്ണയം

ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണ്ണയം സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 25 (ശനി).

## ASPCT (Advanced Self Study Program for Catechism Teachers)

മതാധ്യാപക തുടർപരിശീലന പരീക്ഷ ഫെബ്രുവരി 26-ാം തീയതി 2.00 മണി മുതൽ 3.00 മണി വരെ ഓരോ ഇടവകകളിലും വച്ചു നടക്കുന്നതാണ്.

## പരീക്ഷയെക്കുറിച്ചുള്ള പൊതുവായ നിർദ്ദേശങ്ങൾ:

- പഠനഭാഗം: യേശു മഹോന്നതൻ (പേജ് 255 മുതൽ 334 വരെ)
- 75 ചോദ്യങ്ങൾ ഉൾപ്പെടുന്ന ചോദ്യാവലി നേരത്തെ അധ്യാപകർക്കു നൽകുന്നതാണ്. ഈ ചോദ്യാവലിയിൽ നിന്നും ആകെ 30 മാർക്കിൽ 22 മാർക്കിന്റെ ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതാണ്.
- 8 മാർക്കിന്റെ ചോദ്യങ്ങൾ പൊതുവിജ്ഞാനത്തിൽ നിന്നും ചോദിക്കുന്നതാണ്.
- ഉത്തരപേപ്പറുകളുടെ മൂല്യനിർണയം അതാത് ഇടവകകളിൽത്തന്നെ വികാരിയച്ചനായിരിക്കും നടത്തുന്നത്.
- ഉത്തരസൂചികയ്ക്കൊപ്പം നൽകുന്ന സ്കോർഷീറ്റിൽ അധ്യാപകരുടെ പേരും ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരുടെ മാർക്കും രേഖപ്പെടുത്തേണ്ടതാണ്.
- ഒന്ന് രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്ന അധ്യാപകർക്ക് രൂപതാതലത്തിൽ മാർച്ച് 31 വെള്ളിയാഴ്ച പരീക്ഷ നടത്തുന്നതാണ്.
- രൂപതാതല പരീക്ഷയ്ക്കുള്ള പഠനഭാഗം പേജ് 190-254/ 255-334 വരെയായിരിക്കും.
- ഇടവകതല പരീക്ഷയിൽ നൽകിയ ചോദ്യാവലിയിൽനിന്നു മാത്രമേ (പേജ് 255-334) ആദ്യത്തെ സെക്ഷന് ചോദ്യങ്ങൾ ഉൾപ്പെടുത്തുകയുള്ളൂ. രൂപതാതല പരീക്ഷയിൽ രണ്ടാമത്തെ സെക്ഷന് (190-254) ചോദ്യാവലി ഉണ്ടായിരിക്കുന്നതല്ല.

## ഡയറക്ടറച്ചന്റെ സന്ദർശനം

കട്ടാങ്ങൽ, മഞ്ഞക്കുന്ന്, ചെമ്പുകടവ്, ബാലുശ്ശേരി ഇടവകകളിൽ സന്ദർശനം നടത്തി, വിശ്വാസപരിശീലനപ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ചെറുപുഷ്പ മിഷൻലീഗ്

## സംസ്ഥാനതല പ്ലാറ്റിനം ജൂബിലി സമാപനം

ഡിസംബർ 3 ന് ഭരണങ്ങാനത്തു വെച്ചു നടന്ന പ്ലാറ്റിനം ജൂബി ലി സമാപന ആഘോഷങ്ങളിൽ രൂപതാംഗങ്ങൾ 49 പേർ പങ്കെടുത്തു. പ്രസ്തുത സമ്മേളന ത്തിൽ വച്ച് കഴിഞ്ഞ പ്രവർത്തന വർഷത്തിലെ മികച്ച പ്രവർത്തനത്തിന് താമ രശ്ശേരി രൂപതയ്ക്കും മേഖല തലങ്ങളിൽ പെരിന്തൽമണ്ണ, താമരശ്ശേരി മേഖലക ൾക്കും ശാഖ തലങ്ങളിൽ കട്ടിപ്പാറ, മരിയാപുരം, മാലാപറമ്പ് ശാഖകൾക്കും അവാർഡുകൾ ലഭിച്ചു. സമ്മേളനത്തിൽ വെച്ച് പ്ലാറ്റിനം ജൂബിലിയോടനുബ ന്ധിച്ചു നടത്തിയ പ്രബന്ധ മത്സരത്തിൽ മൂന്നാം സ്ഥാനം ലഭിച്ച തേഞ്ഞിപ്പാ ലം ശാഖയിലെ ശ്രീ. ജോസ് വയലിലിനും സമ്മാനം ലഭിച്ചു.

## പ്ലാറ്റിനം ജൂബിലി സമ്മാനക്കൂപ്പൺ നറുക്കെടുപ്പിലെ ബംപർ സമ്മാനർഹർ

| | | |
|---|---|---|
| First prize | – | ലിറ്റി ഡൊമിനിക് കുന്നപ്പിള്ളിൽ, പെരിന്തൽമണ്ണ |
| Second Prize | – | നിഹിത എം.പി. മാടായിൽ, കരികണ്ടൻപാറ |
| Third Prize | – | നിഷ ദിലീപ് കളപ്പുരയിൽ, തിരുവമ്പാടി |
| Fourth prize | – | കുട്ടൻ അമ്പാടത്തൊടി, വെറ്റിലപ്പാറ |

സമ്മാന കൂപ്പൺ വിതരണം ചെയ്യാനും കളക്ഷൻ തരുവാനും സഹായിച്ച എ ല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. ബംപർ സമ്മാനം കൂടാതെ, കൂപ്പൺ വി റ്റഴിച്ച 103 ശാഖകളിലേയ്ക്കും നറുക്കെടുപ്പുവഴി പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ഒരാൾക്ക് പ്രോത്സാഹന സമ്മാനം നൽകി. 100 കൂപ്പണിൽ കൂടുതൽ വിറ്റഴിച്ച കൂടരഞ്ഞി ശാഖയ്ക്ക് പ്രത്യേക പ്രോത്സാഹന സമ്മാനവും നല്കി.

## ക്രിസ്തുമസ് 2022

### 25 ദിന പരിപാടി

1. സുകൃതമഞ്ജരി : 25 ദിവസങ്ങളിലും ക്രിസ്തുമസിനുള്ള ആത്മീയ ഒരുക്ക ത്തിനായി നല്കുന്ന സുകൃതമഞ്ജരി ഈ വർഷവും നല്കി.

2. SILENT NIGHT HOLY NIGHT CHRISTMAS STATUSES and SONGS : രൂ പത, സംസ്ഥാന മത്സരങ്ങളിലെ വിജയികളായ മികച്ച 7 ഗായകർ ആലപിച്ച ക്രിസ്തുമസ് ഗാനം YouTube ൽ upload ചെയ്തു. മറ്റ് ദിവസങ്ങളിൽ വാട്ട്സ് ആപ് status വീഡിയോ നല്കി.

## ജനുവരി മാസ പ്രോഗ്രാം

| | | |
|---|---|---|
| 01-01-23 ഞായർ | – | **ബൈബിൾ ഞായർ,** വർഷാരംഭം, **മിഷൻമാസ ആരംഭം** |
| 03 ചൊവ്വ | – | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 06 വെള്ളി | – | സീറോമലബാർ മിഷൻ വാരം ആരംഭം, ദനഹാതിരുനാൾ |

07 ശനി – നിയോഗം – എല്ലാമിഷനറിമാർക്കും വേണ്ടി
08 ഞായർ – മിഷൻ വിജ്ഞാനപരിപാടി
09 തിങ്കൾ – നിയോഗം – എല്ലാ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപവസിച്ച് പ്രാർത്ഥിക്കുന്നു.
10 ചൊവ്വ – തങ്ങൾക്കു ലഭിച്ച മിഷൻ ഗ്രാമങ്ങളുമായി ഓൺലൈൻ പ്രോഗ്രാം നടത്തുന്നു.
11 ബുധൻ – മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി ഓരോരുത്തരും 100 സുകൃതജപങ്ങൾ വീതം ചൊല്ലുന്നു.
12 വ്യാഴം – **മിഷൻവാര സമാപനം**
14 ശനി – രൂപതാ എക്സിക്യൂട്ടീവ്
20 വെള്ളി – വി. സെബസ്ത്യാനോസ്
26 വ്യാഴം – റിപ്പബ്ലിക് ദിനം
28 ശനി – വി. തോമസ് അക്വീനാസ്
29 ഞായർ – പ്ലാറ്റിനം ജൂബിലി രാജ്യാന്തര സമാപനം – തക്കല
31 ചൊവ്വ – വി. ഡോൺ ബോസ്കോ

മിഷൻമാസ സമാപനം

*പ്രവർത്തനങ്ങൾ*

* മിഷൻ ഗ്രാമങ്ങൾക്ക് സാമ്പത്തിക സഹായം
* സുകൃതങ്ങൾ അയച്ചുകൊടുക്കുന്നു
* മിഷൻ പ്രവർത്തനങ്ങളുടെ വീഡിയോ തയ്യാറാക്കി പ്രചരിപ്പിക്കുന്നു, മിഷനറിമാരെ ആദരിക്കുന്നു, മിഷൻ അനുഭവം പങ്കുവയ്ക്കുന്നു – അഭിമുഖം നടത്തുന്നു.

## മിഷൻ മാസവും സീറോ മലബാർ മിഷൻ വാരവും

ജനുവരി മാസത്തിൽ ആചരിക്കപ്പെടുന്ന മിഷൻ മാസവും സീറോ മലബാർ മിഷൻ വാരവും (6–12) സമുചിതമായി ആചരിക്കുകയും മിഷൻ അഭിരുചിയുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. മിഷൻ ഗ്രാമങ്ങളുമായി ബന്ധപ്പെട്ടവിവിധങ്ങളായ പ്രവർത്തനങ്ങൾ മാർഗ്ഗരേഖയിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് തേവടിയിൽ**

ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

# ലിറ്റർജി കമ്മീഷൻ

## താമരശ്ശേരി രൂപത കലണ്ടർ 2023

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെയും ഫാമിലി അപ്പോസ് തലേറ്റിന്റെയും നേതൃത്വത്തിൽ പുറത്തിറക്കിയ താമരശ്ശേരി രൂപത കലണ്ടർ 2023 നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും സൗജന്യമായിട്ടാണ് നൽകുന്നത്. ഓരോ ദിവസത്തെയും വിശുദ്ധ ഗ്രന്ഥ വായനകളും കർത്താവിന്റെ തിരുനാൾ ദിനങ്ങളും വിശുദ്ധരുടെ തിരുനാൾ ദിനങ്ങളും പൊതു അവധികളും കലണ്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ ദിവസത്തെയും സന്ധ്യാ പ്രാർത്ഥനയുടെ അവസരത്തിൽ പിറ്റേ ദിവസത്തെ വിശുദ്ധ ഗ്രന്ഥ വായന കലണ്ടറിന്റെ സഹായത്തോടെ വായിക്കാൻ ജനങ്ങളെ ബഹു. അച്ചന്മാർ പ്രോത്സാഹിപ്പിക്കുന്നത് നല്ലതായിരിക്കും. ഈ കലണ്ടർ യാഥാർത്ഥ്യമാക്കാൻ സഹകരിച്ച പി.എം. ഒ.സി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കവളക്കാട്ടിനെയും പരസ്യം നൽകിയും മറ്റു സംഭാവനകൾ നൽകിയും സഹകരിച്ചവരെയും കൃതജ്ഞതയോടെ ഓർക്കുന്നു.

## ഫീദെസ് ഫാമിലി ക്വിസ് 2023

താമരശ്ശേരി രൂപത കലണ്ടർ 2023 നെയും വിശുദ്ധ കുർബാന പുസ്തകത്തെയും അടിസ്ഥാനമാക്കി ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ ഫീദെസ് ഫാമിലി ക്വിസ് 2023 എന്ന പേരിൽ ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുന്നുണ്ട്.

*പ്രത്യേകതകൾ :*

താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഈ ക്വിസ്സിൽ പങ്കെടുക്കാം.ഒരു കുടുംബത്തിലെ കുറഞ്ഞത് രണ്ടു പേർക്കോ പരമാവധി മൂന്നുപേർക്കോ പങ്കെടുക്കാം.

ഇടവകാതലം, രൂപതാതലം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായിട്ടാണ് മത്സരം സംഘടിപ്പിക്കുന്നത്.

2023 ലെ താമരശ്ശേരി രൂപത കലണ്ടർ (60%), വിശുദ്ധ കുർബാന പുസ്തകം റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ(10%) എന്നിവയാണ് ഒന്നാംഘട്ടത്തിലെ പഠന വിഷയങ്ങൾ. ഒന്നാംഘട്ട മത്സരം ഓൺലൈൻ ആയിട്ടാണ് നടത്തുന്നത്. കലണ്ടറിൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്യുമ്പോൾ കിട്ടുന്ന ഫോം പൂരിപ്പിച്ച് ഉത്തരങ്ങൾ അയയ്ക്കേണ്ടതാണ്. സംശയങ്ങൾക്ക് 89 21 83 57 01 എന്ന വാട്സപ്പ് നമ്പറിൽ ബന്ധപ്പെടുക. ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2023 ഏപ്രിൽ 9 ഞായറാഴ്ച രാത്രി 12 മണിയാണ്.

പ്രായഭേദമെന്യേ ഒരു കുടുംബത്തിലെ ആർക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

ഒരു ഇടവകയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ട് ടീമുകളാണ് രൂപതാ തല രണ്ടാംഘട്ട മത്സരത്തിന് അർഹരാകുന്നത്.

ഇടവകതല മത്സരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള രണ്ടാംഘട്ട മത്സരം 2023 ജൂൺ 10 ശനിയാഴ്ച രൂപതാ തലത്തിൽ നടത്തുന്നതാണ്.

ഒന്നാം സമ്മാനം: 15,000 രൂപ (CHEM Pharma, Calicut Road, Manjeri).

രണ്ടാം സമ്മാനം: 10000 രൂപ (Fatima Druglines, Manjeri )

മൂന്നാം സമ്മാനം: 5000 രൂപ (Adv. Beena Joseph Palayoor, Manjeri).

പ്രോത്സാഹന സമ്മാനങ്ങൾ (Arabian Dental Lab, Manjeri).

ബഹു. അച്ചന്മാർ ഈ ക്വിസ് മത്സരത്തിൽ സംബന്ധിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# സെമിനാരി വാർത്തകൾ

## ബാസ്ക്കറ്റ് ബോൾ മത്സരങ്ങൾ

സെമിനാരി ബാസ്കറ്റ് ബോൾ കോർട്ടിൽ വച്ച് താമരശ്ശേരി രൂപത വൈദികരും ലിസ്സാ കോളേജിലെ വിദ്യാർത്ഥികളുമായി നടത്തിയ സൗഹൃദ മത്സരത്തിൽ രൂപതാ വൈദികർ ജേതാക്കളായി. ഡിസംബർ 6-ാം തീയതി താമരശ്ശേരി രൂപതാ വൈദികരും എം.സി.ബി.എസ് സനാതനാ മേജർ സെമിനാരിയിലെ ബ്രദേഴ്സും തമ്മിൽ നടത്തിയ സൗഹൃദ മത്സരത്തിൽ വൈദികർ ജയിച്ചു. ഡിസംബർ 7-ാം തീയതി സെന്റ് അൽഫോൻസ മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളും എം.എസ്.ടി സാന്തോം സെമിനാരിയിലെ വിദ്യാർത്ഥികളും തമ്മിൽ നടന്ന സൗഹൃദ ബാസ്കറ്റ് ബോൾ മത്സരത്തിൽ സാന്തോം എം.എസ്.ടി സെമിനാരി വിജയിച്ചു.

## Christobell 2K22

ആഗതമാകുന്ന ക്രിസ്തുമസ്സിനോടനുബന്ധിച്ച് രണ്ടാം വർഷ വൈദിക വിദ്യാർത്ഥികൾ തയ്യാറാക്കിയ ക്രിസ്മസ് നക്ഷത്രം Christobell 2K22 ഉയർത്തുകയും, ഉണ്ണീശോയെ ഹൃദയത്തിൽ സ്വീകരിക്കാനായി 3-ാം വർഷ വൈദിക

വിദ്യാർത്ഥികൾ തയ്യാറാക്കിയ സുകൃത മഞ്ജരി പ്രകാശനം ചെയ്യുകയും ചെയ്തു.

### പരീക്ഷ, അവധി

ഡിസംബർ 13-ാം തീയതി മുതൽ 21-ാം തീയതി വരെ സെമിനാരി വിദ്യാർത്ഥികളുടെ ക്രിസ്മസ് പരീക്ഷ നടത്തി. ഡിസംബർ 22-ാം തീയതി മുതൽ ക്രിസ്തുമസ് അവധി ആരംഭിക്കുകയും ചെയ്തു.

### മേജർ സെമിനാരി ഗാതറിങ്ങ്

വിവിധ മേജർ സെമിനാരിയിൽ പഠിക്കുന്ന രൂപതയിലെ വൈദിക വിദ്യാർത്ഥികൾ ഡിസംബർ 22-ാം തീയതി സെമിനാരിയിൽ ഒരുമിച്ച് കൂടുകയും അഭിവന്ദ്യ പിതാവിന് ക്രിസ്മസ് ആശംസകൾ നേരുകയും, ക്രിസ്മസ് മംഗളങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും ചെയ്തു. തദവസരത്തിൽ അഭിവന്ദ്യ പിതാവ് മേജർ സെമിനാരി വിദ്യാർത്ഥികളുടെ രചനകളും വിശേഷങ്ങളും പങ്കുവയ്ക്കുന്ന സൗഹൃദം 2022 പ്രകാശനം ചെയ്തു.

### കണാരൻ ചേട്ടന് പുതിയ ഭവനം

നീണ്ട വർഷങ്ങളായി സെമിനാരിയിൽ ജോലി ചെയ്യുന്ന കണാരൻ ചേട്ടന് സെമിനാരി കുടുംബം ഒരു ഭവനം പണിത് നൽകുകയും ഡിസംബർ 26-ാം തീയതി അഭിവന്ദ്യ പിതാവ് താക്കോൽ ദാനം നിർവ്വഹിക്കുകയും ചെയ്തു.

### ഗ്ലോറിയ 2K22

2022 ഡിസംബർ 21 സായാഹ്നത്തിൽ സെമിനാരിയിൽ ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തി. സെമിനാരി വിദ്യാർത്ഥികൾ ചാവറ കോൺവെന്റിലേക്കും, രൂപതാഭവനിലേക്കും ക്രിസ്തുമസ് കരോൾ നടത്തി. തുടർന്ന് എല്ലാവരും ഒരുമിച്ച് സെമിനാരിയിൽ ഒന്നുചേരുകയും സെമിനാരി വിദ്യാർത്ഥികളുടെ ക്രിസ്മസ് പ്രോഗ്രാമിൽ പങ്കെടുക്കുകയും ചെയ്തു. തദവസരത്തിൽ സെമിനാരി ഹോംഡേ മത്സരങ്ങളിൽ വിജയികളായവർക്ക് അഭിവന്ദ്യപിതാവ് സമ്മാനങ്ങൾ നല്കി. വൈദിക വിദ്യാർത്ഥികളുടെ കൈയെഴുത്തുമാസിക ‘വർണ്ണം - 2022’ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# വിദ്യാഭ്യാസരംഗം

## സ്കൂൾ കെട്ടിട ഉദ്ഘാടനവും ആശീർവാദ കർമ്മവും

കുളത്തുവയൽ സെന്റ് ജോർജ്ജസ് ഹൈസ്കൂളിനുവേണ്ടി ആധുനിക സൗകര്യങ്ങളോടെ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിട ബ്ലോക്കിന്റെ ആശീർവാദ കർമ്മവും ഉദ്ഘാടനവും രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട്, സ്കൂൾ മാനേജർ ഫാ. ജോർജ് കളപ്പുര, പ്രധാനധ്യാപകൻ ശ്രീ. ബിനു ടി ഇടയന്ത്രം, പ്രിൻസിപ്പാൾ ശ്രീ. ജോസ് കെ.പി., പി.ടി.എ. ഭാരവാഹികൾ, അധ്യാപക-അനധ്യാപക ജീവനക്കാർ, ഇടവക ട്രസ്റ്റിമാർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## സ്കൂൾ കെട്ടിടത്തിനു തറക്കല്ലിട്ടു

പന്തല്ലൂർ സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിന്റെ പുതിയ സ്കൂൾ കെട്ടിടത്തിന് അഭിവന്ദ്യ പിതാവ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തറക്കല്ലിട്ടു. ഇതിനോടനുബന്ധിച്ചു ചേർന്ന യോഗത്തിൽ കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട്, സ്കൂൾ മാനേജർ ഫാ. അഗസ്റ്റ്യൻ പന്നിക്കോട്ട്, ഹെഡ്മിസ്ട്രസ്സ് ഇൻചാർജ് ശ്രീമതി ലിബി എൻ. ജേക്കബ്, അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, ഇടവക ട്രസ്റ്റിമാർ എന്നിവർ പങ്കെടുത്തു.

## പ്രധാനധ്യാപക യോഗവും ബോധവത്ക്കരണക്ലാസ്സും

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാനധ്യാപകരുടെ യോഗം മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ ഹാളിൽ നടത്തപ്പെട്ടു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് പ്രധാനധ്യാപകരെ അഭിസംബോധന ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പോക്സോ നിയമം സംബന്ധിച്ച ക്ലാസ്സിന് അഡ്വ. ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ നേതൃത്വം നൽകി. ശ്രീ. അഗസ്റ്റ്യൻ മഠത്തിപ്പറമ്പിൽ സ്വാഗതവും ശ്രീ. ജേക്കബ് കോച്ചേരി നന്ദിയും പറഞ്ഞു.

## പ്രധാനധ്യാപക നിയമനം അപേക്ഷ ക്ഷണിച്ചു

കോർപ്പറേറ്റ് സ്കൂളുകളിൽ അടുത്ത അധ്യയനവർഷം പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ തസ്തികകളിൽ സ്ഥാനക്കയറ്റ നിയമനം ലഭിക്കാൻ താല്പര്യമുള്ളവരും നിർദ്ദിഷ്ട യോഗ്യത നേടിയവരുമായ അധ്യാപകർ 16/01/2023 നുമുമ്പായി കോർപ്പറേറ്റ് മാനേജർക്ക് അപേക്ഷ നൽകേണ്ടതാണ്.

## വിദ്യാഭ്യാസ സംഗമവും യാത്രയയപ്പ് സമ്മേളനവും

ഈ വർഷത്തെ വിദ്യാഭ്യാസ സംഗമവും റിട്ടയർ ചെയ്യുന്ന ജീവനക്കാർക്കുള്ള യാത്രയയപ്പും 2023 ഫെബ്രുവരി 25 ശനിയാഴ്ച തിരുവമ്പാടിയിൽവെച്ച് നടത്തുന്നതാണ്.

## അധ്യാപക നിയമനം - അപേക്ഷ ക്ഷണിക്കുന്നു

കോർപ്പറേറ്റ് സ്കൂളുകളിൽ വരും വർഷങ്ങളിൽ ഉണ്ടാകാൻ ഇടയുള്ള താല്ക്കാലിക/ സ്ഥിരം ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് കോർപ്പറേറ്റ് ഓഫീസിൽനിന്നും ലഭ്യമാകുന്ന നിശ്ചിത അപേക്ഷാ ഫോമിൽ 03/01/2023 മുതൽ 31/01/2023 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകർ ഐച്ഛിക വിഷയത്തിൽ ബിരുദം/ബിരുദാനന്തരബിരുദം, ബി.എഡ്/ എം.എഡ്, കെ.ടെറ്റ് (കാറ്റഗറി II, III) സെറ്റ്/നെറ്റ്/എം.ഫിൽ എന്നീ യോഗ്യതകൾ അപേക്ഷ തീയതിയിൽ നേടിയിരിക്കണം. **മാത്തമാറ്റിക്സ്, ഫിസിക്കൽ സയൻസ് (കെമിസ്ട്രി/ഫിസിക്സ്), സോഷ്യൽ സയൻസ്, നാച്ചുറൽ സയൻസ് (ബോട്ടണി/സുവോളജി), ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ അധ്യാപന യോഗ്യത നേടിയവർക്കാണ് (യു.പി.എസ്.ടി., എച്ച്.എസ്.ടി., എച്ച്.എസ്.എസ്.ടി.)** അപേക്ഷ സമർപ്പിക്കാവുന്നത്.

## ആദരാഞ്ജലികൾ

നമ്മുടെ കോർപ്പറേറ്റിനുകീഴിലുള്ള വിവിധ സ്കൂളുകളിൽ പതിറ്റാണ്ടുകൾ നീണ്ട മാതൃകാ അധ്യാപകജീവിതം കാഴ്ചവെച്ചതിനുശേഷം വിശ്രമജീവിതത്തിലായിരുന്ന ശ്രീ. എ.ജെ. മത്തായി (റിട്ട. ടീച്ചർ, സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ, കോടഞ്ചേരി), ശ്രീമതി എം.വി. മേരി (റിട്ട. ടീച്ചർ, സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കോടഞ്ചേരി), ശ്രീമതി പി. സി. കൊച്ചുത്രേസ്യാ (റിട്ട. ടീച്ചർ, സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കോടഞ്ചേരി) എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രിയപ്പെട്ട ഈ അധ്യാപകരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## Artificial Intelligence and computer programming course with Python at START

2022 ജനുവരി 7ന് ആരംഭിക്കാൻ പോകുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് കമ്പ്യൂട്ടർ പ്രോഗ്രാമിങ് വിത്ത് പൈതോൺ എന്ന കോഴ്സിലേക് ഇന്ത്യക്ക് അകത്തുനിന്നും പുറത്തു നിന്നുമായി ധാരാളം വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ശനിയാഴ്ചകളിൽ മാത്രം നടക്കുന്ന ക്ലാസുകൾ ആയതിനാലും ഓൺലൈൻ ക്ലാസുകൾ ലഭ്യമായതിനാലും ഒട്ടേറെ ആളുകൾക്ക് START ഒരുക്കുന്ന ഈ കോഴ്സ് മികച്ച രീതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കും.

ഒരു വർഷം 100 മണിക്കൂർ എടുക്കുന്ന ഈ കോഴ്സിന് ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി സീറ്റുകൾ ഇപ്പോഴും ബാക്കിയുണ്ട്.

## International Language Lab

ഇറ്റാലിയൻ, ജർമ്മൻ ഭാഷകൾ ആണ് അന്തർദേശീയ പഠനം ലക്ഷ്യം വെച്ചിരിക്കുന്ന വിദ്യാർത്ഥികൾക്കായി സ്റ്റാർട്ടും ആൽഫ മരിയ അക്കാദമിയും ചേർന്ന് നൽകുന്നത്. ഈ ലാംഗ്വേജ് ലാബിൽ A-1 ബേസിക് ലെവൽ മുതൽ ആ2 പ്രൊഫിഷ്യന്റ് ലെവൽ വരെ പഠിക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് ഒരുക്കിയിരിക്കുന്നു.

### ഇറ്റാലിയൻ, ജർമ്മൻ ഭാഷകളുടെ സമയ ക്രമീകരണങ്ങൾ :

A-1 basic ലെവൽ ആരംഭിക്കുന്നത് 2023 ജനുവരി 16 മുതലാണ്. A-2 standard ലെവൽ 2023 ഫെബ്രുവരി 21 നും, B-1 advanced ലെവൽ 2023 മാർച്ച് 20നും ആരംഭിക്കും. B-2 proficient ലെവൽ പ്രോഗ്രാം ആരംഭിക്കുന്നത് 2023 ഏപ്രിൽ 18 നാണ് .

### ഇന്റർനാഷണൽ ലാംഗ്വേജ് ലാബിന്റെ സവിശേഷതകൾ:

- ഓരോ വിദ്യാർത്ഥികൾക്കും വ്യക്തിഗത പരിചരണവും മാർഗ്ഗനിർദ്ദേശവും നൽകുന്നു
- പരിചയസമ്പന്നരായ അധ്യാപകർ നയിക്കുന്ന ക്ലാസ്സ്
- 5060 മണിക്കൂർ ഉൾക്കൊള്ളുന്ന ലെവലുകൾ.
- പുരുഷന്മാർക്കും സ്ത്രീകൾക്കും ഹോസ്റ്റൽ സൗകര്യം.
- വിസ പ്രോസസ്സിങ്ങിനും & പ്ലേസ്മെന്റുകൾക്കും സഹായം നൽകുന്നു.
- പഠന ശേഷം സർട്ടിഫിക്കറ്റുകൾ നൽകുന്നു.
- കരിയർ ഗൈഡൻസും ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും

വിദ്യാർത്ഥികൾ തങ്ങളിലെ കഴിവുകളെ തിരിച്ചറിഞ്ഞ് അവർക്ക് അനുയോജ്യമായി തൊഴിൽ മേഖലകൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ MTC വിദ്യാർഥികൾക്കായി കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിച്ചു. കരിയർ ഗൈഡൻസ് മേഖലയിൽ പ്രഗൽഭനായ Mr Abraham P T ആണ് ക്ലാസുകൾ നയിച്ചത്. ജോലികളുടെ വിശാല ലോകം വിദ്യാർത്ഥികൾക്ക് മനസ്സിലാക്കികൊടുക്കുവാൻ ക്ലാസുകൾക്ക് കഴിഞ്ഞു. ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിലൂടെ ഓരോ വിദ്യാർത്ഥികൾക്കും തങ്ങളുടെ കഴിവുകളും പരിമിതികളും ഒരുപോലെ മനസ്സിലാക്കാൻ സാധിച്ചു. വിദ്യാർത്ഥികളെ കഴിവുകൾ വളർത്തി അവരെ സഭയ്ക്കും സമൂഹത്തിനും സേവനം ചെയ്യാനുള്ള ഉപാധികൾ ആക്കി മാറ്റാനാണ് സ്റ്റാർട്ട് ഇത്തരം ക്ലാസുകളിലൂടെ ലക്ഷ്യം വെക്കുന്നത്.

START ഒരുക്കുന്ന കോഴ്സുകളെ കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ നേടുവാനും ആഗ്രഹിക്കുന്നവർ സ്റ്റാർട്ടുമായി ബന്ധപ്പെടുക:

0495 235 7843, 9037 107 843, 9744 458 111

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ

# ആൽഫ മരിയ അക്കാദമി

## ആൽഫയിൽ എസ്എസ്എൽഎൽസി ക്രാഷ് കോഴ്സ്

2023 മാർച്ച് മാസം നടക്കുന്ന എസ്എസ്എൽസി പരീക്ഷയ്ക്ക് മുന്നോടിയായി ജനുവരി മാസം 2-ാം തീയതി മുതൽ പരീക്ഷ കഴിയുന്നതുവരെ എല്ലാ വിഷയങ്ങൾക്കും ഒരു ക്രാഷ് കോഴ്സ് തിരുവമ്പാടിയിലുള്ള ആൽഫ മരിയ അക്കാദമിയിൽ വെച്ച് നടത്തപ്പെടുന്നു. സമയം വൈകുന്നേരം 5 മണി മുതൽ 7 മണി വരെ.

## ആൽഫ മരിയ അക്കാദമിയിൽ ജർമൻ ഭാഷ പഠനം

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ ഏപ്രിൽ 10 ആരംഭിക്കുന്ന ജർമൻ ഭാഷാ പഠനത്തിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ (A1, A2, B1, B2) ആരംഭിച്ചിരിക്കുന്നു. ജർമ്മനിയിൽ വിവിധ ജോലി സാധ്യതകൾക്കനുസരിച്ചുള്ള പ്ലേസ്മെന്റ് അവസരങ്ങൾ നൽകുന്നു. പ്ലസ് ടു അടിസ്ഥാന യോഗ്യത ഉള്ളവർക്കാണ് ജർമ്മൻ ഭാഷ പഠിക്കാനുള്ള അവസരം ഉള്ളത്.

## ജർമൻ - ഇറ്റാലിയൻ ഭാഷാ പരിശീലനം

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ ചേവരമ്പലത്തുള്ള

സ്റ്റാർട്ടിൽ വച്ച് ജർമൻ - ഇറ്റാലിയൻ ഭാഷാ പരിശീലനത്തിന്റെ A1, A2, B1, B2 ബാച്ചുകൾ 2023 ജനുവരി 16 നു ആരംഭിക്കുന്നു.

### സ്കൂൾ പഠനത്തോടൊപ്പം ഓൺലൈൻ സിവിൽ സർവീസ് പരിശീലനവും

'ക്യാച്ച് ദി യങ്' പ്രോഗ്രാമിന്റെ ഭാഗമായി അഞ്ചാം ക്ലാസ് പ്ലസ്ടു വരെയുള്ള കുട്ടികളുടെ സ്കൂൾ പഠനത്തോടൊപ്പം വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുവാനുള്ള പരിശീലനം നൽകുന്നു. ഈ പരിശീലനം വഴിയായി ഭാവിയിൽ സിവിൽ സർവീസ്, പി.എസ്.സി തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്ക് കുട്ടികളെ സജ്ജരാക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

### ഇംഗ്ലസ്റ്റിയ (Englestia)

40 മണിക്കൂർ ദൈർഘ്യമുള്ള ഇംഗ്ലീഷ് ഗ്രാമർ, സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം ഡിസംബർ 26 ന് തിരുവമ്പാടി ആൽഫ മരി അക്കാദമിയിൽ വച്ച് ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് 0495-2962180, 7907028758, 9946865818 നമ്പറുകളിൽ ബന്ധപ്പെടുക

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

## പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

2022 ഡിസംബർ 17 ശനിയാഴ്ച വൈകുന്നേരം ജെ.പി.ഐ യിൽ, വിദ്യാർത്ഥികൾ ചേർന്നൊരുക്കി കലാവിരുന്നോടെ ക്രിസ്തുമസ് ആഘോഷിച്ചു. റവ.ഡോ. കുര്യൻ പുരമഠം (ജെ.പി.ഐ. ഡയറക്ടർ) ഏവരേയും സ്വാഗതം ചെയ്തു. കോഴിക്കോട് ജില്ലാ കളക്ടർ Dr. Narasimhugari TL Reddy IAS ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു.

കോഴിക്കോട് രൂപതയുടെ അഭിവന്ദ്യ മെത്രാൻ റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ ക്രിസ്തുമസ് സന്ദേശം നല്കി. താമരശ്ശേരി രൂപതാ വികാരി ജനറൽ ഫാ. ജോൺ ഒറവങ്കര, പാറേപ്പടി വികാരി ഫാ. ജോസഫ് കളിരിയ്ക്കൽ എന്നിവർ ക്രിസ്തുമസ് ആശംസകൾ നല്കി. ഫാ. സായി പാറൻകുളങ്ങര നന്ദിയർപ്പിച്ചു. മേരിക്കുന്ന് മദർ തെരേസ ബ്രദേഴ്സിന്റെ നേതൃത്വത്തിലുള്ള 'മേഴ്സി ഹോം' വൃദ്ധമന്ദിരത്തിലെ അന്തേവാസികൾക്ക് ക്രിസ്തുമസ് വിരുന്നൊരുക്കി, ക്രിസ്തുമസ് സമ്മാനങ്ങൾ നല്കി ആശംസകൾ നേർന്നുകൊണ്ടാണ് ജെപിഐ വിദ്യാർത്ഥികൾ ക്രിസ്മസ്സ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്.

## കൗൺസിലിംഗ് സേവനം ലഭ്യമാണ്

കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി ആരംഭിച്ച പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങ് ഓഫ് ലൈനായും ഓൺലൈനായും നടത്തുന്നു.

## അറിയിപ്പുകൾ

ജെപിഐ യിൽ നടക്കുന്ന കോഴ്സുകൾ:

1 മാസ്റ്റേഴ്സ് ഇൻ കൗൺസലിംഗ് സൈക്കോളജി (ഓൺലൈൻ / ഓഫ് ലൈൻ)

2 ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി (ഓൺലൈൻ)

3 ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസലിംഗ് (ഓൺലൈൻ) (only for nuns and priests)

രാജസ്ഥാനിലെ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കൗൺസിലിംഗ് സൈക്കോളജിയിൽ രണ്ടു വർഷത്തെ ഓൺലൈൻ / ഓഫ് ലൈൻ മാസ്റ്റേഴ്സ് പ്രോഗ്രാമും കോഴിക്കോട് സർവ്വകലാശാലയുമായി ചേർന്ന് ഒരു വർഷത്തെ ഓൺലൈൻ ഡിപ്ളോമ കോഴ്സുകളും ഇവിടെ നടക്കുന്നു.

2023 – 2025 വർഷത്തെ പുതിയ എം.എസ്.സി (ഓൺലൈൻ / ഓഫ് ലൈൻ), ഡിപ്ലോമ (ഓൺലൈൻ) ബാച്ചുകളുടെ ക്ലാസ്സുകൾ ജനുവരിയിൽ ആരംഭിക്കുന്നു. രജിസ്ട്രേഷൻ തുടരുന്നു. വളരെ പിരിമി തമായ സീറ്റുകൾ മാത്രമാണ് അവശേഷിക്കുന്നത്.

കോഴ്സുകളെ കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവരും ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കുവാൻ താത്പര്യമുള്ളവരും

കൗൺസലിംഗ് സേവനം ആവശ്യമുള്ളവരും ജെപിഐ ഓഫീ സുമായി ബന്ധപ്പെടേണ്ടതാണ്. മൊബൈൽ നമ്പർ 9496575018, 9037379180.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## ടോക്ക് വിത്ത് ജേണലിസ്റ്റ് സംഘടിപ്പിച്ചു

അൽഫോൻസ കോളേജ് ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ടോക്ക് വിത്ത് ജേണലിസ്റ്റ് സംവാദം സംഘടിപ്പിച്ചു. 'മാധ്യമങ്ങളുടെ കാണാപ്പുറങ്ങൾക്കപ്പുറമുള്ള യാഥാർത്ഥ്യ'മെന്ന വിഷയത്തിൽ മീഡിയവണ്ണിലെ സ്പെഷ്യൽ കറസ്പോണ്ടന്റ് ഷിദ ജഗത്ത് സംസാരിച്ചു. കോളേജ് പ്രിൻസിപ്പൾ ഡോ. ചക്കോ കെ.വി പരിപാടി ഉദ്ഘാടനം ചെയ്തു.

മാധ്യമ കമ്പോളവും പരസ്യ തന്ത്രങ്ങളും മാധ്യമ പ്രവർത്തനത്തിന് വെല്ലുവിളിയാകുന്നുവെന്നും സ്വതന്ത്ര മാധ്യമ പ്രവർത്തനം മിഥ്യ മാത്രമാണെന്നും മാധ്യമ പ്രവർത്തക ഷിദ ജഗത്ത് പറഞ്ഞു. ജനാധിപത്യത്തിന്റെ നാലാം എസ്റ്റേറ്റായ മാധ്യമങ്ങൾക്ക് കൃത്യമായ വാർത്ത നൽകാൻ കഴിയണമെന്നും അതിനായിട്ടുള്ള പരിശീലനമാവട്ടെ മാധ്യമ വിദ്യാർത്ഥികൾക്ക് ഇത്തരം സംവാദങ്ങളെന്നും പ്രിൻസിപ്പാൾ ഡോ. ചാക്കോ കെ. വി സൂചിപ്പിച്ചു.

പരിപാടിയിൽ മാധ്യമ വിഭാഗം അധ്യാപകരായ ജിന്റ ലൂക്കയും ആതിര ഇ കെയും പങ്കെടുത്തു. വിദ്യാർത്ഥി പ്രതിനിധികളായ അമൻ അസ്‌ലം സ്വാഗതവും ഹിബ എൻ നന്ദിയും പറഞ്ഞു.

## ഉണ്ണീശോയുടെ നോവേന

അൽഫോൻസ കോളേജ് തിരുവമ്പാടി ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസിനോട് അനുബന്ധിച്ചു 9 ദിവസത്തെ ഉണ്ണീശോയുടെ നോവേന നടത്തി. 6 /12/2022 ഉച്ചക്ക് 1.10 pm ന് സെമിനാർ ഹാളിൽ ആരംഭിച്ച നൊവേനയിൽ 60 ഓളം വിദ്യാർഥികൾ പങ്കെടുത്തു. ജീസസ് യൂത്ത് കോർഡിനേറ്റർ അസിസ്റ്റന്റ് പ്രൊഫസർ. റോബിൻ ജോർജ്, സാനമ്മ പി വി, ജിന്റ ലൂക്ക സ്റ്റുഡന്റ് കോർഡിനേറ്റസ് ലിയ ജെ മരിയ, അമല പി ജേക്കബ്, ജോയൽ മൈക്കിൾ, അബിൻ സിബി എന്നിവർ നേതൃത്വം നൽകിയ നൊവേനയിൽ കോളജ് പ്രിൻസിപ്പൽ ഡോ. കെ. വി ചാക്കോ കൂടാതെ മറ്റു അധ്യാപകരും ഉണ്ണിശോയുടെ നൊവേനയിൽ പങ്കെടുത്ത് പ്രാത്ഥിച്ചു. നൊവേനയിൽ വൈദികരുടെ സാന്നിധ്യം കൂടുതൽ അനുഗ്രഹപ്രദമായിരുന്നു . സമാപന ദിവസമായ 19/12/2022 ആഘോഷകരമായ നൊവേനയും കൂടാതെ അധ്യാപകർ വിദ്യാർത്ഥികൾക്ക് ക്രിസ്തുമസ് ആശംസകളും നേർന്നു.

## ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം

അൽഫോൻസ കോളേജ് തിരുവമ്പാടി ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം സംഘടിപ്പിച്ചു. ജീസസ് യൂത്ത് കോർ

ഡിനേറ്റർ അസിസ്റ്റന്റ് പ്രൊഫസർ. റോബിൻ, വിദ്യാർത്ഥി പ്രതിനിധികളായ ലിനെറ്റ് തങ്കച്ചൻ, ജെറാൾഡ് ടോം, എന്നിവർ നേതൃത്വം നൽകിയ ഈ പരിപാടിയിൽ വിവിധ ഡിപ്പാർട്മെന്റുകളിൽ നിന്നായി 20 ലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. ഒരു മണിക്കൂർ നീണ്ടു നിന്ന ഈ മത്സരം തീർത്തും വിജയകരമായിരുന്നു.തുടർന്ന് മത്സര ഫലങ്ങൾ പ്രഖ്യാപിക്കുകയും രണ്ടാം വർഷ ബി. എ ഇംഗ്ലീഷ് വിദ്യാർത്ഥിനി അമല റോസ് ഒന്നാം സ്ഥാനവും ഒന്നാം വർഷ ബി. എ ഇംഗ്ലീഷ് വിദ്യാർത്ഥിനി അബിന്റ ജോസ് രണ്ടാം സ്ഥാനവും ഒന്നാം വർഷ ബി. കോം ഫിനാൻസ് വിദ്യാർത്ഥിനി വർഷ ടി. കെ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളെ അഭിനന്ദിക്കുകയും ആകർഷകമായ സമ്മാനങ്ങൾ നൽകുകയും ചെയ്തു.

### കോളേജ് യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും ഫൈനാൻ ആർട്സ് ക്ലബിന്റെ ഉദ്ഘാടനവും

2022–23 അധ്യയന വർഷത്തെ കോളേജ് യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ, തൃശ്ശൂർ പോലീസ് സൂപ്രണ്ട് ജോസി ചെറിയാൻ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൾ ചാക്കോ കെ. വി സത്യപ്രതിജ്ഞ ചൊല്ലി കൊടുത്തു. ചെയർമാൻ ഷോൺ തങ്കച്ചൻ, വൈസ് ചെയർപേഴ്സൺ മിനു കൃഷ്ണ, സെക്രട്ടറി അഭിഷേക് ടിട്ടു, ജോ. സെക്രട്ടറി ആൽബിന തോമസ്, യു യു സി ആദിത്യ ടി കെ, ഫൈനാൻസ് സെക്രട്ടറി റിക്സൺ റോബിൻ, സ്റ്റുഡന്റ് എഡിറ്റർ അശ്രിത, ജനറൽ ക്യാപ്റ്റൻ ആൽഡ്രിൻ ജിമ്മി എന്നിവർ പ്രതിജ്ഞ ചൊല്ലി സ്ഥാനം ഏറ്റെടുത്തു.

കോഴിക്കോട് ജില്ലാ സ്കൂൾ കലോത്സവത്തിൽ ഉറുദു കവിത പാരായ ണത്തിൽ ഒന്നാം സ്ഥാനം നേടിയ തിരുവമ്പാടി സ്വദേശി ഏബൽ എബ്രഹാം ഫൈനാൻ ആർട്സ് ക്ലബിന്റെ ഉദ്ഘാടനം നിർവഹിച്ചു. വീൽചെയറിലെ വിസ്മയമായി മാറുന്ന ഏബലിന്റെ സാന്നിധ്യം സദസിന് ആവേശം പകർന്നു.

മാനേജർ ഫാ. സജി മങ്ങരയിൽ, വൈസ് പ്രിൻസിപ്പൾ ഫാ. ഷെനീഷ് അഗസ്റ്റിൻ, യൂണിയൻ അഡ്വൈസർ അനിൽകുമാർ പി. പി., ഷോൺ തങ്കച്ചൻ, അഭിഷേക് ടുട്ടു എന്നിവർ സംസാരിച്ചു.

### മൂല്യബോധന ക്ലാസുകൾ ആരംഭിച്ചു

കാലിക്കറ്റ് യൂണിവേഴ്സിറ്റി 'ചെയർ ഫോർ ക്രിസ്ത്യൻ സ്റ്റഡിസ് & റിസേർച്ച്' ന്റെ നേതൃത്വത്തിൽ തയ്യാർ ചെയ്ത വാല്യു എഡ്യുക്കേഷൻ പ്രോഗ്രാം കോളേജിൽ ആരംഭിച്ചു.

മൂല്യവത്തായ ജീവിതം നയിക്കുന്ന യുവജനതയെ രൂപപ്പെടുത്തേണ്ടത് ഇന്നിന്റെ അനിവാര്യതയാണ് എന്ന തിരിച്ചറിവിൽ നിന്നാണ് ഈ പ്രോഗ്രാം ആരംഭിച്ചത്. എല്ലാ ബുധനാഴ്ചകളിലും അധിക മണിക്കൂർ കണ്ടെത്തിയാണ് ക്ലാസ്സുകൾ നല്കുന്നത്.





### ഡോക്ടറേറ്റ് നേടി

തിരുവമ്പാടി അൽഫോൻസ കോളേജിലെ കൊമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ എം കെ അഷിത, Benefits and problem of Akshya project in Kerala എന്ന വിഷയത്തിൽ കേരള സർവ്വകലാശാലയിൽ നിന്ന് കൊമേഴ്സിൽ ഡോക്ടറേറ്റ് നേടി.

### സാൻജോ പ്രതീക്ഷ ഭവൻ സ്പെഷ്യൽ സ്കൂളിൽ കാരുണ്യ ക്രിസ്മസ് ആഘോഷിച്ചു

തിരുവമ്പാടി അൽഫോൻസാ കോളേജ്, കോമേഴ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ തൊണ്ടിമേൽ സാൻജോ പ്രതീക്ഷ ഭവൻ സ്പെഷ്യൽ സ്കൂളിൽ കാരുണ്യ ക്രിസ്മസ് ആഘോഷിച്ചു. പ്രിൻസിപ്പൽ ഡോക്ടർ ചാക്കോ കാളംപറമ്പിൽ ഉദ്ഘാടനം ചെയ്തു കോമേഴ്സ് വിഭാഗം മേധാവി സാനി തോമസ്, ഡോക്ടർ അഷിത എം കെ ആതിര ദാസ്, അമെന്റ ഷാജി, പി അഞ്ജന, സിസ്റ്റർ ആൻ ഗ്രേസ്, സിസ്റ്റർ നവ്യ, മുഹമ്മദ് ഡാനിഷ്, ആദിത്യ ടി കെ തുടങ്ങിയവർ സംസാരിച്ചു. കരോൾ ഗാനവും കൾച്ചറൽ പ്രോഗ്രാമുകളും അവതരിപ്പിച്ചു വിദ്യാർത്ഥികൾ സമാഹരിച്ച ക്രിസ്തുമസ് സമ്മാനങ്ങൾ, ക്രിസ്തുമസ്പപ്പാ എല്ലാ കുട്ടികൾക്കും നൽകുകയും ചെയ്തു

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

## മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

### ജീവ സുരക്ഷാ മിഷൻ - മരിയൻ പ്രോ ലൈഫ് താമരശ്ശേരി രൂപത

താമരശ്ശേരി രൂപതാ മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ രൂപതാ തല സമഗ്ര ജീവകാരുണ്യ പദ്ധതിയാണ് ജിവസുരക്ഷാ മിഷൻ. രൂപതയിലെ നാലും അതിലധികവും മക്കൾ ഉള്ള എഴുന്നൂറിൽ അധികം കുടുബങ്ങൾ ഉണ്ട്. അതിൽ 60 ശതമാനത്തിലധികം കുടുംബങ്ങളും സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുന്നവരാണ്. ഇവരെ സാമ്പത്തികമായി സഹായിക്കേണ്ടതു നമ്മുടെ ഉത്തരവാദിത്വമാണല്ലോ. ഇവരുടെ പ്രശ്നങ്ങളെ സമഗ്രമായി കണ്ട് പരിഹരിക്കുന്നതിനായി പ്രോ-ലൈഫ് രൂപതാ സമിതിയുടെ അൽമായ നേതൃത്വം മുന്നോട്ടു വന്നിരിക്കുകയാണ്. ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, വിവാഹം, ചികിൽസ എന്നി മേഖലകളിലാണ് സഹായം നല്കാൻ ഉദ്ദേശിക്കുന്നത്.

**സജീവ് പുരയിടത്തിൽ**
പ്രസിഡന്റ്

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# ഇൻഫാം

## ഇൻഫാം വനിതാ വിങ്ങ് ഫുഡ് കോർട്ട് ആരംഭിച്ചു

താമരശ്ശേരി കാർഷിക ജില്ല ഇൻഫാം വനിതാ വിങ്ങിന്റെ ആഭിമുഖ്യത്തിൽ തെയ്യപ്പാറ സെന്റ് തോമസ് ദേവാലയ അങ്കണത്തിൽ 'വീവ അഗ്രി ആൻഡ് ഫുട് കോർട്ട്' എന്ന വനിതകളുടെ കൂട്ടായ സംരംഭം ആരംഭിച്ചു. ഇൻഫാം തെയ്യപ്പാറ കാർഷിക ഗ്രാമം സെക്രട്ടറി ശ്രീ. റെജി പേഴത്തിങ്കലിന് ആദ്യ വില്പന നടത്തിക്കൊണ്ട് ഇൻഫാം മലബാർ മേഖല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. ഇൻഫാം താമരശ്ശേരി കാർഷിക ജില്ല പ്രസി ഡൻറ് ശ്രീ. അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ അധ്യക്ഷനായിരുന്നു ഇൻഫാം വനിതാ വിങ്ങ് പ്രസിഡൻറ് ശ്രീമതി റീന പനയ്ക്കൽ, ഷീന ജോജു, ശ്രീമതി ജിജി കണിയാംമാട്ടേൽ ഡോളി തേന്മല, ശ്രീമതി അമ്മിണി വള്ളിയാം പൊയ്കയിൽ ഇൻഫാം തെയ്യപ്പാറ കാർഷിക ഗ്രാമം പ്രസിഡണ്ട് ശ്രീ. റോയ് നെടുമ്പള്ളി, ജോസ് തേന്മല എന്നിവർ നേതൃത്വം നൽകി. താമരശ്ശേരി കാർഷിക ജില്ല ഇൻഫാമിന്റെ നേതൃത്വത്തിലുള്ള ആദ്യ സംരംഭമാണ് തെയ്യപ്പാറയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടത്. വീവാ ഫുഡ് കോർട്ട് ഓർഡർ സ്വീകരിച്ച് ചായയും മധുരപലഹാരങ്ങളും ഉച്ചഭക്ഷണവും തയ്യാറാക്കി കൊടുക്കുന്നു. കൂടാതെ കേക്ക് നിർമ്മാണം കറി പൗഡറുകളുടെയും മസാല പൊടികളുടെയും നിർമ്മാണം അരിപ്പൊടി പുട്ടുപൊടി എന്നിവയുടെ നിർമ്മാണവും വിതരണവും വിവാ ഫുഡ് കോർട്ടിന്റെ അഭിമുഖ്യത്തിൽ നടത്തപ്പെടുന്നു. 14 വനിതകൾ കൂടി ചേർന്ന് ആരംഭിച്ച ഈ സംരംഭം നാടിനും നാട്ടുകാർക്കും വലിയൊരു സഹായവും ഒപ്പം വനിതകൾക്ക് ഒരു വരുമാനമാർഗ്ഗവുമാണ് ഇതുപോലുള്ള യൂണിറ്റുകൾ രൂപതയിലെ എല്ലാ കാർഷിക ഗ്രാമങ്ങളിലും തുടങ്ങാനാണ് ഇൻഫാം ആഗ്രഹിക്കുന്നു.

## മലയോര കർഷക ജനതയുടെ ആശങ്കകൾ പരിഹരിക്കണം

ഇൻഫാം മലയോര കൃഷിഭൂമിയിലും ജനവാസ കേന്ദ്രങ്ങളിലും ബഫർ സോൺ നടപ്പിലാക്കാൻ അനുവദിക്കുകയില്ല എന്നും പ്രസ്തുത വിഷയത്തെ ചെറുത്തു തോൽപ്പിക്കുന്നതിനു പ്രത്യക്ഷ സമരം മാർഗ്ഗങ്ങളിലേക്ക് പോകുമെന്നും ഇൻഫാം കാർഷിക ജില്ല ഭാരവാഹികൾ സർക്കാരിന് മുന്നറിയിപ്പു നൽകി. പരാതികൾ അയക്കാനുള്ള സമയം ദീർഘിപ്പിച്ചത് കൊണ്ട് മാത്രം മലയോര ജനതയുടെ ആശങ്ക തീരുന്നില്ല. ഗ്രൗണ്ട് സർവേക്കായി നിയോഗിച്ച കമ്മറ്റി ഉപഗ്രഹ സർവ്വേ മാത്രം നടത്തി ജനവാസ കേന്ദ്രങ്ങളെയും നിർമ്മിതികളെയും ഒഴിവാക്കിയതിന്റെ ഗൂഢലക്ഷ്യം മലയോര ജനതയെ അപ്രഖ്യാപിത കുടിയിറക്കിലേക്ക് നയിക്കുന്നതാണെന്ന് യോഗം വിലയിരുത്തി. ഗ്രൗണ്ട് സർവേയ്ക്ക് നിയോഗിച്ച 9 കമ്മിറ്റി കുറുക്ക് വഴിയിലൂടെ ഉപഗ്രഹ സർവേ നടത്തി ജനങ്ങൾ തന്നെ നിർമ്മിതി നിർമിതികളുടെയും കൃഷിഭൂമിയുടെയും വിവരങ്ങൾ കൈമാറണം എന്ന്

പറയുന്നത് ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടം ആണെന്ന് യോഗം കുറ്റപ്പെടുത്തി. സമാന വിഷയങ്ങളുമായി കേരള കർഷ അതിജീവന കർമ്മസമിതി നടത്തുന്ന സമര പ്രതിഷേധ പരിപാടികൾക്ക് ഇൻഫാം താമരശ്ശേരി കാർഷിക ജില്ലാ കമ്മിറ്റി പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു യോഗത്തിൽ താമരശ്ശേരി കാർഷിക ജില്ലാ പ്രസിഡണ്ട് അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ ബഫർസോൺ വിഷയത്തിൽ ഒളിഞ്ഞിരിക്കുന്ന അപകട സാധ്യതകളെ വിശദീകരിച്ചു. ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. കാർഷിക ജില്ലാ പ്രസിഡണ്ട് അഗസ്റ്റിൻ പുളിക്ക കണ്ടത്തിൽ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വർക്കിംഗ് സെക്രട്ടറി മാർട്ടിൻ തെങ്ങും തോട്ടത്തിൽ ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ വൈസ് പ്രസിഡണ്ട് ശ്രീമതി സിസിലി ചീരാൻകുഴി കാർഷിക താലൂക്ക് പ്രസിഡണ്ട്മാരായ തോമസ് പുത്തൻപുര കുര്യാക്കോസ് കുഴികണ്ടത്തിൽ സെബാസ്റ്റ്യൻ ചേമ്പ്ളാനി ബിജു കിഴക്കേകുന്നേൽ ജോബി ആൻറണി എന്നിവർ പ്രസംഗിച്ചു.

## ഇൻഫാം താമരശ്ശേരി കാർഷിക ജില്ല നേതൃ സംഗമം നടത്തി

ഇൻഫാം എന്ന കാർഷിക സംഘടനയ്ക്ക് ദിശാബോധം നൽകുക എന്ന ലക്ഷ്യത്തോടെ താമരശ്ശേരി കാർഷിക ജില്ല, കാർഷിക താലൂക്കുകൾ, കാർഷിക ഗ്രാമങ്ങൾ എന്നീ ഘടകങ്ങളിൽ നിന്നുള്ള ഭാരവാഹികളെ ഉൾപ്പെടുത്തി നേതൃ സംഗമം നടത്തി. താമരശ്ശേരി ഇൻഫാം ആസ്ഥാനമായ തെയ്യപ്പാറ അഗ്രി ഫാമിൽ നടത്തിയ നേതൃ സംഗമത്തിൽ ഇന്ന് കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ കുറിച്ചും, ഈ കാലഘട്ടത്തിൽ ഇൻഫാം മുഖ്യധാരയിൽ നിന്നുകൊണ്ട് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത, കാർഷികവൃത്തിയിൽ നിന്ന് യുവജനങ്ങൾ അകന്നു പോകുന്നതിന്റെ അപകടം, അന്യം നിന്നു പോകുന്ന കൃഷി അറിവുകൾ കർഷകരിൽ എത്തിക്കേണ്ടതിന്റെ ആവശ്യകത, ജൈവകൃഷി പ്രോത്സാഹിപ്പിച്ച് രാസവസ്തുക്കളുടെയും കീടനാശിനികളുടെയും ഉപയോഗം കുറച്ചു കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ നേതൃ സംഗമം ഉദ്ഘാടനം ചെയ്ത് കർഷകരെ ഓർമിപ്പിച്ചു.

കാർഷിക രക്ഷയ്ക്കായി ഇൻഫാം തുടങ്ങാൻ പോകുന്ന പ്രോജക്ടുകളെക്കുറിച്ചും താമരശ്ശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ കൊണ്ട് വിവിധങ്ങളായ കാർഷിക മേഖലകളിൽ ലഭിക്കാവുന്ന സാമ്പത്തിക സഹായങ്ങളെ കുറിച്ചും, ഫാം ടൂറിസം , ചക്ക മുഖ്യഘടകമായ കാലി ത്തീറ്റ പ്രോജക്ടിനെ കുറിച്ചും കാർഷിക വിളകൾ വാങ്ങിയും കൊടുത്തും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, കർഷക ഗ്രൂപ്പുകൾക്ക് നൽകിക്കൊണ്ടിരിക്കുന്ന കാർഷിക യൂണിവേഴ്സിറ്റി വെള്ളാനിക്കരയിലെ ഏകദിന ട്രെയിനിങ്ങിനെ കുറിച്ചും താമരശ്ശേരി ജില്ലാ ഇൻഫാം പ്രസിഡൻറ് അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ വിശദമായ ക്ലാസ് നൽകി

നേതൃ സംഗമത്തിൽ കാർഷിക ജില്ലാ വൈസ് പ്രസിഡണ്ട് ശ്രീമതി സിസിലി ചീരാൻകുഴി ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ വർക്കിംഗ് സെക്രട്ടറി മാർട്ടിൻ തെങ്ങും തോട്ടത്തിൽ കാർഷിക താലൂക്ക് പ്രസിഡണ്ട്മാരായ ജോബി ആൻറണി, തോമസ് പുത്തൻപുരയ്ക്കൽ തങ്കച്ചൻ കുഴികണ്ടത്തിൽ സെബാസ്റ്റ്യൻ ചേബ്ലാനി എന്നിവർ പ്രസംഗിച്ചു അഗ്രിഫാമിൽ ജൈവ രീതിയിൽ ഉത്പാദിപ്പിച്ച പച്ചക്കറികളുടെയും കിഴങ്ങ് വർഗ്ഗങ്ങളുടെയും വിപണനവും അഗ്രി ഫാമിൽ നടന്നു. താമരശ്ശേരി കാർഷിക ജില്ലയിലെ വിവിധ ഗ്രാമങ്ങളിൽ നിന്ന് വന്ന 60ൽ പരം കർഷക പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ഡിസംബർ 3,4 തീയതികളിൽ പിഎംഒസി യിൽ വച്ച് നടന്ന വിൻസെൻഷ്യൻ ധ്യാനത്തിൽ 180 പേർ പങ്കെടുത്തു. വികാരി ജനറൽ പെരിയ ബഹു. മോൺസിഞ്ഞോർ ജോൺ ഒറവങ്കര അച്ചൻ ദിവ്യബലിയർപ്പിച്ച് ധ്യാനം ഉദ്ഘാടനം ചെയ്തു. ധ്യാനഗുരു ബഹു. ബിജു കൂനൻ വി.സി അച്ചൻ ധ്യാനം നയിച്ചു. കുളത്തുവയലിലും, ബഥാനിയായിലും പെരിന്തൽമണ്ണയിലും ബിജു അച്ചൻ നയിച്ച ധ്യാനം എല്ലാവർക്കും വലിയ അനുഭവമായിരുന്നു.

ഡിസംബർ 10-ാം തീയതിയിലെ സി.സി മീറ്റിംങ്ങിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് പെരിയ ബഹു. തോമസ് നാഗപറമ്പിലച്ചൻ പങ്കെടുത്ത്, ക്രിസ്തുമസ് കേക്ക് മുറിച്ച് വിൻസെൻഷ്യൻ അംഗങ്ങൾക്ക് ക്രിസ്തുമസ് സന്ദേശം നൽകി.

കെആർസിസി പ്രിന്റ് ചെയ്ത് താമരശ്ശേരി സെൻട്രൽ കൗൺസിലിനു വേണ്ടി അയച്ചു തന്ന 2023 ലെ ഡയറി, ബഹു. തോമസ് നാഗപറമ്പിലച്ചൻ, സി.സി പ്രസിഡന്റിനു കോപ്പി നൽകി ഉദ്ഘാടനം ചെയ്തു.

തിരുവമ്പാടി ഏരിയ കൗൺസിൽ, 12 ഭവനങ്ങൾ പണിത് പാവപ്പെട്ടവർക്ക് നൽകാൻ തീരുമാനിച്ചതായി എസി പ്രസിഡന്റ് സിസി മീറ്റിംങ്ങിൽ അറിയിച്ചു.

രൂപതയിൽ പ്രവർത്തിക്കുന്ന എല്ലാ കോൺഫ്രൻസുകളും അവരവരുടെ ഇടവകയിലെ പാവപ്പെട്ട എല്ലാ രോഗികൾക്കും ഭക്ഷണവും മരുന്നും കൃത്യ

മായി നൽകുന്നുണ്ടെന്ന് യോഗത്തിൽ പങ്കെടുത്ത 11 ഏരിയാ കൗൺസിൽ പ്രസിഡന്റുമാരും അറിയിച്ചു. അതുപോലെ എല്ലാ ദത്തുകുടുംബങ്ങൾക്കും ക്രിസ്തുമസ്സ് കേക്ക് കൂടാതെ സാമ്പത്തിക സഹായവും പ്രത്യേകം ക്രിസ്തുമസ്സിനോടനുബന്ധിച്ച് നൽകുന്നുണ്ടെന്നും യോഗത്തെ അറിയിച്ചു.

പാവപ്പെട്ട കുടുംബങ്ങൾക്ക് പുല്ലൂരാംപാറ കോൺഫ്രൻസും തിരുവമ്പാടി ഏരിയാ കൗൺസിലും ചേർന്ന് 12 വീടുകളുടെ പണി ആരംഭിച്ചതായി അറിയിച്ചു. അതിൽ പണിപൂർത്തിയാക്കിയ ഒരു വീടിന്റെ വെഞ്ചരിപ്പ് 18-ാം തീയതി രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിക്കുകയുണ്ടായി.

പുല്ലൂരാംപാറ ഇടവകയിലെ കുന്നേൽ തോമസ് എന്ന വ്യക്തി സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയ്ക്ക് നൽകിയ 10 സെന്റ് സ്ഥലത്ത് 4 വീടുകൾ പണിയുന്നുണ്ടെന്ന് എസി പ്രസിഡന്റ് ബ്രദർ അബ്രഹാം കുമ്പ്ളാനിനിക്കൽ അറിയിച്ചു. ആ സ്ഥലത്തിന് അടുത്ത് താമസിക്കുന്ന പുല്ലൂരാംപാറ വിൻസെന്റ് ഡി പോൾ മുൻ അംഗമായ മുണ്ടനോനിക്കൽ മാത്തുകുട്ടി ചേട്ടനും ഭാര്യ മേരി ചേച്ചി താമസിക്കുന്ന വീട് സിസി പ്രസിഡന്റും അംഗങ്ങളും സന്ദർശിച്ചു. അവർ ഒരുക്കിയ ക്രിസ്തുമസ്സ് കേക്ക്, സിസി പ്രസിഡന്റ് മുറിച്ച് മധുരം പങ്കുവെച്ചു. തദവസരത്തിൽ തിരുവമ്പാടി മുൻ എസി പ്രസിഡന്റ് ബ്രദർ ജോൺ പുതിയാമഠത്തിൽ പ്രാർത്ഥിക്കുകയും ബ്രദർ ബിജു  വടകരയിൽ കരോൾ ഗാനം ആലപിക്കുകയും ചെയ്തു.

ആധ്യാത്മിക ഉപദേഷ്ടാവ് പെരിയ ബഹു. തോമസ് നാഗപറമ്പിലച്ചന്റെ അധ്യക്ഷതയിൽ തിരുവമ്പാടി സ്നേഹാലയത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തുകയുണ്ടായി. രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. കുടുംബ കൂട്ടായ്മ ഡയറക്ടർ ബഹു. ഡോ. റവ. ഫാ. മാത്യു കുളത്തിങ്കൽ, ശ്രീ. തോമസ് വലിയപറമ്പിൽ, ബ്രദർ ജോൺ പുതിയാമഠത്തിൽ, റവ. സിസ്റ്റർ ജോളി സിഎംസി എന്നിവർ പങ്കെടുത്തു. ഗ്ലോറിയ 2022 എന്ന പേരിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ അന്തേവാസികൾ അടക്കം അനേകം പേർ പങ്കെടുത്തു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കത്തോലിക്കാ കോൺഗ്രസ്

### ഐക്യദാർഢ്യം

ചിപ്പിലിത്തോട് ശ്രീമതി ലീലാമ്മയുടെ വീട്ടിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ അതിക്രമിച്ച് കടന്നു എന്നറിഞ്ഞ് കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത സമിതി പ്രസ്തുത ഭവനം സന്ദർശിച്ചു. ഒറ്റക്ക് താമസിക്കുന്ന സ്ത്രീയുടെ വീട്ടിൽ അതിരാവിലെ ഫോറസ്റ്റ് ഉദ്യോഗസ്തർ അതിക്രമിച്ച് കയറുകയും വീട്ടിലെ മുഴുവൻ സാധനങ്ങൾ വലിച്ച് നിരത്തുകയും ചെയ്ത സംഭവം സ്ത്രീകൾക്കെതിരെയും കർഷക നേതാക്കൾക്ക് എതിരെയുമുള്ള കരുതിക്കൂട്ടിയുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നടപടി ആണ്. കർഷകർക്ക് നേരെയുള്ള കള്ളക്കേസുകൾ ഇനി ഉണ്ടായാൽ ശക്തമായ പ്രതിഷേധം ഉയരും എന്ന് കർഷകയുടെ വീട് സന്ദർശിച്ച ശേഷം ജനറൽ സെക്രട്ടറി ശ്രീ. അനീഷ് വടക്കേൽ അറിയിച്ചു. ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, സെക്രട്ടറി ശ്രീ. സണ്ണി കോക്കാപ്പിള്ളി തുടങ്ങിയവർ പിന്തുണയും പ്രഖ്യാപിച്ചു.

### കാമ്പയിൻ എഗൈൻസ്റ്റ് നാർക്കോട്ടിക്സ്

യുവതലമുറയെ കാർന്ന് തിന്നുന്ന മയക്ക് മരുന്നിന് എതിരായി ബോധവൽക്കരണം നൽകുക എന്ന ലക്ഷ്യത്തോടെ കത്തോലിക്ക കോൺഗ്രസ് നേതൃത്വം നൽകുന്ന CAMPAIGN AGAINST NARCOTICS (CAN) പരിപാടിയുടെ ഭാഗമായി തിരുവമ്പാടി അൽഫോൻസാ കോളേജിൽ വെച്ച് ലഹരി വിരുദ്ധ ബോധവൽകരണ സെമിനാർ സംഘടിപ്പിച്ചു. രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്യതു. ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടിയുടെ ലോഗോ പ്രകാശനം ചെയ്തു. ഗ്ലോബൽ സെക്രട്ടറി ശ്രീമതി ട്രീസ ഞരളക്കാട്ട്, സെക്രട്ടറി അനിഷ് വടക്കേൽ, യൂത്ത് കോർഡിനേറ്റർ ജെസ്റ്റിൻ തറപ്പേൽ എന്നിവർ സംസാരിച്ചു.

### യൂണിറ്റ് രൂപികരണം

തിരുവമ്പാടി ഫൊറോനയിൽ പുല്ലൂരാംപാറ, കുലിരാമുട്ടി ഇടവകകളിൽ പുതിയ യൂണിറ്റുകൾ രൂപികരിച്ചു.

### വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം

വിഴിഞ്ഞം സമരക്കാരെ കള്ളക്കേസുകളിൽപ്പെടുത്തുകയും അക്രമങ്ങൾ അഴിച്ചുവിടുകയും ചെയ്തതിനെതിരെ വിവിധ മേഖല സമിതികളുടെ നേതൃത്വത്തിൽ തോട്ടുമുക്കം, തിരുവമ്പാടി, പെരുന്തൽമണ്ണ ടൗണുകളിൽ പ്രതിഷേധ ധർണ്ണയും പൊതുയോഗവും സംഘടിപ്പിച്ചു.

തോട്ടുമുക്കത്ത് സംഘടിപ്പിച്ച പ്രതിഷേധ യോഗം യൂണിറ്റ് ഡയറക്ടർ ഫാ. ആന്റോ മൂലയിൽ ഉൽഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ വിഷയവതരണം നടത്തി. മേഖല പ്രസിഡന്റ് സാബു വടക്കേപ്പടവിൽ, രൂപത സെക്രട്ടറി അനീഷ് വടക്കേൽ, വൈസ് പ്രസിഡന്റ് തോമസ് മുണ്ടൻപ്ലാക്കിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

തിരുവമ്പാടിയിലേ പ്രതിഷേധ പരിപാടികൾ ഫൊറോന ഡയറക്ടർ ഫാ. തോമസ് നാഗപറമ്പിൽ ഉൽഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ വിഷയാവതരണം നടത്തി. മേഖല സെക്രട്ടറി ജോസഫ് പുലക്കുടിയിൽ, പ്രിൻസ് തനംപറമ്പിൽ, ഷാജി കണ്ടത്തിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. പെരുന്തൽമണ്ണയിലെ പ്രതിഷേധ യോഗം ഫാ. ജിൽസ് കാരികുന്നേൽ ഉൽഘാടനം ചെയ്യ്തു. മേഖല പ്രസിഡന്റ് ശ്രീ. ബോബൻ കൊക്കപ്പുഴ, ട്രീസ ഞരളക്കാട്ട്, വർഗീസ് കണ്ണാത്ത്, ഷാന്റോ തകിടിയേൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. സഹകരിച്ച മുഴുവൻ യൂണിറ്റ്കൾക്കും രൂപത സമിതിയുടെ നന്ദി അറിയിക്കുന്നു.

### CAN കാമ്പയിൻ പോസ്റ്റർ രചന മത്സരം, തെരുവുനാടകം

യുവ തലമുറയെ കാർന്ന് തിന്നുന്ന ലഹരി ഉപയോഗം ഇല്ലാതാക്കാൻ വിവിധ യൂണിറ്റുകളിൽ പോസ്റ്റർ രചന മത്സരം, തെരുവ് നാടകം എന്നിവ സംഘടിപ്പിച്ചു.

### നേതൃത്വ പരിശീലന ക്യാമ്പ്

കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത നേതൃത്വ പരിശീലനം 2023 ഫെബ്രുവരി 10ന് (വെള്ളി) ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് 11ന് (ശനി) വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്ന രീതിയിൽ കോഴിക്കോട് വെച്ച് നടത്തുന്നതിന് തീരുമാനിച്ചു. യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, രൂപത പ്രതിനിധി, മേഖല പ്രസിഡന്റ്, സെക്രട്ടറി, രൂപത സമിതി അംഗങ്ങൾ, രൂപത വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ ഇവർക്ക് വേണ്ടിയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

### കോനൂർക്കണ്ടി കാട്ടാന ശല്യം

തോട്ടുമുക്കം മേഖലയുടെ കീഴിൽ വരുന്ന കോനൂർക്കണ്ടി പ്രദേശത്ത് കാട്ടാന ശല്യം അതിരൂക്ഷമാകുന്ന സാഹചര്യത്തിൽ, കാട്ടാന ശല്യം തടയുന്നതിന് അടിയന്തര ഇടപെടലുകൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് രൂപത സമിതിയുടെ നേതൃത്വത്തിൽ നിലമ്പൂർ DFOയെ സന്ദർശിച്ച് പരാതി നൽകി. ഈ വിഷയത്തിൽ അടിയന്തിര ഇടപെടലുകൾ ഉണ്ടായില്ല എങ്കിൽ ശക്തമായ സമര മാർഗ്ഗങ്ങളുമായി മുൻപോട്ടു പോകുമെന്ന് സമിതി അറിയിച്ചു. വിഷയം അടിയന്തരമായി പരിഹരിക്കാം എന്നും, ജനങ്ങളുടെ ആശങ്കകൾ അകറ്റാൻ പ്രദേശവാസികളെ നേരിട്ട് വന്ന് കാണാമെന്നും DFO അറിയിച്ചു.

### ബഫർ സോൺ വിഷയം ബോധവൽകരണ വീഡിയോ, ഹെൽപ് ഡെസ്ക്

ബഫർ സോൺവിഷയത്തിൽ കേരള ഗവൺമെന്റിന്റെ നിഷേധ നിലപാടിൽ കത്തോലിക്ക കോൺഗ്രസ് ശക്തമായ പ്രതിക്ഷേധംരേഖപ്പെടുത്തി. പൊതുജനങ്ങളുടെ ബോധവത്കരണത്തിനായി 'ബഫർ സോൺ നിർബന്ധിത കുടിയിറക്കലോ?' എന്ന പേരിൽ ഒരു ബോധവൽക്കരണം വീഡിയോ തയാറാക്കി, AKCC Thamarassery Diocese എന്ന ഫേസ്ബുക്ക് പേജിൽ പ്രസിദ്ധീകരിച്ചു. കർഷകരുടെ പോരാട്ടത്തിൽ പങ്ക് ചേർന്ന് ഇടവക തലത്തിൽ ഹെൽപ്പ് ഡെസ്ക്കായി യുണിറ്റുകൾ നേതൃത്വം നൽകി.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

## ക്രിസ്റ്റീൻ മിനിസ്ട്രി

പ്രിയ കൂട്ടുകാരെ, പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളുമായി, പ്രത്യാശയോടെ നമുക്ക് മുന്നേറാം. എല്ലാ കൂട്ടുകാർക്കും ആനിമേറ്റേഴ്സിനും പുതുവത്സര ആശംസകളും പ്രാർത്ഥനകളും നേരുന്നു.

### ധ്യാനം നടത്തി

2022 ഡിസംബർ 3,4 (ശനി, ഞായർ)തിയ്യതികളിൽ കോടഞ്ചേരി ഇടവകയിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. ധ്യാനത്തിന് ബോബി പശുക്കടവ്, സധീഷ് ചക്കിട്ടപാറ എന്നിവർ നേതൃത്വം നൽകി.

2022 ഡിസംബർ 11 ന് മൈലെള്ളാംപാറ ഇടവകയിൽ കുട്ടികൾക്കായി നടത്തിയ ഏകദിന ധ്യാനത്തിൽ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ കുട്ടികൾ പങ്കെടുത്തു. സി. റെനി സി.എം.സി & ടീം ധ്യാനത്തിന് നേതൃത്വം നൽകി.

2022 ഒക്ടോബർ 22 മുതൽ 24 വരെ മുതുകാട് ഇടവകയിലും ഡിസംബർ 8 മുതൽ 10 വരെ തോട്ടുമുക്കം സാൻതോം ഇംഗ്ലീഷ് മീഡിയം സ്കൂളിലും ക്രിസ്റ്റീൻ ധ്യാനം നടത്തി. സി.എം.സി സിസ്റ്റേഴ്സ് ആണ് ധ്യാനത്തിന് നേതൃത്വം നൽകിയത് വി. കുമ്പസാരത്തിലൂടെ ജീവിതത്തെവിശുദ്ധീകരിക്കുന്നതിനും നല്ല ബോധ്യങ്ങളിൽ ആഴപ്പെടുന്നതിനും കുഞ്ഞുങ്ങൾക്ക് സാധിച്ചു.

### ആനിമേറ്റേഴ്സ് സംഗമം

2022 ഡിസംബർ 10-ാം തീയതി ശനിയാഴ്ച താമരശ്ശേരി അൽഫോൻസ നേഴ്സറി സ്കൂളിൽ വച്ച് നടന്നു. സൈമണച്ചന്റെ വി. കുർബാനയോടെ ആരം

ഭിച്ച സംഗമത്തിൽ വിന്ധ്യ ടീച്ചർ സ്തുതി ആരാധനയ്ക്ക് നേതൃത്വം നൽകി. സൈമണച്ചന്റെ അധ്യക്ഷതയിൽ ചേർന്ന് യോഗത്തിൽ കേരള ക്രിസ്റ്റീൻ മിനിസ്ട്രിയുടെ ആനിമേറ്റർ ഫാ. ജെയ്സൺ എം.സി.ബി.എസ് മുഖ്യപ്രഭാഷണം നടത്തി. ആന്റണി ചൂരപൊയ്ക, ജോൺ നസ്രത്ത്, സി. ലിനി എം.എസ്.എം.ഐ, ബെന്നിച്ചൻ കറുകമാലിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ചയിലൂടെ ഭാവി പരിപാടികൾക്ക് രൂപം നൽകി.

2023 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എല്ലാ സബ്സോണുകളിലും ആനിമേറ്റേഴ്സിന് ഏകദിന പരിശീലനം നടത്തണമെന്ന് യോഗം നിർദ്ദേശിച്ചു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ക്രിസ്റ്റീൻ മിനിസ്ട്രി

# കരിസ്മാറ്റിക് മൂവ്മെന്റ്

കോവിഡിനുശേഷം നവീകരണ മുന്നേറ്റ പ്രവർത്തനങ്ങൾ വീണ്ടും സജീവമായികൊണ്ടിരുക്കുന്നു. 29-11-22 ന് മരുതോങ്കര സബ്സോണിൽ സബ്സോൺ കൂട്ടായ്മയും ലീഡേഴ്സ് സംഘമവും വിപുലമായ പരിപാടികളോടെ നടന്നു. സോണൽ ആനിമേറ്റർ സൈമൺ വള്ളോപ്പിള്ളി അച്ചനും മരുതോങ്കര സബ്സോൺ ആനിമേറ്റർ ജോർജ്ജ് കളത്തൂരച്ചനും സബ്സോൺ കോർഡിനേറ്റർ ജോഷി, സോണൽ സെക്രട്ടറി എന്നിവർ നേതൃത്വം നൽകി. നവീകരണത്തിന്റെ തുടക്കക്കാരായ തോമസ് മലേപ്പറമ്പിൽ, ജോർജ്ജ് ഗ്ലോറിയ, ബേബിച്ചൻ ചാലിങ്കൽ, മാത്യു കോലഞ്ചേരി, തോമസ് പാറക്കൽ എന്നിവരെ ആദരിച്ചു. രാവിലെ 9.30 ന് വിശുദ്ധ കുർബാനയോടെ ആരംഭിച്ച കൂട്ടായ്മ 3.30 ന് ആരാധനയോടെയും അഭിഷേക പ്രാർത്ഥന യോടെയുമാണ് അവസാനിച്ചത്.

തോട്ടുമുക്കം സബ്സോണിൽ ഡിസംബർ 8 ന് സബ്സോൺ കൂട്ടായ്മ നടന്നു. വിവിധ ഇടവകകളിൽ നിന്നുമായി നൂറോളം പേർ പങ്കെടുത്തു. കെസിഎസ്സി മുൻ സെക്രട്ടറി ഡോ. കൊച്ചുറാണി ടീച്ചർ ക്ലാസ്സ് നയിച്ചു. തോട്ടുമുക്കം ഫൊറോന വികാരി ആന്റോ അച്ചൻ ആശംസ പറഞ്ഞു. സബ്സോൺ ആനിമേറ്റർ ഫാ. മെൽബിൻ കുടിയിരിക്കൽ വിശുദ്ധബലി അർപ്പിച്ച് സന്ദേശം നൽകി. ഫാ. സൈമൺ വള്ളോപ്പിള്ളി അച്ചൻ അരാധനയും അഭിഷേക പ്രാർത്ഥനയും നടത്തി നാല് മണിയോടെ കൂട്ടായ്മ അവസാനിച്ചു.

പെരിന്തൽമണ്ണ സബ്സോണിൽ എല്ലാ വെള്ളിയാഴ്ചകളിലും നടത്താൻ തീരുമാനമെടുത്ത ഏകദിന കൺവെൻഷൻ ഡിസംബർ 16 ന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ബഹു. ജോർജ്ജ് മുണ്ടനാട്ട് അച്ചൻ വചനം പ്രഘോഷണം നടത്തി. സബ് ആനിമേറ്റർ ഫാ. ജോമോൻ പാട്ടശ്ശേരി നേതൃത്വം നൽകി.

സബ്സോൺ സർവ്വീസ് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ ഭവന സന്ദർശനവും അതിന്റെയെല്ലാം വിജയത്തിനായുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തിവരുന്നു.

ക്രിസ്റ്റീൻ കുട്ടികൾക്കായി ധ്യാനം കോടഞ്ചേരി സബ്സോണിൽ ഡിസംബർ 3,4 തീയതികളിൽ ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി.

ജീവജ്വാല ഡിസംബർ മാസത്തിലും 250 ൽ അധികംപേരെ വരിക്കാരാക്കാനും കഴിഞ്ഞു.

കെരിഗ്മ മിനിസ്ട്രിയുടെ നേതൃത്വത്തിൽ മലപ്പുറം കോഴിക്കോട് ജില്ലകളിലായി വിവിധ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് വചന പ്രഘോഷണവും ക്രിസ്തുമസ്സ് സന്ദേശവും നൽകിവരുന്നു.

മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രി ഇപ്പോൾ എല്ലാ ശനിയാഴ്ച കളിലും ഓൺലൈനിൽ നടക്കുന്നതിനു പുറമെ മാസത്തിൽ ഒരിക്കൽ ഒരുമിച്ചു കൂടി നടത്തുവാൻ തീരുമാനമെടുത്തു.

തിരുവമ്പാടി സബ്സോണിൽ വർഷങ്ങളായി നിന്നു പോയിരുന്ന പ്രാർത്ഥനാ ഗ്രൂപ്പുകൾ കുളിരാമുട്ടിയിലും കല്ലുരുട്ടിയിലും പുന്നക്കലും തുടങ്ങുവാൻ കഴിഞ്ഞു.

കോഴിക്കോട് സിറ്റി സബ്സോണിൽ എല്ലാ ഇടവകകളിലും ഈവനിംങ്ങ് കൺവെൻഷൻ നടത്തുവാൻ ഡിസംബർ 18 ന് പാറോപ്പടിയിൽ കൂടിയ സർവ്വീസ് ടീം തീരുമാനിച്ചു.

YU4C യുവജനങ്ങൾക്കായുള്ള ധ്യാനത്തിനും സെമിനാറുകൾക്കുമായുള്ള ഒരുക്കങ്ങൾ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടക്കുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

## ധ്യാനങ്ങൾ

ഡിസംബർ മാസത്തിൽ 16-ാം തീയതി മുതൽ 19-ാം തീയതിവരെയായിരുന്നു താമസിച്ചുള്ള ധ്യാനം ക്രമീകരിച്ചിരുന്നത്. ക്രിസ്തുമസിന്റെ ചൈതന്യമുൾക്കൊണ്ട് ജീവിതത്തെ ക്രമീകരിക്കുന്നതിനായി അനേകർ ഈ ധ്യാനത്തിൽ പങ്കെടുത്തു. ധ്യാനം നയിച്ചത് ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കലും ടീമുമാണ്.

## ഇടവകാ ധ്യാനങ്ങൾ

ക്രിസ്തുമസിന് ദൈവജനത്തെ ഒരുക്കുന്നതിനായി ബഥാനിയാ ടീം താമരശ്ശേരി രൂപതയിലെ അടയ്ക്കാക്കുണ്ട്, പി.ടി ചാക്കോ നഗർ എന്നീ ഇടവകകളിൽ ധ്യാനം നടത്തി.

## ഏകദിന കൺവെൻഷൻ

ഡിസംബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. ശുശ്രൂഷകളിൽ അനേകർ പങ്കെടുത്തു. ഡിസംബർ 2-ാം തീയതി നടന്ന ആദ്യവെള്ളിയാഴ്ച ശുശ്രൂഷ അനേകരെ ക്രിസ്തുമസിന് ഒരുങ്ങാൻ സഹായിച്ചു. ദിവ്യകാരുണ്യ ആരാധനയുടെ അവസാനം നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണം സൗഖ്യദായകമായിരുന്നു.

രാവിലെ 9 മണിക്ക് ആരംഭിച്ച ഏകദിന ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, വിടുതൽ ശുശ്രൂഷ, വി. കുർബാന, വി. കുമ്പസാരം എന്നിവ ഒരുക്കപ്പെട്ടിരുന്നു.

## വി. കുർബാനയും കുമ്പസാരവും

ക്രിസ്തുമസിന്റെ ഒരുക്കത്തിനായി എല്ലാ ദിവസവും വി. കുമ്പസാരം ബഥാനിയായിൽ ക്രമീകരിച്ചിരുന്നു. രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും 3 വിശുദ്ധ കുർബാനകൾ ഉണ്ടായിരുന്നു.

## മാതാവിന്റെ അമലോത്ഭവ തിരുനാൾ

ഡിസംബർ 8-ാം തീയതി പരി. മാതാവിന്റെ അമലോത്ഭവ തിരുനാൾ ബഥാനിയായിൽ ആഘോഷിക്കുകയുണ്ടായി. രാവിലെ 7 മണിമുതൽ രാത്രി 8 മണിവരെ പരി. അമ്മയുടെ സ്തുതികളാലപിച്ചുകൊണ്ടും അമ്മയുടെ മുമ്പിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയും തിരുനാൾ ആഘോഷിച്ചു.

## സ്പിരിചൽ ഷെയറിങ്ങ്

എല്ലാ വെള്ളിയാഴ്ചകളിലും സ്പിരിചൽ ഷെയറിങ്ങ് നടക്കുന്നു. വെള്ളിയാഴ്ചകളിൽ രാവിലെ 9 മണിയോടെ ആരംഭിക്കുന്ന ഈ ശുശ്രൂഷയിൽ പ്രത്യേകം പരിശീലനം ലഭിച്ച ബഹു. സമർപ്പിതരും ആത്മായരുമാണ് നേതൃത്വം നൽകുന്നത്.

## ശുശ്രൂഷകരുടെ കൂട്ടായ്മ

10-ാം തീയതി ബഥാനിയായിലെ ശുശ്രൂഷകൾ ഒരുമിച്ച് ചേർന്ന് കഴിഞ്ഞ നാളുകളിൽ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും വരും നാളുകളിലേക്ക് ആവശ്യമായ ആത്മീയ കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയുമുണ്ടായി.

## മദ്ധ്യസ്ഥ പ്രാർത്ഥന

പതിവുപോലെ ഈ മാസവും എല്ലാ ദിവസവും ബഥാനിയായിൽ മദ്ധ്യസ്ഥ പ്രാർത്ഥനയുണ്ടായിരുന്നു. രാവിലെ 9 മണിമുതൽ 3 മണിവരെ നടക്കുന്ന ഈ പ്രാർത്ഥനയിൽ ബഥാനിയ ശുശ്രൂഷകളേയും പങ്കെടുക്കുന്നവരേയും സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. താമരശ്ശേരി രൂപതയ്ക്കുവേണ്ടിയും രൂപതയിലെ എല്ലാ വൈദികർക്കുവേണ്ടിയും സമർപ്പിതർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നു.

## 2023 ജനുവരിമാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 6 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 13 വെള്ളി | - | ഏകദിന കൺവെൻഷൻ<br>ജീവിതവിശുദ്ധീകരണധ്യാനം (13-16) |
| 20 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 21 ശനി | - | ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ |
| 22 വെള്ളി | - | ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

### പച്ച മരുന്ന് നിർമ്മാണം

മൈലെള്ളാംപാറ MCC യുടെനേതൃത്വത്തിൽ പച്ചമരുന്ന് നിർമ്മാണ പരിശീലനം നല്കി 'ചന്ദ്രകലാലേപം' നിർമ്മിച്ചു. അതിൽ ചേർക്കേണ്ട മരുന്നുകളെക്കുറിച്ചും, അളവുകളെക്കുറിച്ചും, ഔഷധ ഗുണത്തെക്കുറിച്ചും ക്ലാസ് നടത്തി. COD ഏരിയ കോ ഓർഡിനേറ്റർ ത്രേസിയാമ്മ തോമസ് നേതൃത്വം നല്കി .

### വിനോദയാത്ര നടത്തി

കൂരാച്ചുണ്ട് വയോജന കൂട്ടായ്മയുടെ (AFMA) നേതൃത്വത്തിൽ വിനോദയാത്ര നടത്തി. ബേപ്പൂർ ബോട്ട് യാത്ര, കോഴിക്കോട് അണ്ടർ വാട്ടർ ടണൽ, അക്വോറിയം, ബീച്ച് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു കാഴ്ചകൾ കണ്ടു. ഏരിയകോ ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ, AFMA പ്രസിഡന്റ് ജോസഫ് എളംപ്ലാശ്ശേരിയിൽ എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി.

### സി.ഒ.ഡി. സ്ഥാപക ദിനാചരണം

താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സെന്റർ ഫോർ ഓവർ ഓൾ ഡെവലപ്മെന്റ് (സി.ഒ.ഡി) സ്ഥാപക ദിനം വിവിധ കർമ്മ പരിപാടികളോടെ ആഘോഷിച്ചു. സി.ഒ.ഡി യുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമവികസന സമിതികളും, സ്വാശ്രയ സംഘങ്ങളും ജനപങ്കാളിത്തത്തോടെ സമാഹരിച്ച പണവും, നിത്യോപയോഗ സാധനങ്ങളും, വസ്ത്രങ്ങളും ഉൾപ്പെടെ 2 ലക്ഷത്തിനു മുകളിൽ വരുന്ന സഹായ പ്രവർത്തങ്ങൾ വിവിധ രൂപതയുടെ പ്രദേശങ്ങളിൽ നടത്തി. COD ഏരിയ കോ-ഓർഡിനേറ്റേർസ് നേതൃത്വം നല്കി.

പുതുപ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ സി.ഒ.ഡി. സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി പുല്ലാഞ്ഞിമേടുള്ള യേശുഭവൻ സന്ദർശിച്ചു സാമ്പത്തിക സഹായം, ഭക്ഷ്യ വസ്തുക്കൾ, വസ്ത്രങ്ങൾ എന്നിവ നല്കി. അവിടെയുള്ള അന്തേവാസികളുമായി സഹകരിച്ചു കലാപരിപാടികൾ നടത്തി. അവരുമായി സ്നേഹം പങ്കുവെച്ചു. GVS ഭാരവാഹികൾ, COD ഏരിയ കോ-ഓർഡിനേറ്റർ എന്നിവർ നേതൃത്വം നല്കി. സൗഹൃദ സന്ദർശനം പുതിയ ഒരു അനുഭവം ആയിരുന്നു എന്ന് സംഘടന ഭാരവാഹികൾ അറിയിച്ചു.

വെറ്റിലപ്പാറ, തോട്ടുമുക്കം ഗ്രാമ വികസന സമിതികൾ COD സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി തൂവൂർ അനാഥാലയം സന്ദർശിച്ചു ഭക്ഷ്യ വസ്തുക്കൾ, വസ്ത്രങ്ങൾ എന്നിവ നല്കി. അന്തേവാസികളുമായി സൗഹൃദം പങ്കുവെക്കുകയും ചെയ്തു. GVS ഭാരവാഹികൾ, COD ഏരിയ കോ-ഓർഡിനേറ്റർ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു. കൂടരഞ്ഞി ഗ്രാമ വികസന സമിതി അവരുടെ പ്രവർത്തന പരിധിയിൽ വരുന്ന രണ്ട് നിർധന കുടുംബങ്ങൾക്കു സാമ്പത്തിക സഹായം നല്കി.

COD സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി പര്യാപുരം, ചീരട്ടാമല, വെള്ളില ഗ്രാമ വികസന സമിതികൾ പാലൂർകോട്ട കാരുണ്യ സദൻ സന്ദർശിക്കുകയും സാമ്പത്തിക സഹായം നല്കുകയും ചെയ്തു. പാലൂർകോട്ട, ആനക്കയം ഗ്രാമ വികസന സമിതികൾ നിർധനരായ രോഗികൾക്ക് സാമ്പത്തിക സഹായം നല്കി.

COD സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി മരുതോങ്കര, ചക്കിട്ടപാറ ഗ്രാമ വികസന സമിതികൾ മേരിക്കുന്നു കരുണാഭവൻ സന്ദർശിച്ചു അവർക്കു വേണ്ട സാമ്പത്തിക സഹായവും, നിത്യോപ യോഗ സാധനങ്ങളും നല്കി. അവിടെയുള്ള അന്തേവാസികളുമായി സൗഹൃദം പങ്കുവെക്കുകയും ചെയ്തു. കരിങ്ങാട് ആരാധന മഠം സിസ്റ്റർ ടെസീന, COD ഏരിയ കോ-ഓർഡിനേറ്റർ, GVS ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു. സന്ദർശനം ഏറെ സന്തോഷകരമായിരുന്നു എന്ന് എല്ലാവരും പറയുകയുണ്ടായി.

COD സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി കോടഞ്ചേരി ഗ്രാമ വികസന സമിതി കോടഞ്ചേരി, കണ്ണോത്ത് എന്നിവിടങ്ങളിലെ വൃദ്ധ മന്ദിരങ്ങൾ സന്ദർശിച്ചു അവിടെയുള്ള അന്തേവാസികളുമായി കേക്ക് മുറിച്ചു സൗഹൃദം പങ്കുവെക്കുകയും, സാമ്പത്തിക സഹായം നല്കുകയും ചെയ്തു. COD ഏരിയ കോ-ഓർഡിനേറ്റർ, GVS ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

തിരുവമ്പാടി ഗ്രാമ വികസന സമിതി COD സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി തിരുവമ്പാടി സ്നേഹാലയം സന്ദർശിച്ചു. അവർക്കു വേണ്ട വസ്ത്രങ്ങൾ വാങ്ങി നൽകുകയും അവരോടൊപ്പം ഉച്ച ഭക്ഷണം കഴിക്കുകയും ചെയ്തു. COD ഏരിയ കോ-ഓർഡിനേറ്റർ, GVS ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

COD സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി കൂരാച്ചുണ്ട്, കായണ്ണ ഗ്രാമ വികസന സമിതികൾ കൂരാച്ചുണ്ട് സെന്റ് ജോസഫ് ഓൾഡ് ഏജ് ഹോം സന്ദർശിച്ചു അവർക്കു വേണ്ട സാമ്പത്തിക സഹായം നല്കുകയും ചെയ്തു. COD ഏരിയ കോ-ഓർഡിനേറ്റർ, GVS ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

COD യുടെ 33-ാം സ്ഥാപക ദിനത്തോടനുബന്ധിച്ചു ഓഫീസിൽ നടന്ന കൂട്ടായ്മയിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ്.കെ.സി. ഏരിയ കോഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ് എന്നിവർ ചേർന്ന് കേക്ക് മുറിച്ചു ആഘോഷിച്ചു. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ ആശംസ പ്രസംഗം നടത്തി. GVSന്റെ നേതൃത്വത്തിൽ അഗതി മന്ദിരങ്ങൾ സന്ദർശിക്കുയും സഹായം നൽകുകയും മറ്റു വിവിധ സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തുകയും അതിനായ് എല്ലാ കാര്യങ്ങളും ഒരുക്കുകയും ചെയ്ത ഏരിയ കോഓർഡിനേറ്റർമാർക്കും എല്ലാ GVS, MCC, SHG അംഗങ്ങൾ എന്നിവർക്ക് ഡയറക്ടർ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

### പ്രമേഹ ദിനാചരണം

പുതുപ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സഹകരണത്തോടെ പ്രമേഹ ദിനാചരണത്തിന്റെ ഭാഗമായി 'ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പും' സെമിനാറും നടത്തി. പുതുപ്പാടി ഗ്രാമവികസന സമിതി ഓഫീസിൽ വച്ച് നടത്തിയ പരിപാടിയിൽ പുതുപ്പാടി ഹെൽത്ത് ഇൻസ്പെക്ടർ വിജേഷ് ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സിസ്റ്റർ ജയശ്രീ ക്യാമ്പിന് നേതൃത്വം നല്കി. 62 അംഗങ്ങളെ പരിശോധിച്ചു 9 പുതിയ രോഗികളെ കണ്ടെത്താൻ കഴിഞ്ഞു. ഭക്ഷണ രീതികൊണ്ടും, വ്യായാമം കൊണ്ടും പ്രേമേഹത്തെ നിയന്ത്രിക്കാൻ കഴിയും എന്ന് സെമിനാറിൽ പറയുകയുണ്ടായി. COD ഏരിയ കോ-ഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ് പരിപാടിക്ക് നേതൃത്വം നല്കി.

കായണ്ണ ഗ്രാമവികസന സമിതി കായണ്ണ കയർ സെന്ററിൽ വച്ച് പ്രേമേഹ രോഗ നിർണ്ണയ ക്യാമ്പും, സെമിനാറും നടത്തി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കെ.പി. പങ്കജാക്ഷൻ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ഹെൽത്ത് നേഴ്സ് ശ്രീമതി ബുഷ്റ കെ.കെ. രോഗ നിർണ്ണയ ക്യാമ്പിന് നേതൃത്വം നല്കി. ആശാവർക്കർ സീമ സഹായിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ, GVS ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

വെറ്റിലപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ പ്രമേഹ രോഗ നിർണ്ണയ ക്യാമ്പും, ബോധവത്കരണ സെമിനാറും നടത്തി. വെറ്റിലപ്പാറ CHC യിലെ വിജിഷ ക്ലാസ്സുകൾക്കും, ക്യാമ്പിനും നേതൃത്വം നല്കി. COD ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി, മേഴ്സി ജെയിംസ് എന്നിവർ പ്രസംഗിച്ചു.

അങ്ങാടിപ്പുറം ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ പര്യാപുരം പാരിഷ് ഹാളിൽ വച്ച്, ബോധവത്കരണ സെമിനാറും, ജീവിത ശൈലീ രോഗ നിർണ്ണയ ക്യാമ്പും നടത്തി. ഹെൽത്ത് ഇൻസ്പെക്ടർ സുബ്രമണ്യൻ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആൻസി റോബിൻ ക്യാമ്പിന് നേതൃത്വം നല്കി. COD ഏരിയ കോ-ഓർഡിനേറ്റർ തങ്കമ്മ സേവ്യർ, GVS സെക്രട്ടറി സിബിമോൾ എന്നിവർ സംസാരിച്ചു.

ചെമ്പുകടവ് MCC യുടെ നേതൃത്വത്തിൽ പ്രമേഹ ദിനാചരണവും, MCC വാർഷികവും നടത്തി. പരിപാടിയുടെ ഉദ്ഘാടനംകോടഞ്ചേരി ഗ്രാമപഞ്ചായത്തു 3-ാം വാർഡ് മെമ്പർ വനജ വിജയൻ നിർവഹിച്ചു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഷീന ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. പ്രഷർ പരിശോധനയും നടത്തി. COD ഏരിയ കോ-ഓർഡിനേറ്റർ സോളി ബെന്നി, ലിലി സേവ്യർ, പൗളി ചാക്കോ എന്നിവർ പ്രസംഗിച്ചു.

### മൃഗസംരക്ഷണം

പെരുവണ്ണാമൂഴി കൃഷി വിഞ്ജാന കേന്ദ്രത്തിന്റെ സഹായത്തോടെ COD താമരശ്ശേരി, കൂരാച്ചുണ്ട് ഗ്രാമവികസന സമിതിയുടെ സഹകരണത്തോടെ 'ശാസ്ത്രീയ രീതിയിൽ പശു പരിപാലനം' എന്ന വിഷയത്തിൽ സെമിനാർ നടത്തി . കൃഷി വിഞ്ജാന കേന്ദ്രം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. ഷണ്മുഖവേൽ ക്ലാസ് എടുത്തു. പ്രസ് തുത യോഗത്തിൽ MCC സെക്രട്ടറി മാത്യൂ ആന്റോ അധ്യക്ഷനാവുകയും, COD ഏരിയ കോഓർഡിനേറ്റർമാരായ മോളി സെബാസ്റ്റ്യൻ, ഷാജി പോൾ, MCC പ്രസിഡന്റ് ടോം അലക്സ് എന്നിവർ പ്രസംഗിച്ചു.

### ശിശുദിനം

കൂരാച്ചുണ്ട് ഗ്രാമവികസന സമിതി എരപ്പാൻതോട് അങ്കണവാടിയുമായി ചേർന്ന് ശിശുദിനം ആഘോഷിച്ചു. പഞ്ചായത്തു പ്രസിഡന്റ് പോളി കാരക്കട പരിപാടി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് അംഗം സണ്ണി പുതിയകുന്നേൽ, COD ഏരിയ കോഓർഡിനേറ്റർമോളി സെബാസ്റ്റ്യൻ, അങ്കണവാടി വർക്കർ നിർമല സെലിൻ തോമസ് എന്നിവർ പ്രസംഗിച്ചു.

### ആശാകിരണം

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി COD താമരശ്ശേരിയും, മലബാർ കാൻസർ സെന്റർ (MCC) തലശ്ശേരിയും, പുല്ലാഞ്ഞിമേടുള്ള യേശുഭവൻ MSJ സിസ്റ്റെഴ്സിന്റെ സഹായത്തോടെ നവംബർ 10 ന് പുല്ലാഞ്ഞിമേട് യേശുഭവനിൽ നടത്തപ്പെട്ടു. ക്യാമ്പിൽ 20 പേർ പങ്കെടുത്തു. അടുത്ത ക്യാമ്പ് ഡിസംബർ 15ന് നടത്തപ്പെടും.

### ജല ജീവൻ പദ്ധതി

### ഗാർഹിക കണക്ഷൻ പ്രവൃത്തി

തിരുവമ്പാടി ഗ്രാമപഞ്ചായത്തു ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതിയായ ജല ജീവൻ പദ്ധതിയുടെ ഗാർഹിക കണക്ഷൻ പാതിരാ മണ്ണിൽ ലിന്റോ ജോസഫ് എം.എൽ.എ. പ്രവർത്തി ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമപഞ്ചായത്തു പ്രസിഡന്റ് മേഴ്സി പുളിക്കാട്ട് അധ്യക്ഷത വഹിച്ചു. 9 മാസം കൊണ്ട് എല്ലാ വീടുകളിലും ശുദ്ധജലം ലഭ്യമാക്കുകയാണ് ലക്ഷ്യം. പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർ അരുൺ, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സലിം, കെ.എ. അബ്ദുറഹിമാൻ, ലിസി എബ്രഹാം രാമചന്ദ്രൻ കരിമ്പിൽ, ജല ജീവൻ ടീം ലീഡർ റെനി സാബു എന്നിവർ പ്രസംഗിച്ചു. ജല ജീവൻ പദ്ധതിയുടെ ഭാഗമായി തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചു. ജല ജീവൻ ടീം ലീഡർ റെനി സാബു നേതൃത്വം നല്കി. ജലശ്രീ ക്ലബ്ബിന്റെ ഭാഗമായി സ്കൂൾ തലത്തിൽ ചുമർ ചിത്രകല പരിപാടി സംഘടിപ്പിച്ചു.

### ജല ഗുണനിലവാര പരിശോധന ക്യാമ്പ്

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ജല ഗുണനിലവാര പരിശോധന ക്യാമ്പിന് തുടക്കം കുറിച്ചു. കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി മേരി തങ്കച്ചൻ ക്യാമ്പ് ഉത്ഘാടനം ചെയ്തു, വികസനകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ശ്രീ. ജോസ് തോമസ് മാവറ അദ്ധ്യക്ഷത വഹിച്ചു. മെമ്പർ മാരായ ശ്രീമതി റോസിലി ജോസ്, ശ്രീ. വി. എസ്. രവീന്ദ്രൻ, ശ്രീമതി ജെറീന റോയ്, ശ്രീമതി മോളി തോമസ് എന്നിവർ ആശംസ അറിയിച്ച പരിപാടിയിൽ കേരള വാട്ടർ അതോറിറ്റിയിലെ ക്വാളിറ്റി മാനേജർ ശ്രീ വിനോദ് കുമാർ എം. ജി. മുഖ്യ പ്രഭാഷണം നടത്തി. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിൽ നിന്നും നിരവധി ആളുകൾ വെള്ളം പരിശോധിക്കുന്നതിനായി ക്യാമ്പിൽ എത്തി. ടീം ലീഡർ ക്രിസ്റ്റീന കുര്യാക്കോസ് ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് എങ്ങനെ വെള്ളം പരിശോധിക്കണമെന്നുള്ള ക്ലാസ്സ് നൽകി . ആശാ വർക്കർമാർ, ഹരിത കർമ്മ സേന പ്രതിനിധികൾ, അംഗൻവാടി ജീവനക്കാർ, വാർഡ് മെമ്പർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നല്കി. COD ISA പ്രതിനിധികൾ എന്നിവരും പങ്കെടുത്തു.

### മറ്റു പരിപാടികൾ

ഇന്ത്യയിലെ ആദ്യ ബ്രാൻഡഡ് ഹോം ഫുഡ് പ്ലാറ്റ്ഫോം 'ഷീറോ' ഫൗണ്ടർമാർ തിലക് വെങ്കടസാമി, എ ജയശ്രീ എന്നിവർ COD ഓഫീസ് സന്ദർശിച്ചു. COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ, COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി. എന്നിവരുമായി ചർച്ചകൾ നടത്തി. 2020 ൽ ചെന്നൈ ആസ്ഥാനമായി ഷീറോ ഹോം ഫുഡ് എന്ന സ്റ്റാർട്ടപ്പ്തുടങ്ങിയത്. ഒരു അടുക്കള വിപ്ലവത്തിന് തുടക്കം കുറിക്കുകയാണ് ഇതിന്റെ ലക്ഷ്യം. വീടുകളിലുണ്ടാക്കുന്ന രുചിയൂറുന്ന വൈവിധ്യങ്ങൾ ഓൺലൈനായി ബുക്ക് ചെയ്ത് ഡെലിവറി പ്ലാറ്റ്ഫോമുകളിലൂടെ അവ നമുക്ക് മുന്നിലെത്തും. ദക്ഷിണേന്ത്യയിൽ പലയിടത്തും വിജയകരമായി പരീക്ഷിച്ച ശേഷമാണ് ഷീറോ കേരളത്തിലെത്തുന്നത്. പരിശീലനം മുതൽ ലെസൻസിങ്ങും വിപണനവും വിതരണവും ഗുണനിലവാരം ഉറപ്പാക്കുന്നതും വരെ നീളുന്നു ഈ പ്ലാറ്റ്ഫോം മുന്നോട്ടുവയ്ക്കുന്ന സേവനങ്ങൾ.

നബാർഡ് DDM മുഹമ്മദ് റിയാസ് സർ, COD ഏരിയ കോ ഓർഡിനേറ്റർ ഉഷ ജോണി, വിലങ്ങാട് ഗ്രാമ വികസന സമിതി പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ അടുപ്പിൻ-ST കോളനിസന്ദർശിക്കുകയും അവരുടെ ജീവിതനിലവാരം വിലയിരുത്തുകയും ചെയ്തു.

പോണ്ടിച്ചേരി കസ്തൂർബാ ഗാന്ധി കോളേജ്, സുൽത്താൻ ബത്തേരി ഡോൺബോസ്കോ കോളേജ് എന്നിവിടങ്ങളിലിൽ നിന്ന് സോഷ്യൽ സർവീസ്

സ്റ്റുഡന്റ്സും അദ്ധ്യാപകരും ഒരു ദിവസത്തെ ഓറിയന്റേഷൻ വിസിറ്റിനു COD ഓഫിസ് സന്ദർശിച്ചു. COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ സ്വാഗതം ചെയ്തു പ്രസംഗിച്ചു. COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി., ജെൽ ജീവൻ പദ്ധതി കോ-ഓർഡിനേറ്റർ ആൽബിൻ ടോമി, കാവൽ പദ്ധതി കേസ് വർക്കർ ടീന വിൽസൺ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. എ.ഡബ്ല്യൂ.എ. കോളേജ് കല്ലായി, സെന്റ് അലോഷ്യസ് കോളേജ് മംഗളൂരു, എന്നിവിടങ്ങളിൽ നിന്നായി എം.എസ്.ഡബ്ല്യൂ. കുട്ടികൾ കോഴ്സിന്റെ ഭാഗമായി ഒരു മാസത്തെ പരിശീലനം നേടി.

സി.ഒ.ഡി. യുടെ നേതൃത്വത്തിൽ കനറാ ബാങ്ക് താമരശേരിയുടെ സഹായത്തോടെ ഗ്രാമ വികസന സമിതിയുമായി ചേർന്ന് വിവിധ സ്ഥലങ്ങളിൽ JLG 'S ക്യാമ്പ് നടത്തി. COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ, COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി, കനറാ ബാങ്ക് താമരശേരി ഫീൽഡ് ഓഫീസർ അമൃത മാഡം, COD ഏരിയ കോ-ഓർഡിനേറ്റർസ് എന്നിവർ നേതൃത്വം നല്കി.

### മദർ തെരേസ IELTS & OET ട്രെയിനിംഗ് സെന്റർ

മദർ തെരേസ IELTS & OET ട്രെയിനിംഗ് സെന്റർ പുതുപ്പാടി ന്യൂ ഇയർ പ്രമാണിച്ചു നൽകുന്ന പ്രത്യേക സൗജന്യ പാക്കേജുകൾ

* എക്സാം ബാച്ചിന് പ്രത്യേക ഇന്റൻസിവ് ക്രാഷ് കോഴ്സ്
* വിദേശ ജോലിക്കായുള്ള ഇന്റർവ്യൂ ട്രെയിനിംഗ്
* പ്ലേയ്സ്മെന്റ് സഹായം
* വിദേശ നഴ്സിംഗ് കൗൺസിൽ റെജിസ്ട്രേഷൻ (NMBI, NMC, Etc...)
* IELTS, OET അടിസ്ഥാന ഗ്രാമർ സെഷൻസ്

(Contact NO : 9072308050, 9447886341)

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# യേശുനിധി

21.11.2022 മുതൽ 20.12.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Kakkadampoil | 10,000.00 |
| 2 | Kakkadampoil | 10,000.00 |
| 3 | Kodanchery | 15,000.00 |
| 4 | Mavoor | 5,000.00 |
| 5 | Muthukad | 10,000.00 |
| 6 | Panamplave | 15,000.00 |
| 7 | Puthuppady | 10,000.00 |
| 8 | Thiruvambady | 20,000.00 |
| 9 | Thottumukkam | 15,000.00 |
| 10 | Tirur | 15,000.00 |
| 11 | Vettilappara | 7,000.00 |
| 12 | Vilangad | 10,000.00 |

**Home**

| | | |
|---|---|---|
| 13 | Karikandanpara | 10,000.00 |
| 14 | Kariyathumpara | 15,000.00 |
| 15 | Kattipara | 15,000.00 |
| 16 | Kunnamangalam | 20,000.00 |
| 17 | Poilomchal | 15,000.00 |
| 18 | Thottumukkam | 20,000.00 |
| 19 | Vayalada | 10,000.00 |
| 20 | Vayalada | 20,000.00 |
| 21 | Venappara | 20,000.00 |

**Medical**

| | | |
|---|---|---|
| 22 | Abhayagiri | 8,000.00 |
| 23 | Adackakundu | 15,000.00 |
| 24 | Anackampoil | 12,000.00 |
| 25 | Balussery | 15,000.00 |
| 26 | Chappanthottam | 10,000.00 |
| 27 | Erude | 15,000.00 |
| 28 | Kakkadampoil | 8,000.00 |
| 29 | Kakkadampoil | 5,000.00 |
| 30 | Kakkadampoil | 10,000.00 |
| 31 | Kakkadampoil | 5,000.00 |
| 32 | Kakkavayal | 10,000.00 |
| 33 | Kallurutty | 15,000.00 |
| 34 | Kannoth | 15,000.00 |
| 35 | Karuvarakundu | 10,000.00 |
| 36 | Kattipara | 10,000.00 |
| 37 | Koodaranji | 15,000.00 |
| 38 | Koodaranji | 20,000.00 |
| 39 | Koodathai | 10,000.00 |
| 40 | Kuttipuram | 20,000.00 |
| 41 | Kuttipuram | 5,000.00 |
| 42 | Mavoor | 10,000.00 |
| 43 | Muthukad | 10,000.00 |
| 44 | Panamplave | 15,000.00 |
| 45 | Puthuppady | 10,000.00 |
| 46 | Thamarassery | 10,000.00 |
| 47 | Theyyappara | 20,000.00 |
| 48 | Thiruvambady | 15,000.00 |
| 49 | Valiyakolly | 25,000.00 |
| 50 | Vayalada | 15,000.00 |

**Marriage**

| | | |
|---|---|---|
| 51 | Paropady | 20,000.00 |

**Total 6,70,000.00**

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**നവംബർ 2022**

26,27 വിലങ്ങാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

27 ഉച്ചകഴിഞ്ഞ് വിലങ്ങാട് ഫൊറോനയിലെ കുടുംബ കൂട്ടായ്മകളുടെ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു.

28 രാവിലെ കല്ലാനോട് വി. കുർബാന അർപ്പിച്ചു. തുടർന്ന് ഇടവക സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഇടവക നിർമ്മിച്ചു നൽകിയ വീട് വെഞ്ചരിച്ചു.

ചെമ്പുകടവ് ഇടവകയിൽ പരേതനായ പനയ്ക്കൽ പാപ്പച്ചനു വേണ്ടി വീട്ടിൽ ചെന്ന് ഒപ്പീസ് ചൊല്ലി.

പുതുപ്പാടി ഇടവക ഒരു കുടുംബത്തിനു നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.

പെരിന്തൽമണ്ണയിൽ റീജിയണൽ പാസ്റ്ററൽ സെന്റർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിക്കുകയും പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ് തു.

വൈകുന്നേരം, പെരിന്തൽമണ്ണ ഇടവക ഒരു കുടുംബത്തിനു നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.

29 വൈകുന്നേരം, ബഹു. അബ്രാഹം വയലിൽ അച്ചന്റെ പൗരോഹിത്യ സ്വീകരണ ത്തിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് കുപ്പായക്കോട് ഇടവകയിൽ ദിവ്യബ ലിയർപ്പിക്കുകയും അനുമോദന സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

30 രാവിലെ, മറീന മോട്ടോർസ് താമരശ്ശേരിയിൽ ആരംഭിച്ച ഷോറൂം വെഞ്ചരിച്ചു.

വൈകുന്നേരം, കണ്ണോത്ത് ഇടവകയുടെ പ്ലാറ്റിനം ജൂബിലിയോട നുബന്ധിച്ച് ദിവ്യ ബലിയർപ്പിക്കുകയും തിരുനാളിനു കൊടിയേറ്റുകയും ചെയ്തു.

**ഡിസംബർ**

2-5 കാനഡയിലുള്ള വാൻകൂവർ സീറോമലബാർ ഇടവകയിൽ വാർഷിക ധ്യാനം നടത്തി.

13 രാവിലെ രൂപതാഭവനിൽ 12-ാമത് വൈദിക സമിതിയുടെ ആദ്യ സമ്മേളനം ഉദ്ഘാ ടനം ചെയ്തു.

അൽഫോൻസ കോളേജ് ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, ആനിക്കാംപൊയിൽ ഇടവകയിലുള്ള ബഹു. ജേക്കബ് പ്ലാക്കൂട്ടത്തിൽ അച്ചന്റെ പിതാവ് വർഗ്ഗീസ് പ്ലാക്കൂട്ടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, കത്തീഡ്രൽ ഇടവകയിൽ ഈങ്ങാപ്പുഴ ഇടവകാംഗമായ പരേത നായ പുളിക്കേക്കര കുട്ടിച്ചേട്ടന്റെ ഓർമ്മയ്ക്കായ് ദിവ്യബലിയർപ്പിച്ചു.

14 ഉച്ചകഴിഞ്ഞ്, കരുവാരകുണ്ട് ഇടവകയിൽ പുതുതായി നവീകരിച്ച മദ്ബഹ പുനർകൂദാശ ചെയ്യുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

വൈകുന്നേരം, ഇൻഫാം നാഷണൽ എക്സിക്യുട്ടീവ് കമ്മറ്റി മീറ്റിങ്ങിൽ ഓൺലൈനായി പങ്കെടുത്തു.

15 രാവിലെ മരുതോങ്കരയിൽ, നിര്യാതയായ അന്നമ്മ തോമസ് പാംപ്ലാനിക്കുവേണ്ടി വീട്ടിൽ ചെന്ന് ഒപ്പീസ് ചൊല്ലി.

ഉച്ചകഴിഞ്ഞ്, മഞ്ഞുവയൽ ഇടവകയിൽ നവീകരിച്ച ദേവാലയം പുനർകൂദാശ ചെയ്തു.

16 രാവിലെ, കോഴിക്കോട് ആകാശവാണിയിൽ ക്രിസ്തുമസ് സന്ദേശം റെക്കോഡ് ചെയ്തു.

ഉച്ചയ്ക്ക്, നെന്മേനി എൽപി സ്കൂളിന് പുതുതായി നിർമ്മിക്കുന്ന സ്കൂൾ കെട്ടിടത്തിന് തറക്കല്ലിട്ടു.

വൈകുന്നേരം, പെരിന്തൽമണ്ണ ഇടവകയിൽ സായാഹ്ന കൺവെൻഷനിൽ പങ്കെടുക്കുന്നവർക്കായി ദിവ്യബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

17 രാവിലെ, പുല്ലാഞ്ഞിമേട് ഒയാസിസ് ക്യാമ്പസിൽ കെ.സി.വൈ.എം.-എസ്.എം.വൈ.എം. ന്റെയും എം.എസ്.ജെ. സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ നടത്തിയ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

രൂപതാഭവനിൽ, 12-ാമത് പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, മുക്കം അഗസ്ത്യമൂഴിയിൽ പള്ളോട്ടി സ്കൂൾ സ്ഥാപിതമായതിന്റെ രജതജൂബിലിയോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ പ്രധാന അതിഥിയായി പങ്കെടുത്തു.

17-20 തിരുവമ്പാടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

18 ഉച്ചകഴിഞ്ഞ് കത്തീഡ്രൽ ദൈവാലയത്തിൽ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

19 ഉച്ചകഴിഞ്ഞ്, കൂരാച്ചുണ്ടിൽ, വന്യജീവി സങ്കേതങ്ങൾക്കു ചുറ്റും ഒരു കിലോമീറ്റർ വായുദൂരം ഋടദ ആയി പ്രഖ്യാപിക്കുന്നതിന് ഒരുക്കമായി സർക്കാർ പ്രസിദ്ധീകരിച്ച ഉപഗ്രഹ സർവ്വേയിൽ ജനവാസകേന്ദ്രങ്ങൾ ഉൾപ്പെട്ടതിൽ പ്രതിഷേധിച്ച് കേരള കർഷക അതിജീവന സംയുക്ത സമിതി (ഗഗഅടട) സംഘടിപ്പിച്ച കർഷക സമ്മേളനം ഉദ്ഘാടനം ചെയ്തു.

20 രാവിലെ ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

രൂപതാ ഭവനിൽ നടന്ന വൈദികരുടെ ക്രിസ്തുമസ് മാസധ്യാനത്തിൽ സംബന്ധിച്ചു.

21 രാവിലെ മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.

ഈ വർഷം രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിക്കുന്ന ഡീക്കന്മാരും അവരുടെ മാതാപിതാക്കളുമൊപ്പം രൂപതാഭവനിൽ കൂടികാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, ദീപിക കോഴിക്കോട് യൂണിറ്റിന്റെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം, മൈനർ സെമിനാരിയിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

22 രാവിലെ കാക്കവയൽ ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും, ഇടവകയുടെ രജതജൂബിലിയോടനുബന്ധിച്ച് ഒരു കുടുംബത്തിന് നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന 4 ഡീക്കന്മാരുടെ ഭവനം സന്ദർശിച്ചു പ്രാർത്ഥിക്കുകയും പൗരോഹിത്യ സ്വീകരണത്തിനുള്ള ഒരുക്കങ്ങൾ വിലയിരുത്തുകയും ചെയ്തു.

വൈകുന്നേരം, മൈനർ സെമിനാരിയിൽ മേജർ സെമിനാരിക്കാരുമായി കൂടിക്കാഴ്ച നടത്തി.

23 രാവിലെ മൈനർ സെമിനാരിയിൽ മേജർ സെമിനാരി വൈദികവിദ്യാർത്ഥികൾക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

വൈകുന്നേരം, കോൺഗ്രസ് പ്രദേശ് കമ്മിറ്റി താമരശ്ശേരിയിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

വൈകുന്നേരം, ഫിലിപ്പ് നേരി സന്യാസിനി സമൂഹത്തിലെ അംഗങ്ങൾക്ക് ക്ലാസ്സ് എടുക്കുകയും ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തു.

24 രാവിലെ, കോടഞ്ചേരി മിണ്ടാമഠം കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, പയ്യനാട് ഇടവകയിൽ ആകസ്മികമായി നിര്യാതനായ മൂലയിൽ ജിബിന്റെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

25 കത്തീഡ്രൽ ദൈവാലയത്തിൽ പാതിരാ കുർബാനയ്ക്ക് നേതൃത്വം നൽകി.

26 രാവിലെ, വേനപ്പാറയിൽ മൈനർ സെമിനാരി ജീവനക്കാരനു നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.

പുല്ലൂരാംപാറയിൽ ഒരു ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, കോഴിക്കോട് പ്രസന്റേഷൻ പ്രൊവിൻഷ്യൽ ഹൗസിൽ ആരംഭിക്കുന്ന സിനാക്സിസിൽ സംബന്ധിക്കുന്നവർക്കുവേണ്ടി ദിവ്യബലി അർപ്പിച്ചു.

27 രാവിലെ, പുല്ലൂരാംപാറ ഇടവകയിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന കോയിപ്പുറത്ത് ജേക്കബ്, മ്ശംശാന ജോസഫ് പന്തലാടിക്കൽ എന്നിവർക്ക് പൗരോഹിത്യ പട്ടം നൽകി.

തിരുവമ്പാടിയിൽ ദിവ്യബലിയർപ്പിച്ച് ഒരു കുഞ്ഞിന് ആദ്യകുർബാന നൽകി. ഒരു ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, മൈനർ സെമിനാരിയിൽ അൾത്താര ബാലന്മാർക്കുള്ള ക്ലാസ്സിൽ സംബന്ധിക്കുന്നവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

28 രാവിലെ, മരിയാപുരം ഇടവകയിൽ വിൻസെൻഷ്യൻ സന്ന്യാസ സമൂഹാംഗമായ മ്ശംശാന ജോബ് പുതുപ്പറമ്പിലിന് തിരുപ്പട്ടം നൽകി.

ഉച്ചകഴിഞ്ഞ്, ചേവരമ്പലം സ്റ്റാർട്ടിൽ യുറേക്കാ മൊമെന്റ് ട്രെയിനിംഗ് ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളെ അഭിസംബോധന ചെയ്തു.

29 രാവിലെ, ചുണ്ടത്തുംപൊയിൽ ഇടവകയിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ജോസഫ് വിലങ്ങുപാറയ്ക്ക് പൗരോഹിത്യ പട്ടം നൽകി.

കല്ലാനോട് ഇടവകയിൽ ജൂബിയോടനുബന്ധിച്ച് നടത്തിയ സമർപ്പിത സംഗമത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് എംഎസ്ജെ പ്രൊവിൻഷ്യൽ ഹൗസിൽ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി ആഘോഷിക്കുന്നവർക്കായി ദിവ്യബലി അർപ്പിച്ചു.

30 രാവിലെ, കൂടരഞ്ഞി ഇടവകയിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ജോർജ്ജ് കരിന്തോളിലിന് പൗരോഹിത്യ പട്ടം നൽകി.

പുല്ലൂരാംപാറ ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

ഉച്ചകഴിഞ്ഞ്, താമരശ്ശേരിയിൽ നടന്ന മലബാർ യുവജനസംഗമത്തിൽ കേന്ദ്ര ഐറ്റി വകുപ്പ് മന്ത്രി ശ്രീ. രാജീവ് ചന്ദ്രശേഖറിനോടൊപ്പം സംബന്ധിച്ചു.

വൈകുന്നേരം, അടയ്ക്കാക്കുണ്ട് ഇടവകയിൽ ബഹു. ജോസഫ് കൂനാനിയച്ചന്റെ രജതജൂബിലിയോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

31 കോടഞ്ചേരി ഇടവകയിൽ 4-ാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശ നൽകി.

താമരശ്ശേരി പാസ്റ്ററൽ സെന്ററിൽ നടന്ന മതാധ്യാപക സമ്മേളനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.



# “There is light even in our darkest hour”



Pope recalls that the Apostle Paul encouraged the Thessalonian community to remain steadfast. Likewise he says, "when tragic events seem to overwhelm our lives, we are called to keep our hearts open to hope and to trust in God, who makes himself present, accompanies us with tenderness, sustains us in our weariness and, above all, guides our path."

There is light even in the darkest hour, says Pope Francis, before going on to use the Covid-19 pandemic as an example: "The pandemic seems to have upset even the most peaceful parts of our world, and exposed any number of forms of fragility."

Three years later, he stresses, "the time is right to question, learn, grow and allow ourselves to be transformed as individuals and as communities" reminding us, as he has done before, that "we never emerge the same from times of crisis: we emerge either better or worse."

This experience has made us all the more aware of the need for everyone, including peoples and nations, to restore the word "together" to a central place in our lexicon. Only the peace that comes from a fraternal and disinterested love can help us overcome personal, societal and global crises.

"Our greatest and yet most fragile treasure is our shared humanity as brothers and sisters, children of God. None of us can be saved alone."

*(From World Peace Day Message 2023)*

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 31-12-2022 |



വിശുദ്ധ സെബസ്ത്യാനോസെ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ.

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, Issue 01, January 2023, Pages 92.